KOTTAYAM PUBLIC LIBRARY

Call No. ML P. S. Acc. No. 80988

Author ചന്തുമേനോൻ

Title ഇന്ദുലേഖ

KOTTAYAM PUBLIC LIBR ★ KOTTAYAM

# സാഹിത്യരംഗം.

THE KOTTAYAM PUBLIC LIBRARY. KOTTAYAM TRAVANCORE.
80984 D.M. 2007
2096

ഗ്രന്ഥകർത്താ:
സാഹിത്യനിപുണൻ,
ഡി. പത്മനാഭനുണ്ണി എം. എ.

**Price 1—4—0**

പ്രസാധകൻ,
*P. I. John, Proprietor,*
വിദ്യാർത്ഥിമിത്രം ബുക്കുഡിപ്പോ,
കോട്ടയം.

ML
Pad. S

Printed at the
V. E. Press, Kottayam.
1125

***Copyriyht Reserved.***

# വിഷയവിവരം

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE.

| | | Page |
|---|---|---|
| 1. | പാണ്ഡിത്യവും കവിതയും | 1 |
| 2. | സാഹിത്യപരിവർത്തനം | 16 |
| 3. | നടുവത്തുമഹൻ | 30 |
| 4. | ഭാഷയിലെ മൂന്നു ആഖ്യായികാകർത്താക്കന്മാർ | 45 |
| 5. | സ്വാതന്ത്ര്യസാഹിത്യം | 61 |
| 6. | കൈരളിയുടെ കടപ്പാട് | 71 |
| 7. | ഭാവിഗവേഷണം | 84 |
| 8. | ശ്രീ തുഞ്ചത്തെഴുത്തച്ഛൻ | 104 |
| 9. | മൂകലോകം | 128 |

# സാഹിത്യരംഗം.

## പാണ്ഡിത്യവും കവിത്വവും.

THE KOTTAYAM PUBLIC LIBRARY, KOTTAYAM. TRAVANCORE.

വലിയ പണ്ഡിതന്മാർ എല്ലാവരും കവികളല്ല; വലിയ കവികളെല്ലാപേരും പണ്ഡിതന്മാരുമല്ല. ആംഗ്ലേയഭാഷയിൽ "Poets are Born, not made" "കവികൾ ജാതന്മാരാണു്, കൃതന്മാരല്ല" എന്നു സുപ്രസിദ്ധമായ ഒരു ബുധവാക്യമുണ്ടു്. അഭ്യാസമല്ല, ജന്മസിദ്ധമായ വാസനയാണു് ഒരുവനെ കവിയാക്കിത്തീൎക്കുന്നതെന്നത്രേ അതിന്റെ സാരം. "കവിതാ വനിതാ ചൈവ സ്വയമേവാഗതാ വരാ" എന്ന സംസ്കൃത പദ്യവും ആ അഭിപ്രായത്തെത്തന്നെ പ്രബലപ്പെടുത്തുന്നു. മഹാകവി കാളിദാസൻ അനഭ്യസ്തവിദ്യനായ ഒരു ആട്ടിടയനായിരുന്നത്രേ! ആംഗ്ലേയകവിപുംഗവനായ ഷേക്സ്പീയരെപ്പററിയുള്ള ഐതിഹ്യവും അപ്രകാരംതന്നെ. ജന്മസിദ്ധമായ വാസനയുടെ ബലംകൊണ്ടാണു് രണ്ടുപേരും ലോകമഹാകവികളിൽ അഗ്രിമസ്ഥാനം കൈക്കലാക്കിയതു്. മലയാള മഹാകവികുലോത്തംസമായ പുനംനമ്പൂതിരിക്കു സാമൂതിരിയുടെ സദസ്സിൽ കേവലം 'അരക്കവി"യായി മാത്രമേ അംഗീകരണം സിദ്ധിച്ചിരുന്നുള്ളു. മഹാകവി കുഞ്ചൻ

നമ്പ്യാരുടെ പാണ്ഡിത്യത്തെപ്പററി സംശയിക്കുന്നവർ ഇന്നു പലരുമുണ്ടു്. വെണ്മണി മഹൻ പാണ്ഡിത്യം കൊണ്ടല്ല, വാസനാബലം കൊണ്ടാണു് കവിയശസ്സു സമ്പാദിച്ചതു്. സാമാന്യം ഒരു പണ്ഡിതനായിരുന്ന എഴമാവിൽ കുഞ്ഞൻ നമ്പൂതിരി ചൊല്ലിയ

"വഴിവാട്ടു കഴിച്ചീടാം, വഴിപോലെ രമാപതേ"

എന്ന അർദ്ധശ്ലോകം,

"എഴമാവിലെഴം കുഞ്ഞൻ കഴവേറി നശിക്കണേ"

എന്നു പൂരിപ്പിക്കുന്നതിനു അദ്ദേഹത്തിൻെറ വാസനാബലം തന്നെയാണു് അദ്ദേഹത്തെ സഹായിച്ചതു്. പാണ്ഡിത്യവും വാസനയും തമ്മിലുള്ള വ്യത്യാസം ഈ ശ്ലോകം തന്നെ വെളിപ്പെടുത്തുന്നുണ്ടു്. എവിടെ നോക്കിയാലും കവിതയ്ക്കു പാണ്ഡിത്യത്തേക്കാൾ വാസനയാണു് ഉണ്ടായിരിക്കേണ്ടതെന്നു നിസ്സംശയം പ്രത്യക്ഷപ്പെടുന്നു.

വലിയ പണ്ഡിതന്മാർ വലിയ കവികളായിത്തീന്നിട്ടില്ലെന്നുള്ളതും ഇവിടെ സ്മത്തവ്യമാണു്. മഹാപണ്ഡിതനായിരുന്ന കൈക്കുളങ്ങര രാമവാരിയർ ഒരു കവിയായിരുന്നില്ല. അടുത്തകാലത്തു പരലോകപ്രാപ്തരായ പുന്നാശ്ശേരിനമ്പി, ടി. ഗണപതിശാസ്ത്രി മുതലായവർ വല്ല സംസ്കൃതശ്ലോകമോ, കാവ്യം തന്നെയോ എഴുതിയിരുന്നാലും അവക്കു കവിയശസ്സുസമ്പാദിക്കാൻ കഴിഞ്ഞിട്ടില്ല. ശ്രീമാൻ ആററൂർ കൃഷ്ണപ്പിഷാരടി ഒരു തികഞ്ഞ പണ്ഡിതനായതുകൊണ്ടു് അദ്ദേഹത്തിനു് കവിതയെഴുതുവാൻ സാധിക്കുകയില്ലെന്നു് ചിലർ വി

ചാരിക്കുകയും, അദ്ദേഹത്തിൻെറ ശാകുന്തളം തർജ്ജിമ പുറത്തുവന്നപ്പോൾ അതിലുള്ള പല ശ്ലോകങ്ങളുടേയും അനന്യസാധാരണമായ സുഭഗത കണ്ടു് ആ കൃതി അദ്ദേഹത്തിൻേറതല്ലെന്നു് ചിലർ പരസ്യമായി പ്രസ്താവിക്കയും ചെയ്തിട്ടുണ്ടു്. ഇങ്ങനെ വളരെ ഉദാഹരണങ്ങൾ പാണ്ഡിത്യം കവിതയ്ക്കു് നിദാനമല്ലെന്നുള്ള വിശ്വാസത്തിനു് അവലംബമായി ഉദ്ധരിക്കാവുന്നതാണു്.

ഇത്രമാത്രമല്ല, അഗാധമായ പാണ്ഡിത്യം യഥാർത്ഥകവിതയ്ക്കു പ്രതിബന്ധമാണെന്നും ചിലർ വാദിക്കുന്നുണ്ടു്. മാഘം മുതലായ സംസ്കൃതകാവ്യങ്ങളിലും, രുഗ്മാംഗദചരിതം മുതലായ മലയാളകാവ്യങ്ങളിലും കാണുന്ന ഏകാക്ഷരദ്വ്യക്ഷരശ്ലോകങ്ങളും, പല വിധത്തിലുള്ള ബന്ധങ്ങളും, തൽക്കവികളുടെ പാണ്ഡിത്യത്തെ എത്രമാത്രം വിളംബരം ചെയ്താലും അവ നല്ല കവിതകളാണെന്നു സഹൃദയന്മാർ സമ്മതിക്കുകയില്ല. ഉള്ളൂരിൻെറ കവിതകളിൽ അദ്ദേഹത്തിൻെറ സംസ്കൃതസാഹിത്യപരിചയവും പുരാണവിജ്ഞാനവും പ്രത്യക്ഷമാകുന്നതുകൊണ്ടു് അവ "അപണ്ഡിതന്മാർക്കും അനവധാനന്മാർക്കും" സുഗ്രഹമല്ലാതായിത്തീർന്നിട്ടുണ്ടെന്നു് ചിലർ പറയുന്നു. ആദ്ധ്യാത്മികതത്വപ്രതിപാദനത്താൽ ആശാൻെറ കവിതയും ചില ദിക്കിൽ ഗഹനമായിത്തീർന്നിട്ടുണ്ടു്. ഇതെല്ലാം കവിക്കു് ഒന്നാമതായി ഉണ്ടായിരിക്കേണ്ട ഗുണം വാസനതന്നെയാണെന്നു പ്രത്യക്ഷപ്പെടുത്തുന്നു. അതുകൊണ്ടുതന്നെയായിരിക്കണം,

"നൈവവ്യാകരണജ്ഞമേതിപിതരം,
ന ഭ്രാതരം താൎക്കികം,
ദൂരാൽ സങ്കുചിതേവഗച്ഛതി പുന-
ശ്ചണ്ഡാലവച്ഛാന്ദസാൽ,
മീമാംസാനിപുണം നപുംസകമിതി
ജ്ഞാത്വാ നിരസ്താദരാ,
കാവ്യാലങ്കരണജ്ഞമേവ കവിതാ-
കാന്താ വൃണോതിസ്വയം."

എന്നു് ഒരു സംസ്കൃതകവി പറഞ്ഞിരിക്കുന്നതു്.

കവിതയെ സംബന്ധിച്ചിടത്തോളം വാസനതന്നെയാണു് പ്രഥമഗണനീയമായിട്ടുള്ളതു്. എന്നാൽ പാണ്ഡിത്യവും ഒട്ടും ഒഴിച്ചുകൂടാത്തതല്ല. ഇംഗ്ലീഷ് മുതലായ പാശ്ചാത്യഭാഷകളിൽ കവിതയെഴുതുവാൻ വേണ്ടിടത്തോളം പാണ്ഡിത്യം ആവശ്യമില്ലായിരിക്കാം. ഇംഗ്ലീഷിൽ ചന്ദ്രനെ കുറിക്കുന്നതിനു് (Moon) മൂൺ എന്നു് ഒററപ്പദം മാത്രമേയുള്ളു. ചന്ദ്രസംബന്ധമുള്ള സകല ആശയങ്ങളേയും പ്രകടിപ്പിക്കുന്നതിനു ആ ഒററപ്പദത്തെ ആശ്രയിക്കുക മാത്രമേ നിവൃത്തിയുള്ളു. സംസ്കൃതഭാഷയിലും ആ ഭാഷയെ ആശ്രയിച്ചു നില്ക്കുന്ന കേരളഭാഷയിലും ചന്ദ്രനെപ്പററി പറയുന്നതിനു് പലപദങ്ങളും ഉപയോഗിക്കാം. "ഹിമാംശുശ്ചന്ദ്രമാശ്ചന്ദ്ര ഇന്ദുഃ കുമുദബാന്ധവഃ, വിധുസ്സുധാംശുശ്ശീതാംശുരോഷധീശോ നിശാപതിഃ അബ്ജോജൈവാതൃകസ്സോമഃ ഗ്ലൌർമൃഗാങ്കഃ കലാനിധിഃ ദ്വിജരാജശ്ശശധരോ നക്ഷത്രേശഃ ക്ഷപാകരഃ" എന്നു തുടങ്ങി പല പൎയ്യായങ്ങളും ചന്ദ്രനെ കുറിക്കുന്നവയായുണ്ടു്.

ഇവയിൽതന്നെ പല സമസ്തപദങ്ങളുടേയും ഓരോ ഘടകത്തിനും വേറെ പല പൎയ്യായങ്ങളുമുള്ളതുകൊണ്ടു് "ഹിമാംശു" എന്നുള്ളതിനു് "തുഹിനകിരണൻ" തുഷാരരശ്മി" എന്നിത്യാദി വേറെയും പല പൎയ്യായങ്ങൾ വന്നുചേരുന്നു. ശബ്ദവ്യാപാരത്തിൽ നിഷ്ഠയോടുകൂടി പ്രവൎത്തിക്കുന്ന ഒരു കവിക്കു മേല്പറഞ്ഞ പൎയ്യായങ്ങളെ ഉപയോഗിക്കുന്നതിൽ ഉണ്ടായിരിക്കേണ്ട ഔചിത്യം അനന്യസാധാരണമായിരിക്കണം. "യാത്യേകതോസ്ത ശിഖരം പതിരോഷധീനാം" എന്ന കാളിദാസപ്രയോഗത്തിൽ "പതിരോഷധീനാം" എന്നുള്ളതിനു പകരം വേറെ ഏതെങ്കിലും പൎയ്യായമാണുപയോഗിച്ചിരുന്നതെങ്കിൽ അതിന്റെ അൎത്ഥത്തിലുള്ള ഗൗരവവും രസികതാവും കേവലം നശിച്ചുപോകുമായിരുന്നു. ചിലപ്പോൾ ഒരേ അൎത്ഥത്തേയോ ആശയത്തേയോ കുറിക്കുന്നതിനുതന്നെ വ്യത്യസ്തപദങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടു് അൎത്ഥത്തിനുണ്ടാകുന്ന ഭംഗിയ്ക്കു് വലിയ കൂടുതൽകുറവുകൾ സിദ്ധിക്കുന്നതായി കാണാവുന്നതാണു്. "ഉമാമുഖേ ബിംബഫലാധരോഷ്ഠേ വ്യാപാരയാമാസ വിലോചനാനി" എന്ന കാളിദാസപദ്യം ഭാഷാന്തരീകരിച്ചപ്പോൾ,

> "ചൊടിത്തുടുപ്പേറുമുമാമുഖത്തിൽ
> നടത്തിനേരെ നയനങ്ങൾമൂന്നും"

എന്നു് ഒരു കവിയും

> "പാരിച്ചബിംബാധാരകാന്തികോലും
> ഗൌരീമുഖം കണ്ണുകളാൽ നുകൎന്നാൻ"

എന്നു മററൊരു കവിയും എഴുതിയിരിക്കുന്നു. അൎത്ഥത്തെ സംബന്ധിച്ചിടത്തോളവും ആദ്യത്തെ തൎജ്ജിമയ്ക്കു യാതൊരു തരക്കേടും ഉള്ളതായി പറയുവാൻ പാടില്ല. എങ്കിലും ആസ്വാദ്യതയ്ക്കു നല്ലതു രണ്ടാമത്തെത്തൎജ്ജിമയാണു്.

"പണ്ടാഴിയെപ്പരശുരാമനങ്ങടിയകററിനിത്തീ-
ക്കൊണ്ടാണു ഭാൎഗ്ഗവനുയൎത്തു കേരളത്തെ
രണ്ടാമതിന്നു ദുരിതാബ്ധിയിൽനിന്നു പേന-
കൊണ്ടാശു ചിത്തിരനൃപാലകനുദ്ധരിച്ചു"

എന്ന പദ്യത്തിൽ പേനയ്ക്കു പകരം തൂവൽ ഉപയോഗിച്ചിരുന്നെങ്കിൽ ഉയൎത്തുന്നതിനുണ്ടായ അനായാസതം ഒന്നുകൂടി ദ്യോതിക്കുമായിരുന്നു.

"മാരക്രീഡാമഹലഹളയിൽ ജാലമാൎഗ്ഗേണ ലീലാ-
ഗാരക്രോഡേ നിഭൃതഗതിയായെത്തി നിത്യം നിശായാം."

എന്നതിനു പകരം,

"കാമക്രീഡോത്സവലഹളയിൽ ജന്നലിൽക്കൂടിലീലാ
ഗാരക്കൂട്ടിൽ പ്രതിദിവസവും ചെന്നു രാത്രിക്കുമന്ദം."

എന്നെഴുതിയാൽ അൎത്ഥത്തിനു വലിയ ഭേദമില്ലെങ്കിലും പദഭേദം കൊണ്ടു് കാവ്യഗുണം അതിൽ നശിച്ചുപോയിരിക്കുന്നതായിക്കാണാം അതുകൊണ്ടു് മലയാളത്തിലും സംസ്കൃതത്തിലും ഒരു നല്ല കവിയായിത്തീരണമെങ്കിൽ അയാൾക്കു ഒരു ശബ്ദകോശത്തിൽ പൂൎണ്ണപരിചയവും പദങ്ങൾ തിരഞ്ഞെടുക്കുന്നതിൽ വലുതായ ഔചിത്യബോധവും ഉണ്ടായിരിക്കേണ്ടു

താണ്. ഇതു പാണ്ഡിത്യംകൊണ്ടു മാത്രമെ സിദ്ധി ക്കുകയുള്ളു.

ഇനിയും നമ്മുടെ കാവ്യലോകത്തിൽ പലവിധ ത്തിലുള്ള സങ്കേതങ്ങളുണ്ടു്. ചന്ദ്രനെപ്പററിത്തന്നെ പല കവികല്പനകളും കാണാം. ചന്ദ്രൻ പാൽക്കട ലിൽനിന്നും ജനിച്ചവനാണു്, നക്ഷത്രങ്ങളുടെ നാഥ നാണ്. ചകോരത്തിനും ദേവകൾക്കും അമൃതഭക്ഷണം നല്കുന്നവനാണു്, കാളകൂടത്തിന്റെയും കല്പവൃക്ഷ ത്തിന്റെയും സഹോദരനാണു്, രാത്രിയുടെയും ആമ്പ ലിന്റെയും ഭത്താവാണു്, രാഹുവിന്റെയും ചക്രവാ കങ്ങളുടെയും വിരോധിയാണു്, ശിവന്റെ ജടാജ്ജൂട ത്തിനലങ്കാരമാണു്, ഇപ്രകാരമുള്ള പല കവിസങ്കേ തങ്ങളും ചന്ദ്രനെപ്പററിത്തന്നെയുണ്ടു്. ഇവയിൽ ഓ രോ സാങ്കേതികത്തെയും അടിസ്ഥാനപ്പെടുത്തി സ ഹൃദയാകഷകങ്ങളായ എത്രയെങ്കിലും പദ്യങ്ങൾ ഉദ്ധ രിക്കാവുന്നതാണു്.

“പാരിച്ചമന്ഥഗിരി തന്നുടെ പാറകൊണ്ടു
കീറിച്ചമഞ്ഞ വടു കാണ്മിതു വെണ്മതിക്കു്
ചൊല്ലാവതോ നിഴൽ, മൃഗം, മുയലെന്നിതെല്ലാം
ചെല്ലാനവയ്ക്കു വഴിയെന്തിഹ ചന്ദ്രബിംബേ.”

എന്ന ഹൃദയംഗമമായ ശ്ലോകം അക്കൂട്ടത്തിൽ ഒ ന്നാണു്. മറെറാന്നു നോക്കുക,

നീത്താനിന്ദുപലമിവതെളിഞ്ഞാമ്പൽ
പോലേചിരിച്ചാൻ
ആത്താൻ വണ്ടിൻകുലമിവ വളന്നാൻ
പയോരാശിപോലെ

പീതപാ ത്രപാമൃതമിളകിനാന്വേഷചേഷ്ടോത്തു
പോലെ
കൃത്താൻകാമീമദനനിവപോന്നാഗതേ വീരചന്ദ്രേ.

ഒരു ചന്ദ്രോദയത്തെ സംബന്ധിച്ചുള്ള സകല സങ്കേതങ്ങളും സംഘടിപ്പിച്ചു ചമച്ചിട്ടുള്ളതാണ് ഉണ്ണുനീലിസന്ദേശത്തിലെ ഈ ഹൃദയംഗമമായ ശ്ലോകം. ഇനിയും രാത്രി ഒരു സ്ത്രീയാണെന്നും ചന്ദ്രൻ അവളുടെ ഭർത്താവാണെന്നും ഉള്ള സാങ്കേതികസങ്കല്പത്തിൽ നിന്നും സമുൽഭൃതമായ ഒരു പദ്യഖണ്ഡമാണ് താഴെ കാണുന്നതു്.

എന്തൊരു തിരുമാലി രാജാവേ ഭവാൻപ്രേമ
ഗന്ധമില്ലാത്തോൻ പച്ചശൃംഗാരനാട്യക്കാരൻ
രാത്രിഞാൻസങ്കേതത്തിൽ സമയത്തെത്താറില്ലേ?
കാത്തുനില്ക്കാറില്ലേ, നീ കളങ്കി വരുവോളം?
അക്ഷമയായ് ഞാനിങ്ങു കാത്തുനില്ക്കവെ കാമ-
യക്ഷികളുടെ വീട്ടിലങ്ങുന്നതങ്ങുന്നല്ലോ
മാസത്തിലൊരുനാളിൽ മര്യാദകെത്തിച്ചേർന്നാ-
ലാ സമാധാനംതീരാനൊരുനാൾ വരാതിരെ
എന്തിനു കരുപ്പെന്നൊൻദേഹത്തെപ്പഴിക്കുന്നു
പന്തിയല്ലീയൌദ്ധത്യ, മല്ലെങ്കിലനാദരം.
കാമുകനലസനെന്നറിഞ്ഞാൽ പെണ്ണിന്നുണ്ടാ-
മാമഹാദുഃഖത്തിൻെറ ചൂടങ്ങേയ്ക്കറിയാമോ.

രാത്രി ചന്ദ്രനോടു പറയുന്നതാണ് ഈ പദ്യം. അവൾ ദിവസംപ്രതി സൂര്യാസ്തമയത്തോടുകൂടി ഭൂമിയാകുന്ന സങ്കേതസ്ഥലത്തെത്തുന്നു. പക്ഷേ കളങ്കി

യായ ഭൎത്താവു് ദിവസവും രണ്ടും നാലും, ആറും നാഴി
ക താമസിച്ചിട്ടാണെത്തുന്നതു്. നിശ്ചയമായും ആ
വീടാഗ്രേസരൻ വല്ല കാമയക്ഷികളുടേയും വീടുകളിൽ
ചുററിപ്പററി താമസിച്ചതായിരിക്കണം. ആ യക്ഷിക
ളാകട്ടെ ദിവസവും രക്തപാനം ചെയ്യുന്നതുകൊണ്ടു് ച
ന്ദ്രബിംബം മേല്ക്കുമേൽ ക്ഷീണിച്ചു് കൃശമായി
ത്തീരുന്നു. അഥവാ വെളുത്തവാവു ദിവസം മൎയ്യാദ
യ്ക്കു സൂൎയ്യാസ്തമയത്തോടുകൂടിത്തന്നെ സങ്കേതത്തിലെ
ത്തുകയും പ്രഭാതം വരെ തന്റെകൂടെ രമിച്ചു തനിക്കു്
സന്തോഷം നൽകുകയും ചെയ്താലും അതിനു പകരം
തീൎത്തു തന്റെ സമാധാനത്തെ ഭഞ്ജിക്കാനെന്നപോലെ
കറുത്തവാവു ദിവസം അങ്ങോട്ടെങ്ങും കടക്കുകപോലുമി
ല്ല. ഒരുപക്ഷേ താൻ കറമ്പിയായിപ്പോയതുകൊണ്ടുള്ള
അനാദരംകൊണ്ടോ, അഥവാ ചന്ദ്രന്റെ സൗന്ദൎയ്യത്തി
ലുള്ള അഹങ്കാരംകൊണ്ടോ ആയിരിക്കണം ഇപ്രകാരം
സ്നേഹമില്ലാതെ പെരുമാറുന്നതു്. ഇത്രയും ആശാഭംഗ
ത്തോടുകൂടി പറയുന്ന രാത്രിയുടെ സങ്കടം അവസാന
ത്തെ രണ്ടുവരികളിൽ എത്ര ഭംഗിയായി ഒരു സാധാ
രണ തത്വമാക്കി പ്രതിപാദിച്ചിരിക്കുന്നു എന്നു
നോക്കുക.

ഈവക കവിസങ്കേതങ്ങൾ ഒന്നുംകൂടാതെതന്നെ
നല്ല കവിതകൾ എഴുതാമായിരിക്കാം. എന്നാൽ പു
രാതന കവിതകൾ ആസ്വദിക്കുന്നതിനു് ഇവയെല്ലാം
മനസ്സിലാക്കിയിരിക്കേണ്ടതു് അത്യന്താപേക്ഷിതമാ
ണെന്നു മാത്രമല്ല, ചിലപ്പോൾ കാവ്യത്തിന്റെ രസി
കത്വം അവയെ ആശ്രയിച്ചുതന്നെ നിൽക്കുന്നതായി

കാണാവുന്നതുമാണ്. കാളിദാസൻെറ ആപാദസുന്ദരമായ മാളവികാഗ്നിമിത്രം നാടകത്തിൽ മാളവിക അശോകത്തെ തൻെറ ചെമ്പഞ്ഞിച്ചാറണിഞ്ഞ പാദപത്മം കൊണ്ടു് ചവിട്ടുന്നതാണ് ഏററവും ഹൃദയംഗമമായ രംഗം. സുന്ദരികളും കുലീനകളുമായ യുവതികളുടെ പാദസ്പശം കൊണ്ടു് അശോകം പുഷ്പിക്കുന്നു എന്നുള്ള കവി സങ്കേതമാണ് ഈ മനോഹരരംഗത്തിനവലംബം.

"കാമിനീ പാദസമ്പക്കൊമൻ നീ ഞാനുമങ്ങിനെ അശോകം നീ സശോകൻ ഞാനെന്നുഭേദംനമ്മക്കെടോ" എന്ന ശ്ലോകവും നോക്കുക.

"പാദാഘാതാദശോകസ്തിലക കുരവകൌ
വീക്ഷണാലിംഗനാഭ്യാം.
സ്ത്രീണാം സ്പർശാൽ പ്രിയംഗുർവികസതിബകുള-
ശ്ശീധുഗണ്ഡൂഷസേകാൽ
മന്ദാരോ നമ്മവാക്യാൽ പടുമൃദുവചനാ-
ച്ചമ്പകോ വക്ത്ര പാതാ-
ച്ചൂതോ ഗീതാന്നമേരുവ്വികസതി ച പുരോ
നൎത്തനാൽ കർണ്ണികാരഃ"

എന്ന സംസ്കൃത പദ്യമനുസരിച്ചു് അശോകംപോലെ സ്ത്രീകളുടെ സ്പശനാലിംഗനാദികൾകൊണ്ടു് പുഷ്പിക്കുന്ന മററു പല വൃക്ഷലതാദികൾ ഉണ്ടെന്നു കവി സങ്കല്പമുണ്ടു്. യഥാവസരം അവയെ ഉപയോഗിക്കുന്നതു കൊണ്ടു് കാവ്യത്തിൻെറ രസികത്വം വർദ്ധിക്കുകയാണു് ചെയ്യുന്നതെന്നുള്ളതു് അനുഭവൈകവേദ്യമാണു്. അതിനാൽ ഒരു നല്ല കവിക്കു് പുരാതന കവിസങ്കേ

തങ്ങളും ഒഴിച്ചുകൂടാൻ പാടില്ല. പുരാണം, ഇതി ഹാസം, ഉപനിഷത്ത് മുതലായവ പഠിച്ചിരിക്കുന്ന തു് നല്ല കവിതകളെഴുതുന്നതിന്നു് പലപ്പോഴും സാഹാ യികങ്ങളാണു്.

"തെണ്ടീട്ടാണശനം തുണിക്കു പകരം തോലാണുടുത്തീ
ട്ട വാൻ
പണ്ടം പന്നഗമാണു്, കണ്ട ചുടലക്കാടാണിരുന്നീട്ട
വാൻ
തണ്ടാർസായകവൈരിയാണു് ഭഗവാൻ സർവ്വജ്ഞനാ
ണെങ്കിലും.
രണ്ടാളുണ്ടു കളത്രമെൻറ ശിവനേ! ചിത്രം ചരിത്രം
തവ!!

എന്ന മനോഹരശ്ലോകം മുഴുവൻ പുരാണത്തെ ആശ്ര യിച്ചെഴുതിയിട്ടുള്ളതാണു്. ഭിക്ഷാടനംകൊണ്ടുപജീ വിക്കുന്നവനും, ചർമ്മാംബരധാരിയും, പന്നഗഭൂഷണ നും, ശ്മശാനവാസിയും, കാമാരിയും, സർവ്വജ്ഞനും, പാ ർവ്വതിയുടേയും ഗംഗയുടേയും ഭർത്താവുമായ ശിവൻെറ ചരിത്രം അത്ഭുതകരമാണു്. എന്നാത്രേ പദ്യത്തിൻെറ സാരം. എന്നാൽ ആ ശ്ലോകത്തിൻെറ രസികത്വം പു രാണകഥകളെ ആശ്രയിച്ചാണെങ്കിലും എത്ര ആസ്വാ ദ്യമായിരിക്കുന്നു എന്നു നോക്കുക. ഒരു ഭാര്യയെ സ്വീ കരിക്കണമെന്നു വിചാരിക്കുന്നവൻ ഒന്നാമതായി നോ ക്കേണ്ടതു് അവൾക്കു് ആഹാരത്തിനു കൊടുക്കുവാൻ തനിക്കു സാധിക്കുമോ എന്നുള്ളതാണു്. ശിവനാക ട്ടെ തന്നത്താൻ ഭിക്ഷാടനംചെയ്തുപജീവിക്കുന്നതുകൊ ണ്ടു് അതിനു നിവൃത്തിയില്ല. എന്നാലിനി പഴയ

സംബന്ധരീതിയനുസരിച്ചു ആവശ്യമുള്ള വസ്ത്രമെങ്കി
ലും ഭാൎയ്യക്കു കൊടുക്കുന്നതിനു സാധിക്കുമോ? തോലുടു
ത്തു ജീവിക്കുന്ന ശിവനു് അതിനും നിവൃത്തിയില്ല.
വല്ല ആഭരണങ്ങളും കൊടുക്കുന്നതിനും പന്നഗഭൂഷണ
നായ ശിവൻ അസമൎത്ഥനാണു്. ഇതെല്ലാം ഉപേക്ഷി
ച്ചും ഒരു ഭാൎയ്യ കൂടെത്താമസിച്ചുകൊള്ളാമെന്നുവച്ചാൽ
അതിനൊരു കുടിലോ സുനിശ്ചിതമായ ഒരു സ്ഥലമോ
ഇല്ല. ശിവനു "കണ്ട ചുടലക്കാടാണിരുന്നീടുവാൻ" ഇ
ങ്ങനെ ഒരു ഭാൎയ്യക്കുവേണ്ട യാതൊന്നും സമ്പാദിക്കു
ന്നതിനു് ശക്തിയില്ലാതിരുന്നിട്ടും ആഗ്രഹംകൊണ്ടൊ
രുവൻ വിവാഹം കഴിച്ചു എന്നു വരാം. എന്നാൽ ശി
വനെസംബന്ധിച്ചിടത്തോളം അതു അസംഭവ്യമാണു്.
"തണ്ടാർസായകവൈരി"ക്കു അങ്ങനെയൊരാഗ്രഹത്തി
നും വഴിയില്ലല്ലോ. ഇനി ഇതൊന്നും അറിയാതെ
കണ്ടു് അബദ്ധത്തിൽ വിവാഹം ചെയ്തുപോയതാ
ണോ? നിശ്ചയമായും അല്ല. ശിവൻ സൎവ്വജ്ഞനാ
ണു്. അത്രതന്നെയുമല്ല, അദ്ദേഹത്തിനു് ഈ വൈഷ
മ്യങ്ങളെല്ലാമുണ്ടായിരുന്നിട്ടും "രണ്ടാളുണ്ടു കളത്രം" അതു
കൊണ്ടു് "എന്റെ ശിവനേ! ചിത്രം ചരിത്രം തവ!"
എന്നു പറയുമ്പോൾ ആ വാക്കുകളിൽ എത്രമാത്രം ഫ
ലിതമടങ്ങിയിരിക്കുന്നു.

ഇതിഹാസവിജ്ഞാനവും ഇപ്രകാരം സരസങ്ങ
ളായ പദ്യങ്ങൾ എഴുതുന്നതിൽ കവികൾക്കു് സഹാ
യകമായിത്തീരുന്നതാണു്. കേരളോല്പത്തി പ്ര
കാരം ബ്രഹ്മഹത്യാപാപനിവൃത്തിക്കുവേണ്ടി ബ്രാ
ഹ്മണൎക്കു ദാനം ചെയ്യുവാൻ കുറെ സ്ഥലം തര

ണമെന്നു് പരശുരാമൻ വരുണനോടാവശ്യപ്പെട്ടതുകൊണ്ടാണു്, കേരളഭൂമിയെ അദ്ദേഹത്തിനു സമുദ്രം ഒഴിഞ്ഞു കൊടുത്തതു്. ശുഷ്ക്കമായ ഈ ഐതിഹ്യത്തിനു് കവിതയിൽ എത്രമാത്രം മാററം സംഭവിച്ചിരിക്കുന്നു എന്നു നോക്കുക.

"വൻനർമ്മദാംബു വിഹൃതിക്കു തടഞ്ഞുവച്ച
മന്നന്റെ വീര്യമവളോതിയറിഞ്ഞൊരാഴി
തന്നന്തികത്തിലവനെസ്സകുലം വധിച്ചു
വന്നപ്പൊഴമ്പ് ഭൃഗുസൂനുതന്നിതു കാഴ്ചവച്ചു."

ഭർത്താവായ വരുണന്റെ സമീപത്തിലേക്കു് പൊയ്ക്കൊണ്ടിരുന്ന നർമ്മദാനദിയെ മാർഗ്ഗമദ്ധ്യത്തിൽവച്ചു് കാർത്തവീര്യൻ തടഞ്ഞുനിർത്തിയ കഥ പിന്നീടു വരുണനറിഞ്ഞുവെങ്കിലും പരാക്രമിയായ ആ മഹാരാജാവിനോടു പ്രതികാരം ചെയ്യുന്നതിനു അദ്ദേഹത്തിനു സാധിച്ചില്ല. അതുകൊണ്ടു്,

"ആത്മന്യേവ നിലീയന്തേ ദരിദ്രാണാം മനോരഥാഃ" എന്ന തത്വമനുസരിച്ചു് വരുണനടങ്ങിപ്പാർക്കേണ്ടിവന്നു. ആ കാർത്തവീര്യനെ മാത്രമല്ല അദ്ദേഹത്തിന്റെ വംശംപോലും നാമാവശേഷമാക്കിയ പരശുരാമൻ സ്വസമീപത്തിലണഞ്ഞപ്പോൾ വരുണൻ പ്രീതിപുരസ്സരം സംഭാവന ചെയ്തതാണു് കേരളമെന്നാത്രേ ഈ ശ്ലോകത്തിന്റെ ആശയം. ഇവിടെ ശുഷ്ക്കമായൊരൈതിഹ്യത്തിൽനിന്നും സരസമായ ഒരു പദ്യം ഉത്ഭവിച്ചിരിക്കുന്നു. ഇങ്ങനെ ഐതിഹ്യാദികൾ പഠിച്ചിരിക്കുന്നതുകൊണ്ടു് കവിയ്ക്കു വളരെ പ്രയോജനമുണ്ടു്.

മലയാളത്തിലും സംസ്കൃതത്തിലുമായി നിരവധി വൃത്തങ്ങളുണ്ടു്. അവയെല്ലാം പൂർണ്ണമായി അറിഞ്ഞിരുന്നെങ്കിൽ മാത്രമെ സന്ദർഭാനുസരണം അവയെ ഉപയോഗിക്കുന്നതിനു കവിക്കു സാധിക്കുകയുള്ളു. കാളിയമർദ്ദനത്തിൽ കാളിയൻ ക്രോധത്തോടുകൂടി ശ്രീകൃഷ്ണനെ സമീപിക്കുന്ന ഭാഗം ഭട്ടതിരിപ്പാട്ടു് ഇങ്ങനെ വർണ്ണിക്കുന്നു.

"അഥദിക്ഷു വിദിക്ഷു പരിക്ഷുഭിത ഭ്രമിതോദരവാരി
നിനാദഭരേ
ഉദകാദുദഗാദുരഗാധിപതിസ്ത്വദുപാന്തമശാന്തരുഷാന്ധ
മനാഃ"

ഈ ശ്ലോകത്തിൻെറ അർത്ഥം മനസ്സിലായില്ലെങ്കിൽ തന്നെ സന്ദർഭംകൊണ്ടു കവി ഉദ്ദേശിച്ചിരിക്കുന്ന വികാരം ശ്രോതാക്കളിൽ ഉത്ഭവിപ്പിക്കുന്നതിനു വൃത്തം നിശ്ചയമായും വളരെ സഹായിക്കുന്നതാണു്.

ശ്രീകൃഷ്ണഭഗവാൻ കാളിയൻെറ ശിരസ്സിൽ കയറി ചെയ്യുന്ന നൃത്തത്തെ വർണ്ണിക്കുന്ന ഒരു ശ്ലോകമാണു് താഴെക്കാണുന്നതു്.

"അധിരുഹ്യ തതഃ ഫണിരാജഫണാൻ നനൃതേ ഭവതാ
മൃദുപാദരുചാ
കളശിഞ്ജിതനൂപുരമഞ്ജുമിളൽ കരകങ്കണസംകുല
സംക്വണിതം"

ശ്രീകൃഷ്ണൻ പ്രയാസംകൂടാതെ കാളിയൻെറ തലയിലേക്കു കയറുന്നതു "അധിരുഹ്യ" എന്ന പദംകൊണ്ടും തദനന്തരമുള്ള നൃത്തം താദൃശപദങ്ങളെക്കൊണ്ടും

വർണ്ണിക്കുന്നതിനു കവിയെ നിശ്ചയമായും ആ വൃത്തം സഹായിച്ചിട്ടുണ്ട്. വൃത്തം തിരഞ്ഞെടുക്കുന്നതിൽ കവികൾക്കു വളരെ ഔചിത്യബോധമുണ്ടായിരിക്കണമെന്നും അതിനു തദ്വിഷയമായ പാണ്ഡിത്യം അത്യാവശ്യമാണെന്നും ഇത്രയുംകൊണ്ടു വ്യക്തമാകുന്നുണ്ടല്ലോ.

അലങ്കാരം, രസം മുതലായ മററുപലതുംകൂടി ഒരു കവി അറിഞ്ഞിരിക്കേണ്ടതായിട്ടുണ്ട്. അവയേപ്പററി ഇവിടെ യാതൊന്നും പ്രസ്താവിക്കാൻ തുനിയുന്നില്ല.

ഒരു യഥാർത്ഥകവിക്കു "ലോകശാസ്ത്രകാവ്യാദ്യവേക്ഷണം കവ്യജ്ഞശിക്ഷ" മുതലായവകൊണ്ടുണ്ടാകാവുന്ന വലിയ പാണ്ഡിത്യം അത്യന്താപേക്ഷിതമാണെന്ന് മേൽവിവരിച്ച ഭാഗംകൊണ്ടുതന്നെ നമുക്കു മനസ്സിലാക്കാവുന്നതാണ്.

# സാഹിത്യപരിവൎത്തനം.

ഹിമാലയപൎവ്വതത്തിന്റെ ഉത്തുംഗശൃംഗങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന മഹാനദിയായ ഗംഗ ശിവന്റെ ഉത്തമാംഗത്തിലെ പലിതധവളമായ ജടാജൂടംപോലെ വ്യാപിച്ചുകിടക്കുന്ന ഹിമസംഹതികളിൽ തത്തിക്കളിച്ചു് താഴത്തിറങ്ങി, പാറമേൽ കയറി, കുതിച്ചു് കുട്ടിക്കരണം മറിഞ്ഞു് മലകളിലലച്ചും, നിലവിളിച്ചും, മരനിരയിലൊളിച്ചും മധുരഗാനം പൊഴിച്ചും ഒട്ടുകാലം കഴിച്ചുകൂട്ടുന്നു; തദനന്തരം സമഭൂമികളിൽ പ്രവേശിക്കുമ്പോൾ വിസ്മയംകൊണ്ടു് വിവൃതയും, ലജ്ജകൊണ്ടു വിവൎണ്ണയും, ഭയംകൊണ്ടു് ത്വരിതയും, കുടിലയുമായി പ്രവഹിക്കുവാൻ തുടങ്ങുന്നു. കാലദേശഭേദങ്ങൾകൊണ്ടുണ്ടാകുന്ന വൃദ്ധിക്ഷയങ്ങളും, ധാതുക്കളും ഔഷധങ്ങളും ലോഹങ്ങളും മറ്റും കലൎന്നുണ്ടാകുന്ന ഗുണഭേദങ്ങളും, മാധുൎയ്യകടുതിക്തകങ്ങളായ രസവ്യത്യാസങ്ങളും വകവയ്ക്കാതെ നിസൎഗ്ഗസിദ്ധമായ ശൈത്യവും വിശുദ്ധിയും ആഹ്ലാദവും പരിപാലിച്ചുകൊണ്ടു് അതു് ത്വരിതഗമനം ചെയ്യുന്നു. അതിന്റെ ഏകവൃത്തി പുരോഗമനം; ഏകലക്ഷ്യം സമുദ്രം; ഏക സന്ദേശം സമത്വം; ഏകപ്രകൃതി സൗന്ദൎയ്യം; ഏകോദ്ദേശം ആനന്ദസന്ദായകത്വം. ഉന്നതവും കഠിനവുമായ പൎവ്വതപങ്ക്തിയേയും അഗാധവും ആൎദ്രവുമായ മഹാസമുദ്രത്തേയും അന്യോന്യം യോജിപ്പിക്കുന്നതിനുള്ള സൗഹാൎദ്ദശൃംഖലയാണു് ഗംഗ.

സാഹിത്യത്തിന് ഗംഗയോട് സാമ്യമുണ്ട്. അത് ജന്മസിദ്ധമായ വാസനാബലംകൊണ്ട് അനുഗ്രഹീതരായ ചിലരുടെ ഉത്തുംഗഭാവനയിൽ ഉത്ഭവിച്ച്, പ്രതിഭയിൽത്തട്ടി, വാങ്മയവും, ജ്യോതിസ്സ്വരൂപവുമായി നിർഗ്ഗമിച്ച സനാതനമായ സൗന്ദര്യത്തെ ലക്ഷ്യമാക്കി പ്രയാണംചെയ്യുന്നു. ഭൂതഭാവികളേയും സ്വർഗ്ഗനഗരങ്ങളേയും ജീവിതമൃതികളേയും, സുഖദുഃഖങ്ങളേയും ഒന്നിച്ചുചേർത്തു മനുഷ്യജീവിതത്തിന്റെ മാഹാത്മ്യവും യാഥാർത്ഥ്യവും വെളിപ്പെടുത്തിക്കൊണ്ട് അത് എപ്പോഴും പുരോഗമനപരമായി പ്രവഹിക്കുന്നു. ഒരു നദിയുടെ അനുസ്യൂതമായ ഗതി അണകെട്ടിത്തടുത്താൽ, അതിൽ വെള്ളം പെരുകുമ്പോൾ തട്ടിത്തകർത്തു മുമ്പോട്ടു പോകുന്നതിനുള്ള ശക്തി ആ നദിക്കുണ്ടാകുന്നതുപോലെ ഏതു നിയമങ്ങളേയും ഉല്ലംഘിച്ചുപോകുന്നതിനുള്ള ശക്തി സാഹിത്യത്തിനുണ്ട്. നദിയിലെ ജലം വിദ്യുച്ഛക്തി ഉണ്ടാക്കുന്നതിനോ, വയലുകളിൽ കൃഷിചെയ്യുന്നതിനോ, പട്ടണങ്ങളിൽ സ്നാനപാനാദികൾക്കോ മാലിന്യങ്ങളെ നശിപ്പിക്കുന്നതിനോ ഉപയോഗിക്കാവുന്നതാണ്. എന്നാൽ ആ ഉപയോഗങ്ങൾക്കു മാത്രമായിട്ടാണ് നദി ഉത്ഭവിച്ചതെന്നു പറയുന്നത് ഒരിക്കലും യഥാർത്ഥമായിരിക്കുകയില്ല. സാഹിത്യവും ഐഹികാമുഷ്മികങ്ങളായ പല സംഗതികൾക്കും ഉപയോഗപ്പെടാവുന്നതാണ്. ലോകതത്വങ്ങളെ വിമർശിക്കുന്നതിനും, ജ്ഞാനശക്തി വർദ്ധിപ്പിക്കുന്നതിനും, ഈശ്വരഭക്തി ഉണ്ടാക്കുന്നതിനും, നീതിനിഷ്ഠ ബലപ്പെടുത്തുന്നതിനും

ഭോഗാസക്തി വർദ്ധിപ്പിക്കുന്നതിനും, മനുഷ്യരുടെ ഇടയിൽ അസമത്വം നശിപ്പിക്കുന്നതിനും മററു പല തിനും സാഹിത്യം ഉപകരണമായിത്തീൎന്നിട്ടുണ്ട്. അതുകൊണ്ടു് സാഹിത്യത്തിൻെറ പ്രയോജനം ഇപ്പ റഞ്ഞതെല്ലാമാണെന്നു് ഖണ്ഡിച്ചു പറവാൻ പാടുള്ള തല്ല.

"കൽ ആഹ്ളാദനേ" എന്ന വ്യൽപത്തി അനു സരിച്ചു് കലാശബ്ദം അതിനാസ്പദമായ വിഷയങ്ങ ളിൽ പ്രധാനമായി അന്തർഭവിച്ചിരിക്കുന്ന ആഹ്ളാ ദധൎമ്മത്തെ സൂചിപ്പിക്കുന്നതാണു്. അതിനു ശക്തി യില്ലാത്ത യാതൊന്നും, അതു മറെറന്തിനെല്ലാം ഉപ യോഗപ്രദമായാലും കലകളിൽ ഉൾപ്പെടുത്താവുന്ന തല്ല. സാഹിത്യം കലകളിൽ പ്രഥമഗണനീയമാണെ ന്നുള്ളതു് സൎവ്വസമ്മതമാണു്. തന്നിമിത്തം അതാ സ്വാദിക്കുന്നവർ ആശിക്കുന്ന പരമഫലം പരമാനന്ദ മാണു്. സാഹിത്യം മനുഷ്യഹൃദയത്തെ ഐഹിക ങ്ങളായ സകലബന്ധങ്ങളിൽനിന്നും വിമുക്തമാക്കി ആദർശഭ്രതവും, ആഹ്ളാദമയവും, അത്ഭുതകരവും, സങ്കല്പസൃഷ്ടവുമായ ഒരു നവീനലോകത്തിലേക്കുനാമി പ്പിച്ചു്, സത്യസൗന്ദൎയ്യങ്ങളുടെ പ്രഭാപൂരംകൊണ്ടു വികസിപ്പിച്ചു് പരമാനന്ദത്തിൽ ലയിപ്പിക്കണമെ ന്നു് ഒരു പാശ്ചാത്യപണ്ഡിതൻ അഭിപ്രായപ്പെടുന്നു.

മനുഷ്യൻെറ സൗന്ദൎയ്യബോധം ഇതരജീവികൾ ക്കില്ലാത്ത ഒരു പ്രത്യേകഗുണമാണു്. ഗൃഹങ്ങൾ നിൎമ്മി ക്കുന്നതിലും ഉപകരണങ്ങൾ സംഭരിക്കുന്നതിലും, മാത്ര മല്ല; വേലികെട്ടുന്നതിലും കൃഷിചെയ്യുന്നതിലും എന്നു

വേണ്ടാ, തന്റെ സകല പ്രവൃത്തികളിലും അവൻ സൗന്ദൎയ്യബോധം പ്രത്യക്ഷപ്പെടുത്തുന്നു. ആഭ്യന്തരമായ ഈ പ്രചോദനം മനുഷ്യന്റെ കൈവിരലുകൾക്കു സൃഷ്ടിക്കുന്നതിനുള്ള ശക്തി നൽകുന്നു; രൂപത്തിൽ നിറം കലൎത്തുന്നു; അലങ്കാരങ്ങൾ ഉണ്ടാക്കുന്നു; ഉത്സവാവസരങ്ങൾ ഉണ്ടാക്കി ആഘോഷിക്കുന്നു; പാട്ടുപാടുന്നു; ആൎത്തുവിളിക്കുന്നു; കരവയിടുന്നു;—എല്ലാം മനുഷ്യന്റെ സൗന്ദൎയ്യബോധത്തിന്റെ ബാഹ്യപ്രകടനങ്ങൾ. പ്രകൃതിയിലുള്ള സൎവ്വ വസ്തുക്കളിലും സൗന്ദൎയ്യം കാണുന്നതിനും, ആ വസ്തുക്കളിൽ ഒരു സങ്കല്പസൗന്ദൎയ്യം ആരോപിക്കുന്നതിനും, അതുകൊണ്ടും തൃപ്തിപ്പെടാതെ തന്റെ ഭാവനകൊണ്ടുതന്നെ സുന്ദരവസ്തുക്കൾനിറഞ്ഞ ഒരു പ്രത്യേകലോകം സൃഷ്ടിക്കുന്നതിനും ചിലർ ഉദ്യമിക്കുന്നു. ഈ ബ്രഹ്മാണ്ഡകടാഹത്തിൽ അവരുടെ ദൈഹികവും മാനസികവുമായ ദൃഷ്ടികൾക്കു വിഷയങ്ങളായ സൎവ്വവസ്തുക്കളിലും മനുഷ്യത്വവും തത്സഹജമായ ബുദ്ധിയും വികാരവും ആരോപിച്ച്, അവയെ ഓരോരുത്തരുടെയും ആശയ്ക്കും, ആശയങ്ങൾക്കും, വാസനയ്ക്കും അനുരൂപമായ തരത്തിൽ രൂപാന്തരപ്പെടുത്തി പ്രദർശിപ്പിക്കുന്ന ഇവർ കലാകാരന്മാരാണ്. ഇവരുടെ കലാകൗശലം പ്രകടിപ്പിക്കുന്നതിന് ഭാഷയാണ് ഉപകരണം. ഭാഷയ്ക്ക് ഓജഃപ്രസാദാദിഗുണങ്ങളും, പ്രാസാദ്യലങ്കാരങ്ങളും, വൃത്തം മുതലായ ബന്ധരീതികളും, സഹൃദയന്മാരെ ആഭ്യന്തര സൗന്ദൎയ്യത്തിലേക്ക് ആകൎഷിക്കുന്നതിനുവേണ്ടിയുള്ള കവികളുടെ ബാഹ്യസൃഷ്ടികളാണ്. പുഷ്പങ്ങ

ളുടെ സൗന്ദൎയ്യവും, സൗരഭ്യവും വണ്ടുകളെ ദൂരത്തുനിന്നും ആകൎഷിക്കുന്നു. അവ ആസ്വദിക്കുന്ന മധു കാവ്യരസംപോലെ അന്തൎല്ലീനമായിരിക്കുന്നു. ഉന്നതഭാവനാസമ്പന്നനായ ഒരു കവിക്കു ഏററവും അപൂൎണ്ണവും ദുൎബ്ബലവുമായ ഒരുപകരണമാണു് ഭാഷ. സമുദ്രമെന്ന ചെറിയ വാക്കിലുള്ള മൂന്നു ലിപികൾക്കും ആ ലിപികൾ നിൎദ്ദേശിക്കുന്ന വസ്തുവിനും തമ്മിലുള്ള അന്തരം ഭാഷയ്ക്കും ഭാവനയ്ക്കും തമ്മിലുണ്ടായേക്കാം. എങ്കിലും വസ്തുവിഷയങ്ങളെ അതിക്രമിച്ചുള്ള കവിയുടെ കലാകൗശലം ആ വ്യത്യാസത്തെ മിക്കവാറും നശിപ്പിക്കുന്നു. ചളിമണ്ണുകൊണ്ടും മാൎബിൾക്കല്ലുകൊണ്ടും ഘനമുള്ള ലോഹങ്ങൾകൊണ്ടും പ്രതിമകൾ ഉണ്ടാക്കാം. ഏതു വസ്തു ഉപയോഗിച്ചാലും പ്രേക്ഷകന്മാരെ ആകൎഷിക്കത്തക്കവിധം ശില്പിയുടെ കരകൗശലം അതിൽ പ്രത്യക്ഷപ്പെടുമ്പോൾ മാത്രമെ അതു കലയായി പരിണമിക്കുന്നുള്ളു. സ്വൎണ്ണംകൊണ്ടു് ഒരു വികൃതരൂപം സൃഷ്ടിക്കാം; പക്ഷേ അതു കലയാവുകയില്ല. മണ്ണുകൊണ്ടു് ഒരു സുന്ദരരൂപം സൃഷ്ടിക്കുന്നതിൽ ശില്പിയുടെ വൈദഗ്ദ്ധ്യം പ്രത്യക്ഷപ്പെടുന്നുവെങ്കിൽ അതാണു് കലാപ്രണയികളുടെ അഭിനന്ദനത്തിനു് പാത്രീഭവിക്കുന്നതു്. പ്രതിപാദ്യത്തേക്കാൾ പ്രതിപാദനത്തിനാണു് പ്രാധാന്യമെന്നും, പ്രതിപാദ്യവും പ്രതിപാദനവും രണ്ടും ഉൽകൃഷ്ടമാണു് എങ്കിൽ അതിന്റെ ഫലം അനൎഘമാണെന്നും, ഏതെങ്കിലും ഒന്നിനുമാത്രം പ്രാധാന്യം നൽകുന്നപക്ഷം അതു് പ്രതിപാദനത്തിനു തന്നെ ആയിരിക്കണം എന്നുമാണു് ഇവിടെ വിവക്ഷി

ക്കുന്നതു്. ഭൗതികചിന്തകളിൽ ബന്ധിച്ചിരിക്കുന്ന ഹൃദയത്തെ അഭൗമമായ സൗന്ദര്യംകൊണ്ടു് ആകർഷി ച്ചുകററി ആഹ്ലാദം നൽകുന്നതിനു് ഭാവനാലോക ത്തിൽ യഥേഷ്ടം സഞ്ചരിക്കുന്ന കലാകാരൻെറ സൃഷ്ടി വൈദഗ്ദ്ധ്യത്തിനു മാത്രമേ ശക്തിയുള്ളു. "അപാരേ കാവ്യസംസാരേ കവിരേവ പ്രജാപതി:" എന്ന തത്വം ഇവിടെ അനുസ്മരിക്കുന്നു.

എന്നാൽ ഇന്നു് നാം ജീവിക്കുന്നതു് ഒരു പരിവ ർത്തനഘട്ടത്തിലാണു്. ഈ ഇരുപതാം നൂററാണ്ടി ൻെറ പൂർവ്വാർദ്ധം മനുഷ്യലോകത്തിനാകമാനം ഒരു പ രിവർത്തനദശയാണു്. മൂത്തുമുരടിച്ച യാഥാസ്ഥിതിക ത്വം എന്നും സുരക്ഷിതമാണെന്നുള്ള പരിപൂർണ്ണബോ ധത്തോടുകൂടിയാണു് മനുഷ്യൻ ഈ ശതകത്തിലേയ്ക്കു് കാലെടുത്തുവച്ചതു്. രാഷ്ട്രം, മതം, സമുദായം, വി ദ്യാഭ്യാസം എന്നുതുടങ്ങി ആത്മീയവും, ശാരീരികവുമാ യി മനുഷ്യനെ ബാധിക്കുന്ന സകല തത്വങ്ങളേയും അ വൻ സൂക്ഷിച്ചു പരിശോധിക്കാൻ തുടങ്ങി. പൂർവ്വന്മാർ തങ്ങളുടെ ശരീരം, വസ്തു, സംസ്ക്കാരം മുതലായവയെ സംരക്ഷിക്കുന്നതിനായി ബലവാനായ ഒരു പ്രതിനി ധിയെ തിരഞ്ഞെടുത്തു് തങ്ങളുടെ ശക്തി, ആദായം, സ്വാതന്ത്ര്യം മുതലായവയുടെ ഒരംശം അയാൾക്കു് സമ ർപ്പിച്ചു. അയാൾ കാലക്രമേണ രാജാവായിത്തീർന്നു് ഒരു വലിയ പാരമ്പര്യവലയം സൃഷ്ടിച്ചു് അതിനു ള്ളിൽ അധിവസിച്ചുതുടങ്ങി. ഈ വലയം പൊട്ടിച്ചു് തങ്ങൾ കൊടുത്തിട്ടുള്ള അവകാശങ്ങളെല്ലാം തിരിച്ചെ ടുത്തു് ഓരോ വ്യക്തിയിലും നിക്ഷേപിക്കുന്നതിനാണു്

ഇന്നു് ഒരുകൂട്ടം ജനങ്ങൾ പരിശ്രമിക്കുന്നതു്. ആനയുടെ വായിൽ വച്ചുകൊടുത്ത കരിമ്പുപോലെ ഈവ ക്ഷതംപററാതെ തിരിച്ചെടുക്കുന്നതിനു വളരെ പ്രയാസമുണ്ടു്. കഴിഞ്ഞ രണ്ടു ലോകമഹായുദ്ധങ്ങൾകൊണ്ടു് യൂറോപ്പുഖണ്ഡത്തിലുള്ള ദേശങ്ങളിൽ പലതും രാജവിഹീനങ്ങളായ രാജ്യങ്ങളായി ഭവിച്ചു. ഭൂമിയുടെ അഞ്ചിലൊരുഭാഗത്തിനുടമസ്ഥനെന്നു നടിച്ചിരുന്ന റഷ്യയിലെ "സാറും" ഭൗതികശക്തികൾക്കെല്ലാം ഏകാവലംബമെന്നു് വിചാരിച്ചിരുന്ന ജർമ്മൻ "കൈസറും" ലോകരംഗത്തിൽനിന്നു് മറഞ്ഞു.

ആ രണ്ടു രാജ്യങ്ങളിലും അധിവസിച്ചിരുന്ന ജനങ്ങൾ അന്യോന്യവിരുദ്ധങ്ങളായ രാഷ്ട്രമീമാംസാതത്വങ്ങൾ സ്ഥാപിക്കുന്നതിനു് ശ്രമിച്ചു. അവയുടെ ഫലം ആ രാജ്യസീമകൾക്കുള്ളിൽ അടക്കിയൊതുക്കിനിർത്തുന്നതിനു് സാധിക്കുകയില്ലെന്നും പ്രത്യക്ഷപ്പെട്ടുത്തിക്കഴിഞ്ഞു. യൂറോപ്പിലെ കോളിളക്കത്തിന്റെ പ്രത്യാഘാതം ഇൻഡ്യയിലും എത്താതിരുന്നില്ല. രാജാക്കന്മാരുടെ സ്വേച്ഛാധികാരം ഭരതവാക്യത്തോടടുത്തു. അവരുടെ സ്ഥാനമാനങ്ങൾ വൃദ്ധന്മാരുടെ പല്ലുകൾപോലെ ആടുകയും അവ ധരിക്കുന്നവർക്കു് മോണയ്ക്കുന്നാപോലെ വേദനയുണ്ടാക്കുകയും ചെയ്യുന്നു. അവ പറിച്ചുകളഞ്ഞെങ്കിലേ ശരീരസുഖം ലഭിക്കുകയുള്ളു എന്നു് ചില ഡാക്ടറന്മാർ അഭിപ്രായപ്പെടുന്നു. ഇംഗ്ലണ്ടിൽ നാമമാത്രമായ ഒരു രാജസ്ഥാനം സൂക്ഷിച്ചുവരുന്നുണ്ടു്. പക്ഷെ "England is the home of lost ideas" എന്നു് Oscar Wilde എന്ന സാഹിത്യകാരൻ

അഭിപ്രായപ്പെട്ടിട്ടുണ്ട്. ലോകത്തിന്റെ ഇതരഭാഗങ്ങളിൽ ദുഷിച്ചു നശിച്ചുപോകുന്ന ആശയങ്ങൾ ഇംഗ്ലണ്ടിൽ അഭയംപ്രാപിക്കുന്നു. ആ ആശയങ്ങൾ അവിടെക്കിടന്നു ദുഷിച്ച് ദുർഗ്ഗന്ധമലീമസങ്ങളായിത്തീരുമ്പോൾ അവ ഇൻഡ്യയിലേക്ക് കപ്പൽകയററി അയക്കുന്നു. ഇൻഡ്യയിലെ കച്ചവടക്കാരും, പ്രഭുക്കന്മാരും, വിദ്യാഭ്യാസപ്രവൎത്തകന്മാരും കൂടി തങ്ങൾക്ക് കൊടുക്കാൻ കഴിവുള്ളതിലധികം വിലകൊടുത്ത് ആ ചരക്കുകൾ വാങ്ങി നമ്മുടെ വിദ്യാൎത്ഥികളുടെ വയറുനിറച്ച് കുത്തിച്ചെലുത്തുന്നു. അവരുടെ വയററിൽക്കിടന്ന് അവ ദഹിക്കാതെ പരീക്ഷക്കടലാസിൽ ഛൎദ്ദിച്ചുകൂട്ടുന്നു. ഇങ്ങനെ ദഹിക്കാത്ത ചില ആശയങ്ങളാണ് "കവിത പ്രകൃതിയുടെ പ്രതിബിംബമാണ്; ജീവിതവിമൎശമാണ്; ധൎമ്മോപദേശമാണ്; സത്യസംഗ്രഹമാണ്" എന്നും മററും ഉൽഘോഷിക്കപ്പെടുന്ന നിൎവ്വചനങ്ങൾ. യഥാൎത്ഥത്തിൽ കവിത ഇവയെല്ലാമാണ്, എന്നാൽ ഇവയൊന്നുമല്ലതാനും.

കല്ലും, മരവും, ഇരുമ്പും, സ്വൎണ്ണവും എല്ലാം പ്രകൃതിയിൽ കാണാവുന്നവയാണ്. അവകൊണ്ടു് നാം ഗൃഹങ്ങൾ നിൎമ്മിക്കുന്നു; കപ്പലുകൾ പണിയുന്നു; ആഭരണങ്ങൾ ഉണ്ടാക്കുന്നു. എന്നാൽ ഗൃഹങ്ങളും കപ്പലുകളും ആഭരണങ്ങളും എല്ലാം പ്രകൃതിയാണെന്നോ പ്രകൃതിയുടെ പ്രതിബിംബമാണെന്നോ പറഞ്ഞാൽ അതു കേവലം തെററുതന്നെ. അവ മനുഷ്യന്റെ ബുദ്ധിവൈഭവത്തിന്റെയും, കരകൗശലത്തിന്റെയും ഫലങ്ങളാണ്. കവിതയും പ്രകൃതിയുമായിട്ടും ഇത്രയേ ബന്ധ

മുള്ളു. അതിൻെറ രൂപവും ഭംഗിയും, ശക്തിയുമെല്ലാം അതുണ്ടാക്കുന്നവൻെറ സങ്കല്പമനുരിച്ച് സൃഷ്ടിച്ചവയാണ്. ഗൃഹം മലിനമായിത്തീരാം; കപ്പൽ സമുദ്രത്തിൽ ഓടാതെ വരാം; ആഭരണങ്ങൾ അലങ്കോലപ്പെട്ടുപോകാം. അവയുടെ എല്ലാം ഉദ്ദേശം ഉപയോഗിക്കുന്നവരുടെ ആവശ്യവും വൈദഗ്ദ്ധ്യവും അനുസരിച്ച് സുന്ദരമോ വികൃതമോ ആയിത്തീരാവുന്നതാണ്. കവി കാവ്യം തൻെറ ഭാവനയിൽനിന്ന് സൃഷ്ടിക്കുന്നു. അതു് ആസ്വദിക്കുന്നതിനുള്ള സഹൃദയത്വം വായനക്കാൎക്കുണ്ടാകുമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. അതില്ലാത്തവൎക്ക് നെപ്പോളിയൻ പറഞ്ഞതുപോലെ കാവ്യം വെറും വാക്യരചനയോ, പ്രകൃതിയുടെ പകൎപ്പെഴുത്തോ ആയിത്തോന്നാം. ആ വാക്യങ്ങളിൽ കവി സൃഷ്ടിച്ചിട്ടുള്ള സങ്കല്പസൗന്ദൎയ്യം—കവിത—കല—അവർ കാണുന്നില്ല.

കവിത ജീവിതവിമൎശമാണെന്നു പറയുമ്പോഴും പലതും ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു സൂരിനമ്പൂതിരിപ്പാട്ട് ഒരിക്കലും ജീവിച്ചിരുന്നില്ല. എന്നാൽ അദ്ദേഹത്തിൽ ആരോപിക്കപ്പെട്ടിട്ടുള്ള സ്വഭാവവൈചിത്ര്യങ്ങളിൽ പലതും ആ സമുദായത്തിൽ ഒരുകാലത്ത് ജീവിച്ചിരുന്ന പല വ്യക്തികളിൽ മററു ഗുണദോഷങ്ങളോടിടകലൎന്നുകണ്ടിരുന്നു എന്ന് വനോക്കാവുന്നതാണ്. അവയെ തേടിപ്പിടിച്ചും തെരഞ്ഞെടുത്തും, സ്വീകരിച്ചും ഉപേക്ഷിച്ചും ചിരഞ്ജീവിയായ ഒരു മനുഷ്യനെ സൃഷ്ടിച്ചതു് കവിയാണ്. കാളിദാസന ശാകുന്തളം പൂൎത്തിയാക്കാൻ പതിനെട്ടു കൊല്ലം

80988
D.H. 2007

വേണ്ടിവന്നുവത്രേ! തൽഫലമായി ലോകാവസാനം വരെ നിൽക്കുന്ന ഒരു നാടകം ഉണ്ടായി. ഇങ്ങിനെ അവധാനപൂർവ്വം ചിന്തിക്കുന്നതിനും, തിരയുന്നതിനും, ലോകത്തോടും ആദർശത്തോടും അടുപ്പിച്ച് തങ്ങളുടെ സൃഷ്ടികൃത്യം നിർവ്വഹിക്കുന്നതിനും കവികൾക്കും; ആലോചനാമൃതങ്ങളായ കാവ്യങ്ങൾ വായിച്ചാസ്വദിക്കുന്നതിനു് വായനക്കാർക്കും ഇന്നു് സമയമില്ല. ലോകത്തിലാകമാനം ഒരു ത്വര, ഒരു ദ്രുതഗതി, ജീവതത്തിനു വേണ്ടിയുള്ള പ്രയത്നം, മററു സകല ചിന്തകളേയും ആക്രമിച്ചു. ദ്രുതഗതിയിൽ ചലിക്കുന്ന യന്ത്രങ്ങൾപോലെ ജീവിതയത്നങ്ങളിൽക്കൂടി പ്രയാണം ചെയ്യുന്ന മനുഷ്യനു് ആ വേഗത്തിൽതന്നെ വിനോദങ്ങളിൽക്കൂടിയും കടന്നുപോകേണ്ടിയിരിക്കുന്നു. വിശ്രമവേളയിൽ അവധാനപൂർവ്വം ചിന്തിച്ചു് തൻെറ മനസ്സിനിണങ്ങിയ വിധത്തിൽ ഒരു സങ്കല്പലോകം സൃഷ്ടിച്ചു് അവിടെ ഇരുന്നു് വീണ വായിക്കുന്നതിനല്ല, വ്യവസായശാലകളിൽച്ചെന്നു് വേലക്കാരുടെ കൂട്ടങ്ങളിൽനിന്നു് കൂകിവിളിച്ചു് തമ്പേറടിക്കുന്നതിനാണു് ലോകം ഇന്നു് കവികളോടും മററു കലാകാരന്മാരോടും ആവശ്യപ്പെടുന്നതു്. സുന്ദരഭാവനകളാകുന്ന വിമാനങ്ങളിൽ കയറി സന്ധ്യാസൂര്യകാന്തികളിൽ ആകാശത്തിൽ അതിദൂരം സഞ്ചരിക്കുന്ന കവിയെ ആ ചെങ്കതിരുകളിൽക്കൂടി ഭൂമിയുടെ ഉപരിതലത്തിലേയ്ക്കിറങ്ങുവാനും, കാവ്യലക്ഷ്മി നിറപറവച്ചാരാധിക്കുവാൻ കാത്തുനിൽക്കുന്ന മറെറാരു കവിയെ കളിപ്പിള്ളേരുടെ കല്ലേറുകൊണ്ടു് പിൻതിരിഞ്ഞുനോക്കുന്നതിനും, സൗന്ദര്യപൂജ

യ്ക്കു് പുഷ്പമാല്യം തെണ്ടുന്ന വേറൊരു കവിയെ വഴിയിൽനിന്നു് പകച്ചുനോക്കുന്നതിനും ലോകം പ്രേരിപ്പിക്കുന്നു. ജീവിതവും ഹൃദയവുമായുള്ള ബന്ധം എന്തെന്നു് കലാകാരന്മാർ ചുഴിഞ്ഞു നോക്കുന്നതിനു മുൻപു് അവരുടെ മനസ്സു് സഹജീവികളുടെ വടംപിടിത്തത്തിൽ ബന്ധിക്കപ്പെടുന്നു.

ഇന്നു ലോകത്തിൽ രണ്ടു ജാതി മനുഷ്യരേ ഉള്ളൂ. മർദ്ദകരും, മർദ്ദിതരും—കരയിക്കുന്നവരും കരയുന്നവരും. ആദ്യം പറഞ്ഞവർ ഹിമവച്ഛൃംഗം പോലെ അനുനിമിഷം ഉന്നതിയിലേയ്ക്കു പായുന്നു. മറേറത്തരക്കാർ സമുദ്രംപോലെ അഗാധതയിൽ ആഴുന്നു. ശൃംഗം ഒരു പരിധിയിൽ സ്ഥിരമായി നിൽക്കുന്നു. അനന്തവിസ്തൃതമായ സമുദ്രം അലകളടിച്ചിളകിമറിഞ്ഞു് ആർത്തനാദത്തോടുകൂടി ശൃംഗത്തെ തവിടുപൊടിയാക്കാൻ അടുക്കുന്നു. അന്തരാളത്തിൽപെട്ട ഗംഗ, ക്ഷേഷയുദ്ധത്തിൽപ്പെട്ട ജംബുകം പോലെ ആത്മവിനാശത്തെ വരിക്കുന്നു.

മനുഷ്യൻെറ ഭൗതികങ്ങളായ ആഗ്രഹങ്ങളേയും, സുഖദുഃഖങ്ങളേയും, വികാരങ്ങളേയും, വിചാരങ്ങളേയും സ്പർശിക്കുകയും രൂപീകരിക്കുകയും ചെയ്യേണ്ടതു് കവിതയുടെ ധർമ്മമാണു്. സ്വാതന്ത്ര്യോദയത്തിനുള്ള ഉഷസ്സിൽ അന്തരീക്ഷം പ്രസന്നവും, നിർമ്മലവും, കോമളവും ആയിരിക്കേണ്ടതാണു്. എന്നാൽ നാം നമ്മുടെ മലയാളസാഹിത്യലോകത്തിൽ എന്തുകാണുന്നു? ഗംഗാനദിയുടെ ഒരു തീരത്തിൽ കുറെ വെള്ളം ഒഴുക്കില്ലാതെ കിടന്നുപോയെന്നു വിചാരിക്കുക. വർഷക്കാലത്തിൽ

വെള്ളം പെരുകുമ്പോൾ അതു സ്വയം ശുദ്ധീഭവിച്ച് മുടങ്ങിയ ഗതി വീണ്ടും തുടൎന്നുകൊള്ളും. എന്നാൽ വൎഷകാലത്തിൽ അതൊരു കൈവഴി വെട്ടിത്തുറന്ന് സ്വതന്ത്രമായി പ്രവഹിക്കുകയാണെങ്കിൽ ചളിയും മണ്ണും, കാട്ടും പടലും കലങ്ങിമറിഞ്ഞു് അടുത്തുവരുന്ന സകലത്തിനേയും സംഹരിച്ചുകൊണ്ടു പായുന്നു. അതിനാൽ വെള്ളം ധാരാളമുണ്ടെങ്കിലും ദാഹിക്കുന്നവൎക്ക് ഒരു തുള്ളി കുടിക്കുവാൻ കൊള്ളുകയില്ല. സ്പൎശിക്കുന്നവരുടെ ശരീരം മലിനമാകുകയും ചെയ്യും.

മലയാളത്തിൽ ഇന്ന് സാമാന്യജനങ്ങൾക്ക് വായിക്കുവാനുള്ള ഒരു ദാഹം—അറിവിനുവേണ്ടിയുള്ള ഒരു ബുഭുക്ഷ—വളരെ വൎദ്ധിച്ചിട്ടുണ്ടു്. എന്തുകിട്ടിയാലും ഭക്ഷിക്കുന്നതിന് ആളുകൾ തയാറായിരിക്കുന്നു. തെവരയരിച്ചോറുതന്നെ വേണമെന്ന് അവൎക്കാഗ്രഹമില്ല. റേഷൻ അനുസരിച്ചു കിട്ടുന്നതു് പൂത്തുപുഴുത്ത അരിയോ, ഉച്ചുൻ കുത്തിയ പയറോ, കല്ലുൻഗോതമ്പോ, ക്ലാഴുബംഗ്ലാവിലെ നരിക്കൂട്ടിൻെറ സൗരഭ്യമുള്ള "ബെഞ്ചു" തന്നെയോ ആയിക്കൊള്ളട്ടെ, ഭക്ഷിച്ചുകൊള്ളാം. വിശപ്പടങ്ങുന്നതിനു മാത്രം ഒന്നും കിട്ടുന്നില്ല. ഇതുതന്നെയാണ് സാഹിത്യത്തിലും കാണുന്നതു്. പൊതുജനങ്ങൾ ആവശ്യപ്പെടുന്നിടത്തോളം പുസ്തകങ്ങൾ ഉണ്ടാകുന്നില്ല. ഉണ്ടാകുന്നവയെല്ലാം കൊള്ളാവുന്നവയാണെന്നും പറയാനില്ല. സാഹിത്യവും സൗന്ദൎയ്യവുമായുള്ള കൂട്ടുകെട്ട് ഉപേക്ഷിക്കണമെന്ന് ഒരു കൂട്ടർ നിൎബ്ബന്ധിക്കുന്നു. ലോകത്തിൽ അസമത്വംനിമിത്തം ഭൂരിപക്ഷം ജനങ്ങൾ അനുഭവിക്കുന്ന ദാരിദ്ര്യം മനുഷ്യൻെറ

സകലവിധ കഷ്ടതകൾക്കും നിദാനമായിക്കരുതി അതു് ഉന്മൂലനംചെയ്യുന്നതിനുള്ള ഒരു ഉപകരണമായി അവർ സാഹിത്യത്തെക്കരുതിപ്പോരുന്നു. യാതൊരാദർശവുംകൂടാതെ മൃഗങ്ങളെപ്പോലെ ആഹാരാദി ചതുഷ്ടയംകൊണ്ടു് തൃപ്തിപ്പെട്ടു് ഭൂമിയുടെ ഉപരിതലത്തിൽ ഇഴയുന്ന ഒരു മനുഷ്യകീടത്തിന്റെ ഏററവും നിന്ദ്യമായ കൃത്യങ്ങളെ ഭാവനയുടെ സ്പർശംകൂടാതെ വർണ്ണിക്കുകയും, അവന്റെ സന്തോഷസന്താപാദികളിൽ നക്രബാഷ്പംചൊരിഞ്ഞു് നൃത്തംചെയ്തിട്ടു് അതിൽനിന്നു് ആദായമുണ്ടാക്കുകയും ചെയ്യുന്നതിനു വളരെപ്പേർ ഉദ്യമിക്കുന്നു. ആദർശത്തേക്കാൾ അനുഭവത്തിനും, പാരത്രികത്തേക്കാൾ ഐഹികത്തിനും, ആനന്ദത്തേക്കാൾ വേദനയ്ക്കും സാഹിത്യത്തിൽ കാലസ്ഥിതിയനുസരിച്ചു ഭേദഗതിവരുത്താം. അധോമുഖമായി പ്രവഹിക്കുന്ന ഗംഗ തീരത്തുനില്ക്കുന്ന സകലത്തേയും തട്ടിനിരത്തി, സകലമാലിന്യങ്ങളേയും കൂട്ടിക്കലർത്തിക്കൊണ്ടുതന്നെ മുമ്പോട്ടുപോകണം. ആഭാസങ്ങളും നീചങ്ങളുമായ പല ദുശ്ചേഷ്ടിതങ്ങളേയും ആവരണവും അലങ്കാരങ്ങളും കൂടാതെ വർണ്ണിക്കുന്ന ചെറുകഥകൾ പ്രതിദിനം വർദ്ധിച്ചുവരുന്നു. പാണ്ഡിത്യത്തേയും സംസ്ക്കാരത്തേയും നിന്ദിക്കുന്നതു് കലാതത്വബോധത്തിന്റെ മാനദണ്ഡമാണെന്നു പ്രഖ്യാപനം ചെയ്യുന്നു. വലിയ പരിവത്തനം! മഹാകവി രവീന്ദ്രനാഥടാഗോർ പ്രസ്താവിച്ചിട്ടുള്ളതുപോലെ പ്രകൃതിയുടെ നൈസർഗ്ഗികങ്ങളായ ആവരണങ്ങളെല്ലാം അകലത്തഴിച്ചുകളയാൻ ഉദ്യമിക്കുന്ന ആധുനികസാഹിത്യദുശ്ശാസനന്റെ ഉദ്യമം അപരി

ചിതവും അദ്ഭുതപൂർവ്വവും ആണ്. നമ്മുടെ പരിചയക്കുറവുകൊണ്ടാണോ നമ്മുടെ മനസ്സിൽ ലജ്ജയും അസുഖവും ഉണ്ടാകുന്നത്? ഈ ലജ്ജയുടേയും അസുഖത്തിന്റെയും പിന്നിൽ സത്യം തല പൊക്കുന്നില്ലേ?

---

# നടുവത്തു മഹൻ

അബലയും ചപലയുമാണു് ലക്ഷ്മി. സരസ്വതിയോ? രണ്ടു ദേവിമാരും സതീർത്ഥ്യമാരും സഖികളുമാണെന്നാണു് തോന്നുന്നതു്. ഭൌതികസമ്പത്തുപോലെ വിദ്യാസമ്പത്തും ശാശ്വതമായി അനുഭവിക്കാൻ സാധിച്ചിട്ടുള്ളദേശവും കുടുംബവും മിക്കവാറും ഇല്ലെന്നുതന്നെ പറയാം. ഈശ്വരാനുഗ്രഹവും പുരുഷപ്രയത്നവുംകൊണ്ടു് വിദ്യാദേവിക്കു കൂടുതൽ സ്ഥിരപ്രതിഷ്ഠ നൽകുന്നതിനു് ചുരുക്കം ചിലർക്കു സാധിച്ചെന്നുവന്നേക്കാം. എങ്കിലും ആ ദേവി കവിതാകാമിനിയായിട്ടു് ഒരു കുടുംബത്തിൽത്തന്നെ പല തലമുറക്കാരേയും തുടർച്ചയായി ആശ്ലേഷിക്കാറില്ല. സാമൂതിരിയുടെ പ്രഖ്യാതമായ വിദ്വൽസദസ്സിൽ ഉണ്ടായിരുന്ന പതിനെട്ടരക്കവികളിൽ എട്ടു പട്ടേരിസഹോദരന്മാരും ഒരു മഹനും ഉൾപ്പെട്ടിരുന്നെന്നു് കാണുന്നതു് ഇന്നു് അത്ഭുതവാർത്തകളുടെ കൂട്ടത്തിൽ ആണു് ഗണിക്കപ്പെട്ടിരിക്കുന്നതു്. അതിലും രണ്ടു തലമുറയെ നാം കാണുന്നുള്ളൂ. നടുവത്തു കുടുംബത്തിലാകട്ടെ ഒരു പിതാവും പുത്രനും മാത്രമല്ല, ഒരു പൌത്രനുംകൂടി കവിതാദേവിയുടെ കരുണാകടാക്ഷത്തിനു് പാത്രീഭവിച്ചതു്, മലയാളഭാഷയുടെ ഭാഗ്യമെന്നേ പറയേണ്ടതുള്ളൂ. പുണ്യശ്ലോകനായ നടുവത്തച്ഛൻെറ യശഃശരീരം സഹൃദയന്മാരായ കേരളീയരുടെ ഹൃദയരംഗങ്ങളിൽ നിന്നു് ഒരിക്കലും അന്തർദ്ധാനം ചെയ്യുന്നതല്ല. മഹനാകട്ടെ വാർദ്ധക്യത്തിലും കൈര

ളീകാമുകനായിത്തന്നെ വത്തിച്ചുപോന്നു. ഹൃദ്യങ്ങളായ പദ്യകുസുമങ്ങൾകൊണ്ടു് ഭാഷാദേവിയുടെ പാദരവിന്ദങ്ങളെ ഭക്തിപൂർവ്വം പൂജിച്ചിട്ടുള്ള പണ്ഡിതവരേണ്യന്മാരുടെ മുന്നണിയിൽ അദ്ദേഹം എന്നും പ്രശോഭിക്കുന്നു. അവിടുത്തെ സഹോദരപുത്രനായ ശങ്കരൻ നമ്പൂരി ഒരു വിദ്യാത്ഥിയായിട്ടുതന്നെ വശ്യവചസ്സായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ ജരാസന്ധവധവ്യായോഗവും മഹാകവി നീലകണ്ഠദീക്ഷിതരുടെ ശാന്തിവിലാസവും സംസ്കൃതത്തിൽനിന്നും ഭാഷയിലേക്കു വിവത്തനം ചെയ്തു് പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഇദ്ദേഹത്തിനും ഭാഷാസാഹിത്യലോകത്തിൽ വിഖ്യാതവും വിപുലവുമായ ഒരു ഭാവിയുണ്ടെന്നു് ജാതകം പരിശോധിക്കാതെതന്നെ പറയാവുന്നതാണു്. ഈ പാരമ്പര്യം ഇതിലും പരിപുഷ്ടമായിത്തീന്നു് സാഹിത്യഭക്തന്മാൎക്കു് നടുവത്തില്ലം കേരളത്തിന്റെ നടുക്കുള്ള ഒരു പാവനക്ഷേത്രമായിപ്പരിലസിക്കട്ടെ!

നടുവം മഹൻ എന്നു സുപ്രസിദ്ധനായ നാരായണൻ നമ്പൂതിരിയുടെ ജനനം കൊല്ലവഷം 1043-ൽ ആണു്. ജ്യോതിഷഭാഷയിൽ പറയുകയാണെങ്കിൽ 1043 മേടം 17-ാംതീയതി തിങ്കളാഴ്ചയും തിരുവാതിര നക്ഷത്രവും പൂർവ്വപക്ഷപഞ്ചമിയും കൂടിയ ദിവസം കന്നി മദ്ധ്യദ്രാക്കാണംകൊണ്ടാണു് ജനനം. നാളിൽ ച്ചെന്ന നാഴിക മുപ്പത്തഞ്ചേമുക്കാൽ; പക്കത്തിൽ അമ്പത്തഞ്ചേയരയ്ക്കാൽ; എന്നുകൂടി പറഞ്ഞാൽ അതു് അത്രയും പൂത്തിയായി.

"ആനേക്കാണണ: മമ്പിളിക്കലപിടി-
ച്ചീടേണമമ്മാത്തപോയ്
ചേനപ്പേരിഭുജിച്ച് ചെണ്ടവിരവിൽ-
കൊട്ടിക്കളിച്ചീടണം
ഞാനുണ്ണുന്നതിനമ്മചോരുതരണം-
ശാഠ്യങ്ങളേവം പിടി-
ച്ചാനന്ദത്തൊട്ടവാണിടുന്ന തനയൻ
നന്നായ്‌വരും നിർണ്ണയം."

എന്ന് കവികുലാലങ്കാരഭൂതനായ വെണ്മണിയച്ഛൻ നമ്പൂരിപ്പാട്ട്, ശൈശവത്തിൽ അവിടേയ്ക്കു നൽകിയ ആശീർവ്വാദം സർവദാ ഫലപ്രദമായിത്തന്നെ ഭവിച്ചു.

അച്ഛൻ തിരുമേനിയോട്ട് അക്ഷരോപദേശം വാങ്ങിയ മകൻ ഈശ്വരവാരിയർ, എളമന ഇളയതു് എന്നീ രണ്ടു ഗുരുക്കന്മാരോട്ട് പ്രഥമപാഠങ്ങളെല്ലാം യഥാകാലം പഠിച്ച് ബ്രഹ്മചര്യ്യാശ്രമത്തിൽ പ്രവേശിച്ചു. അക്കാലത്തു് അച്ഛൻ തിരുമേനി ഗവണ്മെൻറിൻെറ കീഴിലിരുന്ന കോടശ്ശേരിസ്ഥാനംവക മാനേജരായിരുന്നതിനാലും ജനോപകാരാൎത്ഥം വൈദ്യവിഷയത്തിൽ അധികം സമയം ചിലവുചെയ്തുവന്നതിനാലും പുത്രൻെറ വിദ്യാഭ്യാസകാൎയ്യത്തിൽ വേണ്ടത്ര ദൃഷ്ടിപതിപ്പിക്കുന്നതിന്ന് അദ്ദേഹത്തിനു സാധിച്ചില്ല. എങ്കിലും അക്കാരണത്താൽ മഹന്ന് യാതൊരു തരക്കേടും വരാതിരിപ്പാൻവേണ്ടി അദ്ദേഹത്തെ സമാവൎത്തനം കഴിഞ്ഞപ്പോൾ വിദ്വാന്മാരുടെ കേളീരംഗമായ കൊടുങ്ങല്ലൂർ കോവിലകത്തു് കൊണ്ടുചെന്നാ

ക്കി. അവിടെ കവിസാൎവ്വഭൌമൻ കൊച്ചുണ്ണിത്തമ്പു രാൻ തിരുമനസ്സിലെ സഹോദരിയും, ഒരു സുപ്രസിദ്ധ വൈയ്യാകരണ വിദുഷിയും ആയിരുന്ന കെങ്കത്തമ്പുരാട്ടി യുടെ അടുക്കൽ കാവ്യനാടകാലങ്കാരാദികളും, വിദ്വാൻ കുഞ്ഞിരാമവൎമ്മൻ തമ്പുരാൻ തിരുമനസ്സിലെ അടു ക്കൽ വ്യാകരണം ശേഖരാന്തവും അഭ്യസിച്ചു. ഇക്കാ ലത്തു് കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻ തമ്പു രാൻ, കാത്തുള്ളിൽ അച്ചുതമേനോൻ മുതലായ ശ്രേഷ്ഠ കവികളുടെ സാഹചൎയ്യവും സതീൎത്ഥ്യത്വവും അവി ടേക്കു ലഭിച്ചു. പഠിപ്പിലുള്ള സാമൎത്ഥ്യവും ഗുരുശു ശ്രൂഷയിലുള്ള ശുഷ്കാന്തിയും കൊണ്ടു് മഹൻ ഗുരുവി ൻെറ പുത്രനിർവിശേഷമായ വാത്സല്യത്തിനും അനു ഗ്രഹത്തിനും പാത്രീഭവിച്ചു. അക്കാലത്തു് സുപ്ര സിദ്ധ സാഹിത്യകാരനായ സി. പി. അച്ചുതമേ നോൻ കൊച്ചി വിദ്യാഭ്യാസവകുപ്പിൻെറ അദ്ധ്യക്ഷ നായിരുന്നു. അദ്ദേഹം കൊടുങ്ങല്ലൂർ ഒരു പള്ളിക്കൂ ടം സ്ഥാപിക്കുകയും നടുവം മഹനെ അവിടെഒരു മുൻ ഷിയായി നിയമിക്കുകയും ചെയ്തു. ഇക്കാലത്തു് മ ഹൻ മനോരമയിൽ കവിതയെഴുതുവാൻ തുടങ്ങി. ക്രു നേഴൻെറ കൂട്ടുപിടിച്ചു് മുദ്രാരാക്ഷസം നാടകം തൎജ്ജ മചെയ്യുകയും അന്നു് മിസ്റ്റർ സി. പി. നടത്തിയിരു ന്ന "വിദ്യാവിനോദിനി" യിൽ പ്രസിദ്ധപ്പെടു ത്തുകയും ചെയ്തു. ആയിടയ്ക്കാണു് ചാത്തുക്കുട്ടി മന്നാടിയാരും അച്ചുതമേനോനും തമ്മിൽ ഉത്തരരാമ ചരിതം നാടകം തൎജ്ജിമസംബന്ധമായി വലിയ കല ഹമുണ്ടായതു്. സി. പി. യുടെ ശ്രമത്തിൽ ചില ക

വികളെല്ലാം കൂടിച്ചേർന്ന് ഉത്തരരാമചരിതത്തിന് മറെറാരു തർജ്ജമ പുറപ്പെടുവിച്ചു. ഇതിൽ കാത്തുള്ളിൽ അച്ഛുതമേനോനും മഹൻ തിരുമേനിയും കൂടിയാണ് രണ്ട്, മൂന്ന്, അഞ്ച്, എന്നീ അങ്കങ്ങൾ തർജ്ജമ ചെയ്തത്. മൂന്നാമങ്കം മുഴുവനും മഹൻെറ തർജ്ജമ തന്നെയാണ്. ഉത്തരരാമചരിതം നാടകത്തിൽ ഏററവും പ്രധാനമായ മൂന്നാമങ്കം തർജ്ജമ മന്നാടിയാരുടേതിനേക്കാൾ ഒട്ടും പിമ്പോക്കമല്ലെന്നുമാത്രമല്ല,

സീതാദേവികനിഞ്ഞു കൈത്തളിരിനാ-
ലീന്തൻകുരുന്നുംകൊട്ടു-
ത്തേതാനും കളികണ്ടുപോററിയൊരു-
കൊച്ചാനക്കിടാവല്ലയോ?

എന്നിത്യാദി ചില ശ്ലോകങ്ങൾ ശയ്യാസുഖംകൊണ്ട് മന്നാടിയാരുടെ കൃതിയേയും അതിലംഘിച്ചിട്ടുണ്ട്. കൊല്ലവർഷം 1070-ാം മാണ്ടോടുകൂടി മഹനെ പഴയന്നൂർ സ്കൂളിലേക്കു സ്ഥലംമാററി. അവിടെ രണ്ടുമൂന്നു കൊല്ലം ജോലിനോക്കുന്നതിനിടയിൽ സാരോപദേശം, അംബാസ്തവം എന്നീ കൃതികൾ പ്രസിദ്ധപ്പെടുത്തി. ഇക്കാലത്താണ് തൻെറ കനിഷ്ഠസഹോദരനും, കുടുംബകാര്യാന്വേഷണത്തിൽ അച്ഛനെ സഹായിച്ചിരുന്നയാളും വൈദ്യശാസ്ത്രനിപുണനുമായിരുന്ന ശങ്കരൻ മിടുക്കൻനമ്പൂരി അകാലമൃതിയടഞ്ഞത്. അച്ഛനെ ശുശ്രൂഷിക്കുന്നതിനും കുടുംബഭരണത്തിനുംവേണ്ടി ഉദ്യോഗം രാജിവച്ച് മഹൻ അന്നുമുതൽ ഇല്ലത്തുവന്ന് താമസമുറപ്പിച്ചു. അച്ഛൻ തിരുമേനിയും കേരളകാളിദാസനും തമ്മിൽ വൈക്കത്തു

വച്ച് ഇക്കാര്യത്തെപ്പററി സംസാരിച്ചതു് അഷ്ടമി യാത്രയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു,

"ഇക്കൂടെയുള്ളതു്?" "മഹൻ" "ശരിയാവടക്കൻ-
ദിക്കിങ്കൽമുമ്പുമുനിഷിപ്പണിയായിരുന്നോൻ"
"ഇക്കാലമില്ല മുനിഷിപ്പണിയിങ്ങു ശുശ്രൂ-
ഷയ്ക്കാക്കിയെൻെറ സുകൃതക്കൊടിവെന്തശേഷം."

മഹൻതിരുമേനി അക്കാലത്തു് ഒരു സ്നേഹിതനു് എഴുതിയ എഴുത്തിൽ

"ഇല്ലത്തഞ്ഞൂറുകന്തം, ജനകനസുഖമി-
ല്ലമ്മയും നന്നെ വയ്യാ-
തല്ലൽപ്പെട്ടാണിരിപ്പിയ്യിവനമനുദിനം ദീന-
മൊക്കെക്കുഴപ്പം
തെല്ലല്ലേ ബുദ്ധിമുട്ടിക്കവെനവിഷയമേ
വിട്ടുഞാൻ ഗേഹഭാരം
കില്ലുറേററിക്കഴിഞ്ഞു കഴുതകൾ കനക-
ച്ചാക്കുചോക്കുംപ്രകാരം."

എന്നിങ്ങനെ എഴുതിയിരിക്കുന്നു. ഇക്കാലത്താണു് കൊച്ചിയിൽ തീവണ്ടി നടപ്പാക്കുവാനുള്ള ഉദ്യമം തുടങ്ങിയതു്. ഇതിലേക്കുവേണ്ട സ്ഥലം പൊന്നും വില കൊടുത്തെടുക്കുന്നതിനു് പിൽക്കാലത്തു ദിവാൻ പദമലങ്കരിച്ച ബ്രഹ്മശ്രീ ടി. എസ്സ്. നാരായണയ്യരെയാണു ഗവമ്മെൻറിൽനിന്നും നിയമിച്ചതു്. ഇല്ലംവക പത്തു നൂറുപറയ്ക്കു് നിലവും കുറെ പുരയിടങ്ങളും ഈ ആവശ്യത്തിനുവേണ്ടി സക്കാരിൽനിന്നും കൈകോരി. അതേപ്പററി മഹൻ ഒരുകത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

"തൊണ്ണൂറ്റെട്ടുപറയ്ക്കു നല്ല കനകം കായ്ക്കും
    നിലം പോകയാൽ
കണ്ണീരിൽകുളിയാണു് ഞങ്ങളുടെ കുടും-
    ബത്തോടുകൂടിസ്സഖെ!!
വർണ്ണിപ്പാനരുതായതിന്റെ വിലവാങ്ങീ-
    ടാൻ ശ്രമിച്ചീയിടെ
കണ്ണാണോടിനടക്കയാണൊരിടയില്ല-
    ന്തിക്കുമെൻതോഴരെ!
കുണ്ടംകണ്ടതെടുത്തിട്ടും, വിലതരാ-
    നാരെങ്കിലും ചൊല്ലിയാൽ
ശണ്ഠക്കെത്തിട്ടു,മെന്തുപദ്രവമിതാക്കാ-
    നം സഹിക്കാവതോ?
ഉണ്ടീടാൻവഴിയില്ല, കഷ്ടമിവരീവ-
    ണ്ണം തുടന്നാൽ വിശ-
പ്പുണ്ടായാലതടങ്ങുവാൻ കവിമണേ!
    തീവണ്ടി തിന്നാവതോ?
വേണ്ടുംവണ്ണം വിചാരിച്ചലിവൊടു വില-
    തന്നീടുവാൻ കൊച്ചിരാജൻ
ലാണ്ടക്വിസ്സിഷ്യനാഫീസറെ ഉടനടി
    കല്പിച്ചു തീർച്ചപ്പെടുത്തി
കണ്ടാൽവേണ്ടില്ലാ വാക്കോത്തുകിലകമലിയും
    സ്വാമി കണ്ടങ്ങൾനോക്കി
കണ്ടാൽ മിണ്ടില്ല, മൂളും, കടശി വിലകൊട്ടു-
    ക്കില്ല, കേൾക്കില്ല കാര്യം.

ജില്ലാക്കോർട്ടിൽക്കടന്നു തെളിവുകളഖിലം
വാങ്ങുവാൻ തീർച്ചവന്നു
മെല്ലെത്തക്കം തുടർന്നു ജഡ്ജിയവർകളും
സങ്കടംകേട്ടുണർന്നു
എല്ലാം പാകത്തിൽവന്നു പഴയവിധിയിലെ
ത്തോതു തെറെറന്നുവന്നു
ചൊല്ലാം ഞങ്ങൾക്കുതന്നു പണമനവധി
മറേറാക്കിതിൽ തോൽവിവന്നു."

ഈയവസരത്തിൽത്തന്നെയായിരുന്നു സവ്വേ സെററിൽമെൻറ്. ഒരു കാൎയ്യസ്ഥനെവച്ച്, ഈ കാൎയ്യങ്ങൾ മുഴുവൻ നിർവ്വഹിക്കുന്നതിൽ അച്ഛനു തൃപ്തി ഉണ്ടായിരുന്നില്ല. നമ്മുടെ കാൎയ്യങ്ങൾ നാം തന്നെ നോക്കിപ്പരിശോധിച്ചു നടത്താഞ്ഞാൽ എന്നും അന്യനെ ആശ്രയിക്കേണ്ടിവരുമെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. മഹനേപ്പോലെ കാൎയ്യശേഷിയുള്ള ഒരുവനുള്ളപ്പോൾ ഒരു കാൎയ്യസ്ഥൻ മിക്കവാറും അനാവശ്യവുമാണ്. അദ്ദേഹത്തിൻെറ കാൎയ്യശേഷിക്കു പ്രത്യക്ഷലക്ഷ്യം ആവട്ടത്തൂർ മഹാദേവക്ഷേത്രത്തിൽ ഇന്നും കാണാവുന്നതാണ്.

നടുവത്തില്ലം ആവട്ടത്തൂർ ഗ്രാമത്തിൽപെട്ടതാണ്. ആ ഗ്രാമദേവതാക്ഷേത്രം ഒരു കാരായ്മസമുദായത്തിൻെറ ദുർഭരണം നിമിത്തം പത്തുനാല്പതിന്നായിരം ഉറുപ്പിക കടത്തിൽ മുങ്ങിയിരുന്നു. തന്നിമിത്തം 78-ൽ ക്ഷേത്രോദ്ധാരണകൎമ്മത്തിൽ മഹൻനമ്പൂരിക്കു ഇടപെടേണ്ടതായിവന്നു. അവിടുന്നു സമുദായവുമായി വ്യവഹരിച്ച് അദ്ദേഹത്തെ തൽസ്ഥാനത്തുനിന്നും

നിഷ്കാസനം ചെയ്യുകയും താൻതന്നെ ഭരണം കൈയേൽക്കുകയും ചെയ്തു. ചുരുങ്ങിയ കാലത്തിനുള്ളിൽ ദേവസ്വത്തിലെ കടം മുഴുവൻ തീർത്തതുമാത്രമല്ല, പത്തുപതിനായിരം ഉറുപ്പികയുടെ മരാമത്തും ധ്വജപ്രതിഷ്ഠയും നടത്തുകയും ചെയ്തു. ഈ ധ്വജപ്രതിഷ്ഠയെപ്പററി കുഞ്ഞിക്കുട്ടൻ തമ്പുരാൻ

"മയ്യുണ്ണാൾ മടിയിങ്കലും മുടിയിലും വാഴ്‌വോ-
രഗസ്ത്യാലയം
മുക്കണ്ണന്റെനടയ്ക്കലിക്കൊടിമരം നിൽക്കുന്ന
കാലംവരെ
ചൊൽക്കൊള്ളും നടുവം മഥന്നു പതിവായ്
സ്വർഗ്ഗത്തിലും പോയ്‌വരാ-
മുൽക്കണ്ഠയെന്നൊരിടച്ചിലില്ല കയറാം കൈ-
ലാസശൈലത്തിലും."

എന്നു് എഴുതിയിരിക്കുന്നു. ഈ ദേവസ്വഭരണത്തിന്റെ ഒരു ചുരുക്കം "കാവ്യശകല"ങ്ങളിൽ ചേർത്തിരിക്കുന്ന "കൃഷ്ണപ്പൻ" എന്ന കൃതിയിൽ കാണാവുന്നതാണു്. 85-ൽ അച്ഛൻ നമ്പൂരിയുടെ കാലിൽ ഒരു പഴുപ്പു വന്നു കൂടുകയും, പല ഭാഷാകവികളുടേയും പദ്യമയമായ പ്രാർത്ഥനകൾകൊണ്ടു് ഭേദപ്പെടുകയും ചെയ്ത കഥ പ്രസിദ്ധമാണല്ലോ.

"തെരുതെരെ നെടുവീർപ്പിട്ടാവുവമ്മെ വലഞ്ഞെ-
ന്നരുളിയവശനായിക്കാൽപിടിച്ചുതിയുതി
പുരുരുജസഹിയാഞ്ഞിട്ടെന്ന നോക്കുന്നിതച്ഛൻ-
തിരുവടി; ഗുരുവായൂരമ്പുമെൻ തമ്പുരാനെ."

എന്നും മററുമുള്ള പ്രാർത്ഥനകളോടുകൂടി കഴിച്ചു കൂട്ടിയ അഞ്ചാറുമാസക്കാലത്തിനിടയിലും ദേവസ്വം ഭരണം യാതൊരു വീഴ്ചയുംകൂടാതെ നടത്തിവന്നു. 86-ാമാണ്ടു് അവിടേയ്ക്കു് ഒരു ഗ്രഹപ്പിഴകാലമായിരുന്നു. അന്നാണു് അദ്ദേഹത്തിനു് വസൂരിയും, തദനന്തരം പുറത്തൊരു കുരുവും പിടിപെട്ടതു്. "ദീനാക്രന്ദനസ്തവം" "സ്തവമഞ്ജരി" എന്നീ കൃതികൾ ഇക്കാലത്തു രചിച്ചിട്ടുള്ളവയാണു്. ഇങ്ങനെ മഹനെ ബാധിച്ച സുഖക്കേടിനെപ്പററിയാണു് മഹാകവി വള്ളത്തോൾ

"ഗുരുവാം ദ്വിജനാത്തശയ്യവിട്ടി
ട്ടൊരുവർഷം തികയുന്നതിൻമുമ്പെ
കുരുപെട്ടു മഹൻകിടപ്പിലായാ-
നരുതെന്നോ നടുവത്തു നല്ലകാലം."

എന്നു് എഴുതിയിരിക്കുന്നതു്. ഇക്കാലത്തും, തദനന്തരം 96-ൽ അവിടേയ്ക്കു് അർദ്ദിതരോഗം ബാധിച്ചപ്പോഴും ആയുർവ്വേദ പാരാവാരപാരംഗതനായ വൈദ്യരത്നം ഈ. ടി. നാരായണൻമൂസ്സാണു് അവിടത്തെ ചികിത്സിച്ചിരുന്നതു്. 88-ൽ പുണ്യശ്ലോകനായ അച്ഛൻനമ്പൂരി ദിവംഗതനായി. കൈരളിയുടെ ഒരു കണ്ഠാലങ്കാരം കാലപ്രവാഹത്തിലിടിഞ്ഞു. സംവത്സരദീക്ഷയ്ക്കിടയിലും കൈവശംവച്ചിരുന്ന ദേവസ്വംഭരണം അവസാനമായി വിട്ടൊഴിഞ്ഞതു് 97-ൽ ആണു്. അനന്തരകാലത്തു് സന്താനഗോപാലം, ആശ്രമപ്രവേശം, ഭക്തിലഹരി എന്നീ ചെറുകാവ്യങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ഘോഷയാത്ര നാടകം എഴുതിത്തീർക്കുകയും ചെയ്തു.

മഹൻനമ്പൂരി വിവാഹം ചെയ്തിരുന്നതു് ഇല്ല ത്തു നിന്നും അധികം ദൂരമില്ലാത്ത പെരിഞ്ചേരിവീട്ടിൽ നിന്നാണു്. ഹൈക്കോർട്ടുവക്കീൽ ശ്രീമാൻ രാമൻമേനവൻ അവർകളുടെ സഹോദരി നാനിക്കുട്ടിയമ്മയാണു് അവിടത്തെ കളത്രം. ഈ മഹതിയിൽ അവിടേയ്ക്കു് നാലു് ആണ്മക്കളും നാലു പെണ്മക്കളും ഉണ്ടായിട്ടുണ്ടു്.

പെണ്മക്കൾ നാലുപേരും വിവാഹിതകളായി. ആണ്മക്കളിൽ മൂന്നുപേർ സക്കാരുദ്യോഗസ്ഥന്മാരായും ഭവിച്ചു. അവിടത്തെ ഭക്തിസംവർദ്ധകങ്ങളായ ചില കൃതികൾ ശ്രീമതി നാനിക്കുട്ടിയമ്മയുടെ ആവശ്യവും പ്രേരണയും അനുസരിച്ചു് നിമ്മിച്ചവയാകുന്നു. ഗുരുവായൂരപ്പൻ, പിഷാരിക്കലമ്മ, ശിവസ്തവം മുതലായവ അക്കൂട്ടത്തിൽ ഉൾപ്പെടുന്നു. സ്ഥാനത്യാഗം ചെയ്ത കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു് അവിടത്തെ കവിതയെ അഭിനന്ദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ടു്. തിരുമനസ്സിലേക്കു സമപ്പിച്ച

"മാടേറിസഞ്ചരിച്ചീടുക,യടിപണിയും
ഭൂതജാലങ്ങൾകഷ്ട-
പ്പാടേല്ക്കാതുള്ള രക്ഷാനിപുണത, നി-
ലനിൽക്കുന്ന സവ്വജ്ഞനാമം
കൂടെപ്പേർകൊണ്ടരപ്പാവ്വതി, കളുർമ-
വരുത്തുന്നാകുന്നിന്മെൽവാസം
ചോടേവംപാത്തിടുമ്പോൾ നിധിപതിസൃ-
ഖദൻ തമ്പുരാൻശംഭുതന്നെ."

മുതലായ ശ്ലോകങ്ങൾ തിരുമനസ്സിലെ പ്രശംസയ്ക്കു് പ്രത്യേകം പാത്രീഭവിച്ചിട്ടുണ്ടു്. അക്കൂട്ടത്തിലുള്ള മററൊരു ശ്ലോകമാണു് താഴെ ഉദ്ധരിക്കുന്നതു്.

"നേരായ് നിന്നാശ്രയിക്കുന്നവർകളിലലിവുണ്ടെത്രയും നല്ലയോഗ്യ-
ന്മാരാരായാലുമില്ലാകരുണ നിജമതദ്വേഷിയാണെന്നുവന്നാൽ
പാരാകെപ്പാടിവാഴ്ത്തും ഗുണഗണമിവിടെ ദൃഷ്ടസംസാരമേത്തും
ചേരാതാകുന്ന മാടക്ഷിതിപതിവിമലൻഹന്ത! പൂർണ്ണത്രയീശൻ."

കവികുലകൂടസ്ഥനായിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാനു് നടുവത്തച്ഛനോടുണ്ടായിരുന്ന സ്നേഹാദരങ്ങൾ മഹനിലും വൈപുല്യേന സംക്രമിച്ചിരുന്നു. അദ്ദേഹത്തിൻെറ ഒരു കത്തിൽ ഇപ്രകാരം കാണുന്നു.

"തദാതദാകർണ്ണ്യ മനോരമായാ-
മുദാരയുഷ്മൽക്കവിതാവിലാസം
ഹൃദാസുഹൃന്നന്ദനനെന്നതോർത്തു
മുദാതിവേലം തരളോഹമാസം.

തന്തനീതിയതിലംഘ്യകൌശലം
ഹന്തകാട്ടിയിതുസംസ്കൃതേപ്യലം
തന്തനീതിഭവദീയപത്രമെ-
ന്നന്തരന്തരഹിതം കുതൂഹലം.

ദോഷജ്ഞഭാവംഭവതാദധീരുക്തം
കൊച്ചുണ്ണിഭൂപേനഭിഷജ്യതാതം
ലഘൂകൃതവ്യാധിമമേത്യതാതം
യുഷ്മാകമേതിപ്രമദംപ്രഭൂതം."

ഇത്തരം സ്നേഹമസൃണങ്ങളായ കത്തുകൾകൊണ്ടു് കുഞ്ഞിക്കുട്ടൻതമ്പുരാൻ, കൊച്ചുണ്ണിത്തമ്പുരാൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, ഒറവങ്കര, ഉള്ളൂർ, വള്ളത്തോൾ, ഒടുവു്, കുണ്ടൂർ, കാത്തുള്ളി, മുതലായ പ്രിയമിത്രങ്ങൾ ഓരോ അവസരങ്ങളിൽ അവിടത്തെ സല്ക്കരിക്കുകയും, അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ടു്. അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് അവിടത്തെ സഹോദരനിർവ്വിശേഷം കരുതിപ്പോന്നിരുന്നു. ഒരിക്കൽ തിരുമനസ്സിലെക്കൂടെ താമസിക്കുമ്പോൾ മഹൻതിരുമേനി മാരാർ ജഡ്ജിയുടെ ക്ഷണം അനുസരിച്ചു് അദ്ദേഹം പുതുതായി പണികഴിപ്പിച്ച "പുല്ലേൽക്കുന്നു" ബംഗ്ലാവു കാണാൻ പോയിരുന്നു. അവിടെവച്ചു്

"കുന്നിന്മേൽപ്പള്ളിമാടം കയറിയരുളീടും
പാർവ്വതീപ്രാണനാഥൻ
വന്നിക്കുന്നിൻെറ വൻപൊക്കെയുമൊരുകുറി
കണ്ടെങ്കിലുണ്ടാമനർത്ഥം
നിന്ദിക്കും താനിരിന്നൊരുചെറിയകുളി
ക്കുന്നുപുല്ലെന്നുപുല്ലേൽ-
ക്കുന്നിന്മേൽവന്നുകൂടാനിടവരുമിടപാടാകു-
മെന്നൊൻെറപക്ഷം."

എന്നൊരു ശ്ലോകം പെട്ടെന്നുണ്ടാക്കിച്ചൊല്ലി.

മഹൻ വാർദ്ധക്യകാലത്തിലും ദിനചര്യയിൽ അത്യന്തം നിഷ്ഠയുള്ളവനായിരുന്നു. കാലത്തു് അഞ്ചു മണിക്കു കുളി. ഗണപതിഹോമം, ആദിത്യനമസ്കാരം, പുഷ്പാഞ്ജലി, ദേവീമാഹാത്മ്യപാരായണം ഇത്രയും അമ്പലത്തിലും ഭാഗവതവും, ഗീതയും പാരായണം ഇല്ലത്തു നാലുകെട്ടിലുംവച്ചു് നിത്യവും നടത്തിപ്പോന്നു. തദനന്തരം കാപ്പിയും ഏകദേശം പത്തു മണിയോടുകൂടി ഊണും കഴിക്കുക പതിവായിരുന്നു. രണ്ടരമണിക്കുള്ള കാപ്പി കഴിഞ്ഞതിനുശേഷമാണു് വർത്തമാനക്കടലാസ്സു് വായനയും സാഹിത്യപരിശ്രമങ്ങളും. വൈകുന്നേരം സന്ധ്യാവന്ദനം കഴിഞ്ഞു് പാലും പഴവും ഭക്ഷിച്ചിട്ടു് ഒൻപതുമണിയോടുകൂടി ഉറങ്ങുകയും ചെയ്തിരുന്നു.

ഇല്ലത്തു് വേറെയും ചെറുപ്പക്കാരുണ്ടായിരുന്നെങ്കിലും ശങ്കരൻനമ്പൂരിക്കു മാത്രമാണു് അവിടത്തെ ശിഷ്യസ്ഥാനം വഹിക്കാൻ ഭാഗ്യമുണ്ടായതു്. കുടുംബഭരണം വലിയച്ഛന്റെ പുത്രനും ഗൃഹസ്ഥനുമായ പരമേശ്വരൻനമ്പൂരി നിർവ്വഹിച്ചുപോന്നു.

"അവ്യാധിഗാത്രമനുകൂലതരംകളത്രം
വേശ്മപ്രശസ്തവിഭവംവിശദാചവിദ്യാ
ശ്ലാഘ്യംകുലം........." എന്നിങ്ങനെയുള്ള സകല ഭാഗ്യങ്ങളാലും അനുഗൃഹീതനായിരുന്നു നടുവത്തു മഹൻ.

ലൌകികജീവിതത്തിൽ അന്ത്യകാലത്തു് അല്പം വിരക്തി വന്നതോടുകൂടി അദ്ദേഹത്തിനു ഭഗവത്ഭക്തി വർദ്ധിക്കുകയും ചെയ്തിരുന്നു.

"പ്രായംക്രൂട്ടകയാലട്ടത്തവരുമിട്ടേറെ–
കഴുകുന്നഹാ!
കായംപ്രാകൃതമായി വേണ്ടവർത്തുണ–
ക്കിന്നാരുമില്ലാതെയായ്
ദായത്തിന്നവകാശികൾക്കധൃതിയായ്
ശ്രീകൃഷ്ണ! ജീവച്ഛവ–
പ്രായംജീവിതമെൻെറയീദ്ദുരിതവും
പ്രാരബ്ധവും തീക്കണേ."

എന്നാണ് ഭക്തിലഹരിയിൽ അദ്ദേഹം പ്രാത്ഥിച്ചിരിക്കുന്നതു്. തൻെറ മരണം ഹൃദയസ്തംഭനം മൂലമായിരിക്കണമെന്നും അതു് ഒരു രാത്രിയിലെ സ്വപ്നമായി അവസാനിക്കണമെന്നും അവിടുന്നു് ആഗ്രഹിക്കുകയും പറയുകയും ചെയ്യാറുണ്ടു്. അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു. കഴിഞ്ഞ മേടമാസം 26–ാംതീയതി ഊണുകഴിഞ്ഞു് വിശ്രമിക്കുന്ന സമയത്താണു് ഹൃദയത്തിൽ വേദന തുടങ്ങിയതു്. രാത്രിയിൽ ഡാക്ടർ വന്നു ഇൻജക്ററു ചെയ്യുകയും അതോടുകൂടി ഉറങ്ങുകയും ചെയ്തു. പിന്നീടു് അവിടുന്നു് ഉണരുക ഉണ്ടായിട്ടില്ല. പുത്രമിത്രകളത്രാദികളെല്ലാം തൽസമയം സമീപത്തുണ്ടായിരുന്നു. 27–ാംതീയതി രാവിലെ പത്തു മണിയോടുകൂടി അവിടുന്നു ബ്രഹ്മസായൂജ്യം പ്രാപിച്ചു.

നടുവം മഹനെ ഞാൻ ആദ്യമായി സന്ദശിക്കുന്നതു് 86–ൽ വൈക്കത്തുവച്ചു കൂടിയ ഭാഷാപോഷിണി യോഗത്തിൽവച്ചാണു്. അടുത്തകാലത്തു് ഇല്ലത്തു് പലപ്പോഴും പോകുന്നതിനും, അവിടുത്തെ ദൃഢമൈത്രി സമ്പാദിക്കുന്നതിനും എനിക്കു് അവസരം ലഭിച്ചി

ട്ടുണ്ട്. കഴിഞ്ഞ മേടം 3-ാംതീയതിയാണു് ഞാൻ അവിടുത്തെ അവസാനമായിക്കണ്ടതു്. അന്നു് സായാഹ്നത്തിൽ ഞങ്ങൾ ഒരുമിച്ചു് ഇല്ലത്തുനിന്നും ഭാൎയ്യാഗൃഹംവരെ പോകുകയുണ്ടായി. വഴിക്കു്

"സാഹിത്യത്തിലൊരുന്നി സല്ക്കവികളെ-
പ്പൂമാലചാൎത്തിച്ചു; ദു-
സ്സാമൎത്ഥ്യത്തൊടടുത്ത ദുഷ്കവികളേ
മൎദ്ദിച്ചുതൻതൂവലാൽ
സാധുശ്രീതിരളുംപ്രസംഗസുധയാൽ
സൎവ്വത്രസന്തോഷവും
സാരജ്ഞക്കറിവുംകൊടുത്തുസതതം
വൎത്തിക്കവൎദ്ധിച്ചുമേൽ."

എന്നൊരു ശ്ലോകംചൊല്ലി എന്നെ അനുഗ്രഹിക്കുകയും ചെയ്തു. അവിടുത്തെ ചരമംകൊണ്ടു് വെണ്മണിപ്രസ്ഥാനത്തിൻെറ അവസാനസ്തംഭം വീണുപോയിരിക്കുന്നു! സൎവ്വശക്തനായ ജഗദീശ്വരൻ അവിടേയ്ക്കു് നിത്യശാന്തിയരുളട്ടെ!!!

---

# ഭാഷയിലെ മൂന്നു് ആഖ്യായികാ കൎത്താക്കന്മാർ.

പുരാതനകാലത്തു് ഭാരതഖണ്ഡം വിശ്രുതന്മാരായ കാഥികന്മാരെക്കൊണ്ടു് അലംകൃതമായിരുന്നു. വ്യാസൻ, വാത്മീകി മുതലായവരുടെ പുരാണങ്ങളും, ഇതിഹാസങ്ങളും കാഥികവൃത്തിയിലുള്ള വാസനയുടെ പരിപക്വഫലങ്ങളാണു്. അൎത്ഥവാദം എന്നൊരു കവിതാരീതിയെ അടിസ്ഥാനപ്പെടുത്തി പ്രപഞ്ചരഹസ്യങ്ങളുടെ ചില മൂലതത്വങ്ങളെപ്പററി പ്രതിപാദിക്കുകയും, തദ്വാരാ, ലോകൎക്കു തങ്ങളുടെ ജീവിതോദ്ദേശത്തെ നിർവഹിക്കുന്നതിനുതകത്തക്കവണ്ണം ജ്ഞാനോപദേശം ചെയ്കയും, അതേസമയം ശ്രോതാക്കളിൽ അമിതമായ സന്തോഷം ഉല്പാദിപ്പിക്കുകയും ചെയ്യുന്നതിനാണു് അവർ ശ്രമിച്ചിട്ടുള്ളതു്. ലോകത്തിൻെറ ശൈശവകാലത്തു് മനുഷ്യരുടെ സങ്കല്പശക്തിക്കു് കൂടുതൽ ദാർഢ്യമുണ്ടായിരുന്നതുകൊണ്ടു് ഈ വക പുരാണങ്ങളും, ഇതിഹാസങ്ങളും കൂടാതെ, വിസ്മയജനകമായ വിക്രമാദിത്യചരിത്രംപോലെ വേറെയും പല കഥകളും ഉത്ഭവിക്കുന്നതിനിടയായിട്ടുണ്ടു്. ലോകോത്തരമായ ആഹ്ലാദധൎമ്മം പ്രവഹിക്കുന്ന ആ കാവ്യതല്ലജങ്ങളിൽ ഇന്നും സഹൃദയവൈമുഖ്യം ജനിച്ചിട്ടില്ല. എങ്കിലും അനവധി ശതവൎഷങ്ങളിൽക്കൂടി പ്രയാണം ചെയ്തിട്ടുള്ള ലോകത്തിൻേറയും, കാലത്തിൻേറയും വല്യതാ

യ മാററം കവികളേയും, കാഥികന്മാരേയും കൂടി ബാധി ക്കാതിരുന്നില്ല. ഭൗതികശാസ്ത്രപാരംഗതന്മാരായ പാ ശ്ചാത്യരുടെ അഭ്യുദയം അവരുടെ യന്ത്രനിമ്മാണത്തി ലുള്ള ബുദ്ധിശക്തിയെ ആശ്രയിച്ചാണിരിക്കുന്നതു്. ആ വക യന്ത്രങ്ങൾ മനുഷ്യപ്രയത്നത്തെ ലഘൂകരിക്കുന്ന തിനുദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണെങ്കിലും, ജീവിതമത്സ രത്തെ വർദ്ധിപ്പിക്കുന്നതിനുള്ള ഉപകരണങ്ങളായിപ്പ രിണമിച്ചിട്ടുണ്ടെന്നുള്ളതു് പരമാത്ഥമാകുന്നു. ഈ ജീ വിതമത്സരംകൊണ്ടു് ലോകത്തിനു വന്നിട്ടുള്ള മാററം കാവ്യ ലോകത്തിൽ പ്രതിഫലിക്കുന്നതിനാരംഭിച്ച പ്പോൾ കഥനരീതിക്കും ഗണനീയമായ മാററം സംഭവി ച്ചു. മനുഷ്യൻെറ അഗാധമായ ചിന്തയ്ക്കും, അതിരററ സന്തോഷത്തിനും നിദാനമായ വിഷയം മനുഷ്യസ്വഭാ വം തന്നെയാണെന്നുള്ള ബോധ്യം കവികളിൽ അങ്കുരി ച്ചു. സൽഗുണങ്ങൾക്കും, ദുർഗ്ഗുണങ്ങൾക്കും ആസ്പദങ്ങ ളായ വിവിധ സ്വഭാവങ്ങളുടെ ആദർശങ്ങളെ ക്രോഡീ കരിച്ചു് ലോകത്തിൻെറ യഥാത്ഥ പ്രതിച്ഛായകളെ ന്നു തോന്നിക്കുന്ന പാത്രങ്ങളെക്കൊണ്ടു് അലംകൃതമായ കഥകളെ നിമ്മിക്കുന്നതിനുവേണ്ടി ആംഗ്ലേയ ഗദ്യകാ രന്മാർ ചെയ്ത ശ്രമത്തിൻെറ പരിപക്വ ഫലങ്ങളാണു് നവീനാഖ്യായികകൾ. മലയാളാഖ്യായികകൾ ഈ മാർഗ്ഗത്തെ അവലംബിച്ചും, അനുകരിച്ചും ഉണ്ടായവ യാകുന്നു.

ഇന്നു മലയാളസാഹിത്യത്തിൽ സുപ്രസിദ്ധന്മാരാ മൂന്നു് ആഖ്യായികാകത്താക്കന്മാർ ചന്തുമേനോൻ സീ. വി. രാമൻപിള്ള, അപ്പൻതമ്പുരാൻ തിരുമനസ്സു

കൊണ്ടു്, എന്നിവരാകുന്നു. ഇവരിൽ ചന്തുമേനോനും, സീ. വി. രാമൻപിള്ളയും പരസ്പരവിരുദ്ധങ്ങളായ രണ്ടു രീതികളിൽ ഓരോന്നിൻെറ പ്രണേതാക്കളാകുന്നു. അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടാകട്ടെ, ഈ രണ്ടു രീതിയോടും പ്രത്യക്ഷമായി മല്ലിടാതെ മററൊരു മാൎഗ്ഗത്തെ അവലംബിച്ചു് ആഖ്യായികാനിൎമ്മാണം ചെയ്തിരിക്കുന്നു.

ചന്തുമേനോൻെറ അവലോകനശക്തിയും, മനുഷ്യഹൃദയജ്ഞാനവും, സംഭാഷണചാതുൎയ്യവും, ഘടനാലാഘവവും, പരിഹാസപാടവവും, അനന്യസാധാരണങ്ങളാണു്. എന്നാൽ അദ്ദേഹം ഒരു ഉപരിപ്ളവശീലനാകുന്നു. അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ അഗാധമായ ചിന്തക്കു് അവകാശം നൽകുന്നില്ല. ആ ഗ്രന്ഥങ്ങളിൽ കാണുന്ന പാത്രങ്ങളുടെ വാക്കും, പ്രവൃത്തിയും അവയുടെ കാരണവും, ഉദ്ദേശവും, അറിയുന്നതിനു് ആൎക്കും രണ്ടു തവണ വായിക്കേണ്ട ആവശ്യമില്ല. അധികം തവണ വായിക്കുന്നതുകൊണ്ടു് അവയിൽ നിന്നും യാതൊന്നും കൂടുതലായി മനസ്സിലാക്കാൻ ലഭിക്കുകയുമില്ല. ശൎക്കരയുണ്ടപോലെ അവ ആപാദചൂഡം ഒരേ വിധത്തിലുള്ള മാധുൎയ്യത്തോടുകൂടിയവയാകുന്നു.

സീ. വി., നേരേ മറിച്ചു്, ഒട്ടും ഉപരിപ്ലവശീലനല്ല. അവലോകനത്തെക്കാൾ സങ്കല്പത്തിനാണു് അദ്ദേഹത്തിനു കൂടുതൽ ദാൎഢ്യമുള്ളതു്. ഘടനയിലുള്ള ദൃഢബന്ധം, ആശയങ്ങളുടെ അസാധാരണത്വം, ഭാഷയുടെ കാഠിന്യം, സംഭാഷണങ്ങളുടെ കൃത്രിമത്വം, മുതലായവ ചേൎന്നു് സീ. വി. യുടെ ഗ്രന്ഥങ്ങൾക്കു് ഒരു

ഘനവും, ഗാംഭീയ്യവും ഉണ്ടാക്കിത്തീത്തിട്ടുണ്ടു്. ആ ഗ്രന്ഥങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാവുന്നവയും, വേഗത്തിൽ വായിച്ചു തീക്കാവുന്നവയുമല്ല.

അപ്പൻതമ്പുരാൻ തിരുമനസ്സിലെ നോവലുകൾ വേറൊരു രീതിയിൽ ഉള്ളവയാണു്. ചന്തുമേനോൻെറ അനവഗാഹിതം തിരുമനസ്സിലേക്കു സമ്മതമല്ല. എന്നാൽ സീ. വി. യെപ്പോലെ നാളികേരപാകത്തിൽ ആഖ്യായികകളെഴുതി വായനക്കാക്കു അല്പഫലത്തിനു വേണ്ടി അതിപ്രയത്നം നൽകുന്നതിനും അവിടുത്തേക്കു മനസ്സില്ല. ബാഹ്യാഡംബരങ്ങളേക്കൊണ്ടു തൃപ്തിയടയുന്നവക്കു് അതിനും, അഗാധത്തിൽ മുങ്ങുന്നതിനു താല്പയ്യമുള്ളവക്കു് അതിനും, സൗകര്യപ്പെടത്തക്ക ഒരു പ്രസ്ഥാനത്തിലാണു് അവിടുന്നു് "ഭൂതരായർ" എന്ന ആഖ്യായിക നിമ്മിച്ചിട്ടുള്ളതു്. സങ്കല്പത്തിനും, അവലോകനത്തിനും, വേഷത്തിനും, ഭാഷയ്ക്കും, വാച്യത്തിനും, വ്യംഗ്യത്തിനും ഏതാണ്ടു് സമപ്രാധാന്യം കല്പിച്ചുകൊണ്ടാണു് തിരുമനസ്സിലെ ആഖ്യായികകളുടെ ഗതി.

ചന്തുമേനോൻ സംസ്കൃതഭാഷയിൽ കാവ്യനാടകാലങ്കാരാദികൾ വായിച്ചു സാമാന്യ അറിവു സമ്പാദിച്ചിരുന്നു. സീ. വി യ്ക്കു് സംസ്കൃതഭാഷാജ്ഞാനം പരിമിതമായിരുന്നെങ്കിലും, പുരാണങ്ങൾ, ആട്ടക്കഥകൾ, പഴയ പാട്ടുകൾ മുതലായവയിൽ ധാരാളം പരിചയമുണ്ടായിരുന്നു. അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് സംസ്കൃതത്തിലും, മലയാളത്തിലും മററു രണ്ടു പേരേക്കാൾ കൂടുതലായ പാണ്ഡിത്യം സമ്പാദിച്ചിട്ടു

ണ്ടു്. പഴയ ഭാഷയേ സംബന്ധിച്ചിടത്തോളം അവിടു ത്തെ പ്രാവീണ്യം സർവ്വസമ്മതവുമാണു്.

വസ്തുനിർമ്മാണത്തിൽ ചന്തുമേനോൻെറ രീതി വളരെ ലളിതവും, സുഗമവുമാണു്. പരിണാമഗുപ്തി ക്കവേണ്ടി അദ്ദേഹം വളരെ ക്ലേശിക്കാറില്ല. ഇന്ദുലേ ഖ മാധവനെത്തന്നെ ഭർത്താവായിസ്വീകരിക്കുമെന്നും, സൂരിനമ്പൂരിപ്പാടിനെ തിരസ്ക്കരിക്കുമെന്നും നമുക്കു് ആദ്യംമുതല്ക്കറിയാം. എന്നാൽ അവൾ എങ്ങനെയാ ണു് തിരസ്ക്കരിക്കുന്നതു് എന്നറിയാനാണു് നമുക്കു് ആഗ്രഹം ജനിക്കുന്നതു്. അതുകൊണ്ടു് കഥയുടെ പ രിണാമമെന്തെന്നറിയാൻ വായനക്കാർക്കു പരിഭ്രമമില്ല. അവർ പാത്രങ്ങൾ അഭിനയിക്കുന്ന ഭാഗം കണ്ടു രസി ക്കയാണു് ചെയ്യുന്നതു്. സി. വി. യാകട്ടെ പരിണാമ ഗുപ്തിക്കവേണ്ടിത്തന്നെ കഥയേ വളച്ചുകെട്ടുന്നു. പാത്ര ങ്ങളുടെ യാഥാർത്ഥ്യം, അവരുടെ പ്രവൃത്തികളുടെ ഉദ്ദേ ശ്യം, അവയിൽനിന്നുണ്ടാകുന്ന ഫലം മുതലായവ വാ യനക്കാരുടെ ദൃഷ്ടിപഥത്തിൽനിന്നും വളരെ ദൂരത്തി ലകററി വെളിച്ചം തട്ടാത്ത ദിക്കിൽ സൂക്ഷിച്ചിട്ടാണു് അദ്ദേഹം പാത്രങ്ങളെ രംഗപ്രവേശം ചെയ്യിക്കുന്നതു്. മാർത്താണ്ഡവർമ്മയിലെ ഒടുവിലത്തെ അദ്ധ്യായം ആ ദ്യം വായിക്കണമെന്നു് ആരോ പറയുന്നതു കേട്ടിട്ടുണ്ടു്. അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്, ചന്തുമേനോ നേപ്പോലെ, പരിണാമഗുപ്തി അത്ര വേണ്ടെന്നു വ യ്ക്കുന്നില്ല. "ഭാസ്ക്കരമേനോനി"ൽ വസ്തുസ്വഭാവം കൊണ്ടുതന്നെ പരിണാമഗുപ്തി അത്യന്താപേക്ഷിതമാ യിത്തീൻ. "ഭൂതരായരിലും" വായനക്കാരുടെ ജിജ്ഞാ

സയെ കഥയുടെ പരിണാമത്തിലേക്ക പ്രതിക്ഷണം ക്ഷണിക്കുന്നുണ്ടു്. എങ്കിലും ഗ്രന്ഥകത്താവു് കഥാഗതിയിൽ ചില കെട്ടുപാട്ടുകൾ ഉണ്ടാക്കുമ്പോൾ ചില ചരട്ടുകളുടെ തുമ്പു് വായനക്കാരുടേയും കൈയിൽ സമപ്പിക്കുന്നുണ്ടു്. പള്ളിബാണരുടെ തിരോധാനത്തിന് കാരണഭൂതന്മാർ ആരെല്ലാമാണെന്നും, അവർ അദ്ദേഹത്തെ എന്തു ചെയ്തു എന്നും, പെരുമാൾക്കും, കുഞ്ഞിട്ടുണ്ണാൻകാര്യക്കാക്കും മററും ലേശം പോലും മനസ്സിലായില്ലെങ്കിലും, വായനക്കാക്കു് അതെല്ലാം ഊഹിക്കുന്നതിനു വളരെ പ്രയാസമില്ല. ഭൂതപ്പാണ്ടിയിൽ വച്ചു് ഭൂതരായരെ എതിത്തു് അമ്പിളിമിററത്തു ചെറിയാച്ചനാണെന്നു് പടമല പറഞ്ഞില്ലെങ്കിലും നമുക്കു ഗ്രഹിക്കാവുന്നതാണു്. കഥയുടെ പുരോഗമനത്തിൽ വായനക്കാക്കു് ഉത്തരോത്തരം ഉന്മേഷം നൽകുന്നതിന് ഇത്തരം ഊഹശകലങ്ങൾ, ഇരുട്ടത്തു വെളിച്ചമെന്നപോലെ, ഉപകാരപ്രദങ്ങളാണു്. കഥയുടെ വ്യാപാരം എപ്പോഴും അജ്ഞാതമായ ഒരു അന്തരീക്ഷത്തിൽ കൂടത്തന്നെയാണെങ്കിൽ വായനക്കാക്കു് അതു് ശ്രമകരവും, നിരാശാജനകവുമാകുന്നു.

അംഗിയായ കഥയ്ക്കു് അവയവങ്ങളായി ഉപകഥകളെ ധാരാളമായി ചേക്കുന്ന സമ്പ്രദായം തിരുമനസ്സിലെ വസ്തുനിമ്മാണത്തിൻെറ ഒരു പ്രത്യേകസ്വഭാവമാണു്. ഭാസ്ക്കരമേനോനിൽ കൊലപാതകത്തിൻെറ യാഥാത്ഥ്യം വെളിപ്പെടുത്തുന്നതാണു് പ്രധാന കഥ. എന്നാൽ അതോടുകൂടി മരുമക്കത്തായത്തിൻെറ ഗുണദോഷങ്ങൾ, പോലീസ് ഭരണത്തിൻെറ വൈക

ല്യങ്ങൾ മുതലായവയെ ഉദാഹരിക്കുന്ന സംഭവങ്ങൾക്കു പുറമെ, ആദ്യന്തം സരസമായ ഒരു പ്രണയകഥയേക്കൂടി നീരക്ഷീരപ്രമാണം കൂട്ടിയിണക്കിയിരിക്കുന്നു. ഇതു പോലെതന്നെ ഭൂതരായർ കേരളത്തിൽവന്ന് അവിടുത്തെ കലാപങ്ങൾക്ക് തല്ക്കാലശാന്തി നൽകിയെങ്കിലും ഒടുവിൽ ജനങ്ങളുടെ അപ്രീതിക്ക് പാത്രീഭവിച്ച് രാജ്യത്തുനിന്നും ബഹിഷ്കൃതനാകുന്നതാണ് ഭൂതരായരിലെ പ്രധാനകഥ. എന്നാൽ പ്രസ്തുത ഗ്രന്ഥത്തിൽ പകുതിഭാഗം ഭൂതരായരെ കേരളത്തിലേക്കു കൊണ്ടുവരുവാൻ ഹേതുഭൂതങ്ങളായ ചിരുതപ്പട, ആഢ്യനും ആസ്യനും തമ്മിലുള്ള കലഹം, ഐത്രുർ ചാത്തരുടെ ഗൂഢകൃത്യങ്ങൾ, പള്ളിബാണരുടെ തിരോധാനം, നമ്പിക്കുറിന്റെ കൃത്രിമങ്ങൾ, അമ്പിളിമിററത്തു ചെറിയച്ചൻ, കാവാതിക്കുട്ടവ മുതലായവരുടെ അക്രമങ്ങൾ ഇത്യാദി ചെറുകഥകളെ കൂട്ടിച്ചേർക്കുന്നതിനു വിനിയോഗിച്ചിരിക്കുന്നു. ചിരുതയും ചന്തുവുമായുള്ള അനുരാഗകഥ ഗ്രന്ഥാവസാനം വരെ നീണ്ടുനിൽക്കുന്നു. ചന്തുമേനോന്റെയും സീ. വി. യുടേയും കഥകളെ ഏകവർണ്ണോജ്ജ്വലമായ പൂമാലകളോടുപമിക്കാമെങ്കിൽ അപ്പൻതമ്പുരാൻ തിരുമനസ്സിലെ കഥകൾ വിവിധവർണ്ണസങ്കലിതമായ ഒരു സുരഭിലവനമാലയാകുന്നു. അല്ലെങ്കിൽ, അതു് അനേകം ചെറുകല്യകൾ ഒന്നിച്ചുചേന്ന് പ്രവഹിക്കുന്ന ഒരു മഹാനദിയാകുന്നു.

ഇന്ദുലേഖയിലും, ശാരദയിലും ചന്തുമേനോൻ മധ്യമപാത്രങ്ങളേക്കൊണ്ടാണ് കൈകാര്യം ചെയ്യുന്നതു്. അവയിൽ ഒരു കൂട്ടം ലോകത്തിന്റെ യഥാർത്ഥ

പ്രതിമകളും, തന്നിമിത്തം നാം എവിടേയും കാണുക യും. കേൾക്കുകയും ചെയ്യുന്നവരും മററാരുകൂട്ടം ആദശ് പരങ്ങളുമാകുന്നു. ചന്തുമേനോൻ, സൂരിനമ്പൂരിപ്പാട്ട് ഗോവിന്ദൻ, കറുത്തേടം, താശമ്മേനോൻ മുതലായവർ നമുക്ക് ചിരപരിചിതന്മാരും, ചിരഞ്ജീവികളുമാകുന്നു. ഇന്ദുലേഖയും, മാധവനും ചില ആദശ്ങ്ങൾക്കു പ്രതി നിധികളാകുന്നു. അവരെ അങ്ങനെതന്നെ ലോക ത്തിൽ കാണാൻ സാധിക്കുകയില്ല. സീ. വി. യുടെ അന്തരീക്ഷം വളരെ വലുതാണ്. എല്ലാവിധത്തിലു മുള്ള പാത്രങ്ങളെയും അദ്ദേഹത്തിൻെറ ആഖ്യായിക കളിൽ കാണാൻ കഴിയും. എങ്കിലും അവയിലെ നീ ചപാത്രങ്ങളാണ് നമ്മെ അധികം ആകഷിക്കുന്നതു്. അവരുടെ ബലദൗർബല്യങ്ങൾ നമ്മെ സന്തോഷിപ്പി ക്കുകയും, നാമവരെ സ്നേഹിക്കുകയും ചെയ്യുന്നു. നിത്യ ജീവിതത്തിൽ അവർ നമ്മുടെ ദൃഷ്ടിപഥത്തിൽ എ ത്തുന്നില്ല. യഥാത്ഥലോകത്തിൽനിന്നും അവർ വളരെ അകന്നു നിൽക്കുന്നു. ശങ്കുആശാൻ, അഴകൻപിള്ള മുത ലായവരും ഇതിനു് അപവാദങ്ങളല്ല. ത്മ്പുരാൻ തി രുമനസ്സിലെ കഥാപാത്രങ്ങളും വിപുലമായ ഒരു അ ന്തരീക്ഷത്തിലാണ് സഞ്ചരിക്കുന്നതു്. എന്നാൽ സീ. വി. യുടേയും ചന്തുമേനോൻെറയും കഥകളിൽ കാണു ന്നതുപോലെ നായകന്മാരേക്കാൾ കൂടുതൽ പ്രാധാന്യ മോ, സഹൃദയാവർജ്ജകശക്തിയോ, തിരുമനസ്സുകൊ ണ്ടു് ഇതരപാത്രങ്ങൾക്കു് നൽകുന്നില്ല. ഭ്രതരായരിൽ നമ്മെ ഏററവും ആകഷിക്കുന്നതു് നായകനായ ഭ്രത രായർ തന്നെയാണ്. ഉത്തമാംഗം ശോഷിപ്പിച്ചിട്ടു്

ഇതരാംഗങ്ങൾക്ക ധാടിയും മോടിയും അതിൽ കൂട്ടുന്നതിൽ അല്പം അനൌചിത്യം തന്നെയുണ്ട്. നീചപാത്രങ്ങളെ സൃഷ്ടിക്കുന്നതിൽ തിരുമനസ്സിലേക്ക വലിയ പരിചയം ഇല്ലെന്നും സംശയിക്കേണ്ടിയിരിക്കുന്നു. മാമാങ്കത്തിൻെറ തലേദിവസം പേരാററിൻകരയിൽ കൂടുന്ന കള്ളുകുടിയന്മാരുടെ യോഗം വേണമെങ്കിൽ ഒരു ഉദാഹരണമായി എടുക്കാവുന്നതാണ്.

നമ്മുടെ മിക്ക ആഖ്യായികകളിലും, നാടകങ്ങളിലും പാത്രങ്ങളുടെ സ്വഭാവം വ്യവസ്ഥിതമാണ്. അവർ നിൽക്കുന്ന അന്തരീക്ഷത്തിൽനിന്നു മാറുകയോ, അവിടെത്തന്നെ വളരുകയോ ചെയ്യുന്നില്ല. സൂരിനമ്പൂരിപ്പാട് ഇന്ദുലേഖയെ. കാണാൻ പുറപ്പെടുന്നതിനും വട്ടംകൂട്ടുന്നതു കാണുമ്പോൾതന്നെ അദ്ദേഹത്തിൻെറ സ്വഭാവം മുഴുവൻ നമുക്ക മനസ്സിലാകുന്നു. ഭൂതരായരുടെ നില ഇതല്ല. ഗ്രന്ഥത്തിൻെറ പൂർവ്വഭാഗത്തിൽ പെരുമാൾ, കാര്യക്കാർ മുതലായവരിൽനിന്നും നാം ഭൂതരായരെപ്പററി വളരെ കേൾക്കുന്നു. പാണ്ഡ്യരാജ്യത്ത് മലനാട്ടരശന്മാർ ചെന്നുചേരുമ്പോൾ നാം അദ്ദേഹത്തെ നേരിട്ടു കാണുന്നു. അദ്ദേഹത്തിൻെറ ഭരണസാമർത്ഥ്യം, പാണ്ഡിത്യം, വചോമാധുര്യം, ചാരചക്ഷുസ്സ് മുതലായവ നമ്മെ ആകർഷിക്കുന്നു. ഹൃദയകാഠിന്യം നമ്മെ ഭയപ്പെടുത്തുന്നു. സ്ത്രീലമ്പടത്വം നമ്മെ പരിഭ്രമിപ്പിക്കുന്നു. ഭൂതപ്പാണ്ടിയിൽവച്ചു കാണിക്കുന്ന യുദ്ധസാമർത്ഥ്യം നമ്മെ വിസ്മയിപ്പിക്കുന്നു. എന്നാൽ അദ്ദേഹം കേരളത്തിൽ വന്നുചേൎന്നതിനു ശേഷമുള്ള പ്രവൃത്തികൾ നമ്മുടെ നീരസത്തിനു മാത്രമല്ല, കോപത്തി

നും വെറുപ്പിനും കാരണമാക്കിത്തീക്കുന്നു. ഭൃതരായരെ പൂർണ്ണമായി മനസ്സിലാക്കണമെങ്കിൽ കഥ മുഴുവൻ വായിക്കണം. ഇങ്ങനെ കഥയുടെ പുരോഗതിയനുസരിച്ച് പാത്രങ്ങളുടെ സ്വഭാവവും കൂടുതൽ കൂടുതലായി പ്രത്യക്ഷപ്പെടുത്തുന്ന സമ്പ്രദായം തമ്പുരാൻതിരുമനസ്സിലെ നോവലുകൾക്കുള്ള ഒരു പ്രധാന ലക്ഷണമാകുന്നു.

ഒരു ആഖ്യായികാകത്താവിന്ന് ഏററവും ബുദ്ധിമുട്ടുള്ള ഒരു സംഗതി പാത്രങ്ങൾ തമ്മിലുള്ള സംഭാഷണത്തിൽ തന്മയത്വമുണ്ടാക്കുന്നതാണ്. ഈ വിഷയത്തിൽ ചന്തുമേനോനുള്ള ശക്തിയും, ചാതുര്യവും അനന്യസാധാരണങ്ങളാണ്. സൂരിനമ്പൂരിപ്പാടിനേക്കൊണ്ടു് കൃത്രിമത്തിൻെറ ലേശംപോലും തോന്നിക്കാതേയും, പൂർണ്ണമായ താല്പര്യം അദ്ദേഹത്തിനു തന്നെ മനസ്സിലാകാതേയും, "എനിക്കു നല്ലഭ്രാന്താണ്" എന്നു പറയിക്കുന്നതിന്ന് ഇന്ദുലേഖാകത്താവിനേക്കൊണ്ടേ സാധിക്കുകയുള്ളൂ. ചില സ്ഥലങ്ങളിൽ സംഭാഷണത്തിലും, വർണ്ണനയിലും, ചന്തുമേനോൻ അതിശയോക്തി ധാരാളം പ്രയോഗിച്ചിട്ടുണ്ട്. എന്നാൽ ആ അതിശയോക്തികളും, അവയുടെ സ്വാഭാവികതകൊണ്ടു് വായനക്കാരെ വഞ്ചിക്കുന്നു. നീചപാത്രങ്ങളിൽ മ്ലേച്ഛഭാഷയുടെ സഹായത്തോടുകൂടിയാണ്, സീ. വി. സംഭാഷണത്തിന്ന് തന്മയത്വമുണ്ടാക്കുന്നതു്. തിരുമനസ്സിലെ നോവലുകളിൽ കാണുന്ന സംഭാഷണരീതി അതിൻെറ സ്വാഭാവികത്വംകൊണ്ടു് ചന്തുമേനവൻെറ രീതിയോടു സാമ്യമുണ്ടെങ്കിലും, അതു സന്ദർഭാനുസര

ണം അത്ഥഗർഭമായോ, ഫലിതമയമായോ മാറിക്കൊണ്ടിരിക്കുന്ന ഒന്നാണു്. ചിരുതക്കുട്ടിയും അച്ഛനുമായിട്ടോ, ഭ്രത്യരായരും ദാസിയുമായിട്ടോ, വേണാട്ടുചാരനും സന്യാസിയുമായിട്ടോ, നടക്കുന്ന സംഭാഷണത്തിന്റെ ഓജസ്സും, ഔചിത്യവും അനുഭവൈകവേദ്യമാകുന്നു.

അഭിമുഖസംഭാഷണത്തിൽ സീ. വി-ക്കു അസാധാരണമായ ഫലിതമുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ആഖ്യായികകളിൽ അതു് വിരളമായിട്ടേ കാണുന്നുള്ളു. ഉള്ളതുതന്നെ അധികവും ആലോചിച്ച രസിക്കേണ്ടതായിട്ടാണിരിക്കുന്നതു്. "മൂക്കിനു താഴെ പുരികം കിളുത്തപ്പോൾ കണ്ണുവായ്ക്കകത്തായിപ്പോയി" എന്നും മററുമുള്ളവ ഇതിന്നു് ഉദാഹരണങ്ങളാകുന്നു. ഫലിതത്തിനുണ്ടായിരിക്കേണ്ട ഒരു ഗുണം അതു ക്ഷണഗ്രാഹ്യമായിരിക്കണമെന്നുള്ളതാണു്. ചന്തുമേനോന്റെ ഫലിതങ്ങൾ ഇതിനു മൂർദ്ധാഭിഷിക്തോദാഹരണങ്ങളാകുന്നു. വർണ്ണനകൊണ്ടും, സംഭാഷണംകൊണ്ടും ഹാസ്യരസം ഉല്പാദിപ്പിക്കുവാൻ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് വിജയപൂർവ്വം പരിശ്രമിച്ചിട്ടുണ്ടു്. കുണ്ടുണ്ണിനായർഇൻസ്പെക്ടർ സ്റ്റേഷൻ പരിശോധിക്കാൻ എത്തുന്ന ദിക്കിൽ കാണുന്ന വർണ്ണന ഇപ്രകാരമുള്ളവയിൽ ഒന്നാകുന്നു. ഈ വർണ്ണനകൊണ്ടു് ഇന്ദുലേഖയിലെ സൂരിനമ്പൂരിപ്പാടു്, മാർത്താണ്ഡവർമ്മയിലെ ശങ്കുആശാൻ, ശാരദയിലെ വൈത്തിപ്പട്ടർ, രാമരാജബഹദൂരിലെ അഴകൻപിള്ള മുതലായവരുടെ ഒരു മഹായോഗത്തിൽ മിസ്റ്റർ കുണ്ടുണ്ണിനായക്കും ഒരു സ്ഥാനം സുലഭമായിത്തീന്നു. ഭ്രത്യരായരിലെ കഴകഞ്ചേരിയേ

KOTTAYAM PUBLIC LIBRARY KOTTAYAM TRAVANCORE

ക്കൂടി ആ യോഗത്തിലേക്കു ക്ഷണിച്ചാൽ തരക്കേടില്ല. അദ്ദേഹം "സഹസ്രനാമക്കവണിപോലെ എഴയില്ലാത്ത ഒരു തോത്തുമുണ്ടു് മങ്ങലിക്കൊത്ത കുടവയറു ചേത്തുപിടിച്ചു് പ്രണീതക്കിണ്ണത്തോളം വട്ടത്തിൽവെച്ചിട്ടുള്ള കുടുമ മുൻപാക്കം തുത്തുകെട്ടി, എലിവാലുപോലെ നീണ്ടതുമ്പെട്ടത്തു് ചെവിക്കിടയിൽ തിരുകി ശുദ്ധത മുഴുവൻ അളുക്കിലാക്കിപ്പതിച്ചതുപോലെയുള്ള നമസ്കാരമുഴ കാണിച്ചു്, മടിയിൽ കിടക്കുന്ന കുടവയറും, വയററത്തു കിടക്കുന്ന മാറത്തെ മേദസ്സും തുള്ളിച്ചു്, ഉരുണ്ടുരുണ്ടു നടന്നു്" അവിടെ എത്താതിരിക്കുകയില്ല. കുളക്കോഴിയുടെ ശബ്ദം ഗ്വ-ഗ്വ എന്നല്ല, ക്രുവ., ക്രുവാ എന്നാണെന്നു സമ്മതിച്ചുകൊടുത്തേച്ചാൽ തിരുമേനിയുടെ വഴക്കു തീരും.

രസപ്രകടനത്തെ സംബന്ധിച്ചിടത്തോളം വീരബീഭത്സഭയാനകങ്ങളിൽ സി. വി-ക്കും ശൃംഗാരകരുണഹാസ്യങ്ങളിൽ ചന്തുമേനോനും, പ്രാഗത്ഭ്യം കൂടുതലുണ്ടെങ്കിൽ, അപ്പൻതമ്പുരാൻതിരുമനസ്സിലേക്കു് നവരസങ്ങളേയും സന്ദർഭാനുസരണം പ്രകടിപ്പിക്കുന്നതിനു് വേണ്ടിടത്തോളമുള്ള വൈഭവമുണ്ടു്.

മൃദുലവികാരങ്ങളെ പ്രകടിപ്പിക്കുന്നതിനോ, ആ വികാരങ്ങളുള്ള പാത്രങ്ങളേ സൃഷ്ടിക്കുന്നതിനോ സി. വി-ക്കു വലിയ സാമത്ഥ്യമൊന്നുമില്ല. തന്നിമിത്തം സ്ത്രീത്വം തികഞ്ഞ ഒരു നായികയെ അദ്ദേഹത്തിൻെറ കൃതികളിൽ കാണുന്നതല്ല. പാറുക്കുട്ടിക്കും മീനാക്ഷിക്കും സ്ത്രീരൂപമുണ്ടെങ്കിലും, ഒരു സ്ത്രീയുടെ ചൈതന്യമില്ല. സുഭദ്രയും, സാവിത്രിയും ആകൃതികൊണ്ടു സ്ത്രീ

കളാണെങ്കിലും, പ്രകൃതികൊണ്ടു പുരുഷന്മാരാകുന്നു. അപ്പൻതമ്പുരാൻ തിരുമനസ്സിലെ ദേവകിക്കുട്ടി, ചിരുത, ആനന്ദം, ഉണ്ണിനങ്ങ മുതലായവരിൽ സ്ത്രീത്വം പരിപൂർണ്ണമായിക്കാണുന്നുണ്ടു്. ആ പാവപ്പെട്ട അമ്മുവിനെ നാം ഒരു രംഗത്തിലേ കാണുന്നുള്ളൂ. അവിടെ അവളുടെ കർത്തവ്യവും സ്നേഹവും, മനസ്സാക്ഷിയുമായിട്ടു് ഒരു വലിയ കലഹം നടക്കുന്നു. ഒടുവിൽ അവൾ പരാജിതയായി "അരയിൽ ചുററിയിരുന്ന മേൽമുണ്ടിന്റെ ഒരുതലകൊണ്ടു മാറിടം മറച്ചും, കാററടികൊണ്ടു മുഖത്തേക്കു വരുന്നതും, കറുത്തുനീണ്ടു ചുരുണ്ടതുമായ തലമുടി ഒരു കൈകൊണ്ടു തടുത്തും കാമുകനെ പിൻതുടൎന്നു് കാലും, കൈയും കുഴഞ്ഞു ചരലിൽ വീഴുകയും, വസ്ത്രത്തിന്റെ അഗ്രംകൊണ്ടു് മുഖം മറച്ചു് അതിദയനീയമാംവണ്ണം കരയുകയും" ചെയ്തുകൊണ്ടു് അവസാനമായി തിരോധാനം ചെയ്യുമ്പോൾ നമ്മുടെ പരിപൂർണ്ണമായ അനുകമ്പയ്ക്കു് അവൾ പാത്രീഭവിക്കുന്നു.

പോരളാതിരി മുടിയിലെ പൊട്ടക്കയത്തിന്റെ കരയിൽവച്ചു് ചിരുതക്കുട്ടിയും, കുഞ്ഞിപ്പെണ്ണുമായുണ്ടായ സ്വൈരസല്ലാപത്തിൽ വിവരിക്കുന്ന കൈതപ്പൂവിന്റെ ബാലിശമായ കഥയേക്കാൾ മൃദുലവും, സുകുമാരവും, സഹൃദയാവർജ്ജകവുമായ ഒരു ഭാഗം അന്യഗ്രന്ഥത്തിൽ കാണാൻ സാധിക്കുകയില്ല.

സി. വി-യുടെ ഗദ്യരീതി സംസ്കൃതപദബഹുലവും, വക്രവും, കൃത്രിമവുമാണു്. ഓജസ്സാണു് അദ്ദേഹത്തിന്റെ ഗദ്യത്തിന്റെ പ്രധാനഗുണം. ചന്തുമേനോന്റെ ഗദ്യം ഏതാണ്ടു നിസ്സർഗ്ഗസിദ്ധമാണു്. വൃല്പന്ന

ന്മാരേയും, വൈയാകരണന്മാരേയും, അത്ര തിരിഞ്ഞു നോക്കുന്നില്ല. എങ്കിലും അതിനു മാധുര്യവും, പ്രസാദവുമുണ്ട്. അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു ഗദ്യകവികളിൽ പ്രഥമഗണനീയനാകുന്നു. കേരളവമ്മ വലിയകോയിത്തമ്പുരാന്റെ ഗാംഭീര്യം ചന്തുമേനവന്റെ സാരസ്യം, രാജരാജവമ്മയുടെ പ്രസാദം, രാമകൃഷ്ണപിള്ളയുടെ ഓജസ്സ്, നായനാരുടെ ഫലിതം മുതലായവ ഏകോപിച്ച് തിരുമനസ്സിലെ ഗദ്യങ്ങളിൽ കാണാൻ കഴിയും. ഭൂതരായർ അവിടുത്തെ ഗദ്യരീതിയുടെ ഒരു പ്രദർശനശാലയാകുന്നു. വർണ്ണനകളിൽ ആഡംബരത്തേക്കാളധികം അന്തർലീനമായ രസഭംഗിയിലാണു് തിരുമനസ്സുകൊണ്ടു ശ്രദ്ധിക്കാറുള്ളതു്. ചെങ്കാളിപ്പുഴ മാർത്താണ്ഡമുടികളുടെ അടിവാരത്തിൽ അടുക്കുമ്പോൾ തടം വിരിഞ്ഞു്, മുഴച്ച പാറകളിൽ തട്ടിമറിഞ്ഞു്, വിരിച്ചപാറകളിൽ പരന്നൊലിച്ച്; അഞ്ഞൂറടി ആഴമുള്ള ഒരു ചെങ്കുത്തിൽചെന്നു ചാടുന്ന കാഴ്ചകാണുവാൻ ആക്കാണ് കൌതുകമുണ്ടാകാത്തതു്! അമ്പിളിമിററത്തു ചെറിയച്ചന്റെ ഏകാന്തസഞ്ചാരത്തിന്നു് പാത്രമായ ഭയങ്കരവനപ്രദേശം, തേജോമയമായ പാണ്ഡ്യരാജസദസ്സ്, മനോഹരമായ പോർളാതിരിമുടി മുതലായി ഭൂതരായരിൽ കാണുന്ന വർണ്ണനകളുടെ അകൃത്രിമഭംഗിയും, വൈചിത്ര്യവും വിശിഷ്ടമായ വിവരണസമ്പത്തും തിരുമനസ്സിലെ ഗദ്യരീതിയുടെ ഉൽകൃഷ്ടോദാഹരണങ്ങളാകുന്നു. ഭൂതരായരിലെപ്പോലെ ഇത്ര വൈചിത്ര്യമുള്ളതും ഇതരഭാഷകളിലേയ്ക്കു തർജ്ജിമ ചെയ്യുന്നാപക്ഷം അതിന്റെ ഭംഗിമുഴുവൻ നശിച്ച പോകുന്നതുമാ

വ്യക്തിവൈഭവത്തോടു കൂടിയതുമായ ഒരു ഗദ്യം മലയാളഭാഷയിൽ വേറെ ഇല്ലെന്നുള്ളതു് തീർച്ച തന്നെ.

കേരളത്തിൽ അദ്യാപി നിലനിന്നുവരുന്ന യാത്രക്കളി, ഓണത്തല്ലു, വാരമിരിക്കൽ മുതലായ സാമുദായികാചാരങ്ങൾ, ജനാധിപത്യത്തിൻെറ പുരാതന വ്യവസ്ഥകൾ, ധനുർവിദ്യാ, ചാരതന്ത്രം, ഇത്യാദിയിൽ കേരളീയർക്കുണ്ടായിരുന്ന പാണ്ഡിത്യം, മുതലായവയെ നിഴലിക്കുന്നതും സഹൃദയന്മാരുടെ വിനോദത്തിനും വിചാരത്തിനും ഉതകുന്നതും ആയ വ്യാഖ്യായിക അപ്പൻ തമ്പുരാൻ തിരുമനസ്സിലെ ഭൂതരായരാകുന്നു.

# സ്വാതന്ത്ര്യസാഹിത്യം

ഒരു സമുദായത്തിൻെറ അഭ്യുദയം ആ സമുദായക്കാർ സംസാരിക്കുന്ന ഭാഷയുടേയും, അതിലുള്ള സാഹിത്യത്തിൻെറയും സ്ഥിതിഗതികളിൽ നിന്നും മനസ്സിലാക്കാമെന്നു ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായം ശരിയാണെങ്കിൽ മലയാളികളുടെ സ്വാതന്ത്ര്യത്തിനും സംസ്ക്കാരത്തിനും നമ്മുടെ ഭാഷയും സാഹിത്യവും ഉത്തമമായ മാനദണ്ഡങ്ങളാണല്ലൊ. മലയാളഭാഷ ഒരു കാലത്ത് തമിഴിനോടു വളരെ കടപ്പെട്ടിരുന്നു. അന്നു തമിഴിൻെറ വിപുലമായ സാഹിത്യസമ്പത്ത് മലയാളത്തിൽ കൈയഴിച്ചു ചെലവു ചെയ്തുവന്നു. മലയാളികളായ ചില പണ്ഡിതന്മാർതന്നെ ആ സമ്പത്തു വദ്ധിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ബദ്ധശ്രദ്ധന്മാരായിരുന്നു. പെരുമാക്കന്മാരുടെ ഭരണവും, തമിഴരുമായുള്ള സമ്പക്കവും തമിഴ്നാടുമായുള്ള വാണിജ്യവും കേരളത്തിൽ തമിഴിനു പ്രചുരപ്രചാരവും മേൽക്കോയ്മയും ഉണ്ടാകുന്നതിനു അവസരം നൽകി. മലയാളം തമിഴിൻെറ ആധിപത്യത്തിനു കീഴടങ്ങി. മലയാളം തമിഴിൻെറ പുത്രിയാണെന്നുപോലും വളരെക്കാലത്തേക്കു ജനങ്ങൾ വിശ്വസിക്കുന്നതിന് ഈ സമ്പക്കം ഇടയാക്കിത്തീത്തു. നമ്പൂതിരിമാരുടെ പ്രാബല്യവും സംസ്കൃതഭാഷയുടെ പ്രചാരവും വർദ്ധിച്ചപ്പോൾ തമിഴിനു കേരളത്തിൽ ഇടിവുതട്ടി.

തമിഴിൻെറ സ്ഥാനം സംസ്കൃതം സ്വീകരിച്ചു. ആഢ്യതകൊണ്ടു് അന്യസമ്പക്കം കൂടാതെ ഒട്ടുവളരെ ഒഴിഞ്ഞുനിന്നു് സ്വയം അഭിവൃദ്ധിനേടിയെങ്കിലും, സംസ്കൃതം ഒടുവിൽ മലയാളഭാഷയുമായി ഒത്തിണങ്ങുന്നതിനുതന്നെ തീർച്ചപ്പെടുത്തി, തൻെറ അനർഘ ഭണ്ഡാഗാരം തുറന്നു വിലയേറിയ രത്നങ്ങളെല്ലാം മലയാളത്തിനു ദാനംചെയ്തു. മാത്രമല്ല, മലയാളത്തോടിട കലന്നു മണിപ്രവാളമെന്നൊരു ഭാഷാരീതിയും സൃഷ്ടിച്ചു. തദനന്തരം കേരളക്കരയിലുണ്ടായ കാവ്യങ്ങളെല്ലാം ഈ ഭാഷാരീതിയേയാണു് അവലംബിച്ചതു്. ചമ്പുക്കൾ, ആട്ടക്കഥകൾ, കാവ്യങ്ങൾ, ശാസ്ത്രങ്ങൾ എന്നിങ്ങനെയുള്ള പദ്യകൃതികൾ മാത്രമല്ല, ഒട്ടുവളരെ ഗദ്യഗ്രന്ഥങ്ങളും മണിപ്രവാളഭാഷയിൽ ഉണ്ടായി. കേരളഭാഷയുടെ സാഹിത്യസമ്പത്തു അത്ഭുതപൂൎവ്വം വർദ്ധിപ്പിച്ചുവെന്നു മണിപ്രവാളത്തിനു് സാഭിമാനം പ്രസ്താവിക്കാവുന്നതാണു്. എന്നുതന്നെയുമല്ല, ഭാഷാചമ്പുക്കളിലെ വൃത്തഗന്ധിയായ ഗദ്യങ്ങളോടു കിടനിൽക്കുവാൻ സംസ്കൃതസാഹിത്യം ഉൾപ്പെടെ വിവിധ ഭാഷയിലെ വിശ്വസാഹിത്യഗ്രന്ഥങ്ങളിൽ വളരെയൊന്നും കാണുകയില്ലെന്നും കരതിത്തു പറയാവുന്നതാണു്. ഇത്രയെല്ലാമായാലും മലയാളഭാഷയുടെ സ്വാതന്ത്ര്യത്തിനു ഈ സംസ്കൃതബന്ധം പ്രതിബന്ധമായിത്തന്നെ നിന്നിരുന്നെന്നു് പ്രസ്താവിക്കാതിരിക്കാൻ തരമില്ല. മലയാളത്തിൻെറ മുരടിച്ച മൂടിൽനിന്നും പൊട്ടിപ്പുറപ്പെട്ട വടക്കൻ പാട്ടുകളിലും മററുമാണു് മാതൃഭാഷയുടെ സ്വാതന്ത്ര്യേച്ഛ തളിരിട്ടു നിൽക്കുന്നതായി അന്നു നാം

കാണുന്നത്. ഭാഗ്യവശാൽ വെണ്മണി നമ്പൂതിരിപ്പാടന്മാരും, കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരും മററും ചേൎന്ന് കവിതയിൽ ഒരു പ്രസ്ഥാനഭേദമുണ്ടാക്കി, സംസ്കൃതത്തിന്റെ പിടിയിൽ നിന്നും മലയാളത്തെ വിമുക്തമാക്കി, എങ്കിലും ഓട്ടക്കലത്തിൽ നിന്നും എച്ചിൽക്കുഴിയിലേക്കെന്നപോലെ മലയാളഭാഷയും സാഹിത്യവും വീണ്ടും അസ്വാതന്ത്ര്യത്തിന്നു തന്നെ വശംവദമായി.

ഭാരതഖണ്ഡത്തിലെങ്ങും ഇംഗ്ലീഷുകാരും അവരുടെ ഭാഷയും സ്വാതന്ത്ര്യാധിപത്യം സ്ഥാപിച്ചു. രാജഭാഷയായ ഇംഗ്ലീഷിന്റെ മുൻപിൽ ഭാരതവൎഷത്തിലെ ഭാഷകളെല്ലാം മുട്ടുകുത്തി. എന്നാൽ ഗോത്രവ്യത്യാസം അത്യന്തം പ്രത്യക്ഷമായിരുന്നതുകൊണ്ട് ഈ ഭാഷകളിൽ ഒന്നും തന്നെ ഇംഗ്ലീഷുമായി ഇണങ്ങിച്ചേൎന്നില്ല. എങ്കിലും ആ ഭാഷ രാജപദവിയിൽ ഇരുന്നുംകൊണ്ട് ദാനംചെയ്ത സമ്പത്തെല്ലാം അവ ആദരവോടുകൂടി വാങ്ങാതെയുമിരുന്നില്ല. മലയാളഭാഷയുടേയും സ്ഥിതി ഇതുതന്നെയായിരുന്നു. വിശ്വസാഹിത്യത്തിലെ വിലയേറിയ രത്നങ്ങളെല്ലാം കൈവശത്തിലമത്തിവെച്ചിട്ടുള്ള ആ ഭാഷാചക്രവൎത്തിനിയോട് കഴിയുന്നതും അടുത്തു പെരുമാറുന്നതിന്നു മലയാളഭാഷയ്ക്കു സാധിച്ചു. അതുകൊണ്ടു പല നവീനപ്രസ്ഥാനങ്ങളിലേയ്ക്കും ഭാഷാസാഹിത്യം എത്തിനോക്കുന്നതിന്നിടയായി. ആംഗ്ലേയരീതിയിൽ പ്രതിദിനപത്രങ്ങളും, മാസികകളും, ചിത്രവാരികകളും മലയാളത്തിൽ പ്രചരിച്ചു തുടങ്ങി. ഉപന്യാസങ്ങളും ആഖ്യായികകളും, ഗദ്യനാടകങ്ങളും, ജീവചരിത്രങ്ങളും ഉത്ഭവിച്ചു. ഖണ്ഡകാവ്യങ്ങളും, ചെ

രുകഥകളും വർദ്ധിച്ചു. ഭാഷാസാഹിത്യത്തിൻെറ പുരോഗമനത്തിന് ഇത്തരം നവീനപ്രസ്ഥാനങ്ങളെല്ലാം അത്യന്തം ഉപകരിച്ചിട്ടുണ്ടെന്നു സമ്മതിക്കാതെ തരമില്ല. എങ്കിലും ഇവയിൽ ഒന്നും അതിൻെറ അത്യുച്ചനിലയിൽ എത്തുവാൻ ഇടവന്നിട്ടില്ല.

ഇന്ത്യയിൽ തന്നെ ഇംഗ്ലീഷുഭാഷയിൽ നടത്തിവരുന്ന ഹിന്ദു, എക്സ്പ്രസ്സ്, മുതലായവയെപ്പോലെ ഒരു പത്രമോ, മോഡേൺറവ്യു മുതലായവയെപോലെ ഒരു മാസികയോ, ടൈംസ് ഓഫ് ഇൻഡ്യ പോലെ ഒരു ചിത്രവാരികയോ ഏതല്ലകാലപര്യന്തം മലയാളത്തിൽ ഉത്ഭവിച്ചിട്ടില്ല. ഉപന്യാസങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്. എങ്കിലും അവയിൽ ചിന്തയും ചന്തവും നിറഞ്ഞവ അധികമില്ല. ആഖ്യായികകളിൽ അധികവും അനുകരണങ്ങളാണ്. ലബ്ധപ്രതിഷ്ഠങ്ങളായ സ്വതന്ത്രാഖ്യായികളെണ്ണുന്നതിനു കൈവിരലുകൾ ധാരാളം മതിയാകും. മിക്കതിനും ഒരു രണ്ടാം പതിപ്പിൻെറ ആവശ്യം തന്നെ ഉണ്ടാകുന്നില്ല. ഗദ്യനാടകങ്ങളുടേയും പ്രഹസനങ്ങളുടേയും, കഥ ഇതുതന്നെ. ദൃഢബന്ധം, സത്യമായ വസ്തുഗ്രഥനം, സ്വഭാവകല്പന, രസസ്ഫുരണം, അഭിനയക്ഷമത്വം മുതലായവയോടുകൂടിയ ഗദ്യനാടകങ്ങൾ മലയാളത്തിൽ ഇനിയും ഉണ്ടാകാനിരിക്കുന്നതെ ഉള്ളു.

പദ്യസാഹിത്യത്തെ സംബന്ധിച്ചിടത്തോളം പൂർവ്വകാലം മുതല്ക്കേ നമുക്ക് അഭിമാനിക്കാൻ അവകാശമുണ്ട്. കേരളവർമ്മ വലിയകോയിത്തമ്പുരാൻ ജീവിച്ചിരുന്നതു് മലയാളഭാഷയുടെ സുവർണ്ണകാലത്താണ്.

അദ്ദേഹത്തിൻെറ ചരമത്തോടുകൂടി അക്കാലത്തെ കവിതാരീതിയും അസ്തമിച്ചു എന്നു തന്നെ പറയാം. പറയാനുള്ളതു് പറയുക; ഭംഗിയായി പറയുക; ഫലിതം ചേർത്തുപറയുക; സ്പഷ്ടമായി പറയുക; അലങ്കാരവും അർത്ഥചമല്ക്കാരവുമുള്ള വാക്കുകളിലും വാക്യങ്ങളിലും പറയുക; ഇവയായിരുന്നു അന്നത്തെ കവിതയുടെ ആദർശം. പുരാണകഥകളും, ഐതിഹ്യങ്ങളും, സരസസംഭാഷണങ്ങളും, സംസ്കൃതവൃത്തങ്ങളും വർണ്ണനകളുമാണു് അന്നത്തെ കവികൾക്കു പ്രിയതരങ്ങളായിരുന്നവ. ഈ കാലഘട്ടത്തിൻെറ അവസാനത്തിലാണു്, വള്ളത്തോളും, ഉള്ളൂരും, കുമാരനാശാനും രംഗപ്രവേശം ചെയ്തതു്. മൂന്നുപേരുടേയും പൃഥഗ്വിധങ്ങളായ പരിലാളനകൊണ്ടു് കാവ്യകല വളൎന്നു് അതിൻെറ ഉൽകൃഷ്ടസോപാനത്തിൽ എത്തി. സൌന്ദൎയ്യബോധം, സ്വദേശസ്നേഹം, ഔചിത്യചിന്ത, സംസ്ക്കാരസമ്പത്തു് മുതലായവയാണു്, വള്ളത്തോൾ കവിതയുടെ പ്രധാന ലക്ഷണങ്ങൾ. വിഷയം, ആശയം, അലങ്കാരം, പദം, പ്രയോഗം, സന്ദർഭം ഇവയിലെല്ലാം നിറഞ്ഞ് സൌകുമാൎയ്യമാണു് വള്ളത്തോളിൻെറ കവിതയിൽ നാം കാണുന്നതു്.

"നിലയത്തിലിവൻ നവോഢയാകും
കുലകന്യക്കണിചേക്കയായിരുന്നു
മലർസായകചാപയഷ്ടിയിന്മേൽ
ചിലചിത്രപ്പണിചെയ്കയായിരുന്നു."

എന്ന ഒരു ശ്ലോകം മതി ഇവിടെയെല്ലാം ഉദാഹരിക്കുവാൻ. ഔചിത്യദീക്ഷയിലും അദ്ദേഹം ബദ്ധശ്ര

ഥനാണു്. മലയാളത്തിൽ ദേശീയഗാനങ്ങളെ പ്രഥമ മായി അവതരിപ്പിച്ചതു വള്ളത്തോളാണു്. 'Poetry represents the personality of the author and the spirit cf the age' (കവിത കവിയുടെ വ്യക്തി വൈഭവവും, കാലത്തിൻെറ അഭ്യന്തരഗുണവും വിശദീ കരിക്കുന്നു.) എന്നു് ആംഗ്ലേയ സാഹിത്യകാരനായ ജോൺ ഡ്റിംക്വാട്ടർ അഭിപ്രായപ്പെടുന്നു. മലയാള ത്തിൽ വള്ളത്തോളിൻെറ കവിതകളിൽ ഇതു നാം പ രിപൂർണ്ണമായിക്കാണുന്നു.

ആശയബാഹുല്യം, തത്വാവബോധം, ആഷസം സ്ക്കാരം, ചമല്ക്കാരചാതുര്യം മുതലായവയാണു് ഉള്ളൂർ കവിതയുടെ പ്രധാനഭാഗങ്ങൾ. ആഷസംസ്ക്കാരത്തി ൻെറ അത്യുച്ചകോടിയിൽ നിന്നുകൊണ്ടു് ലോകത്തെ ആഹ്ളാദിപ്പിക്കുകയും, ഉപദേശിപ്പിക്കുകയും ചെയ്യു ന്ന കവിയും ഗുരുവുമായിട്ടാണു് ഉള്ളൂരിനെ നാം കാണു ന്നതു്.

വാസനാസമ്പന്നനും, വിദഗ്ദ്ധനും, വിപ്ളവ കാരിയുമായ ഒരു സ്നേഹഗായകനായിരുന്നു കുമാരനാ ശാൻ. അദ്ദേഹത്തിൻെറ കവിതകൾ ജീവിതതത്വ നിരൂപണങ്ങൾകൊണ്ടു് അഗാധങ്ങളാണു്. സാഹി ത്യത്തിൽ അദ്ദേഹം ഒരു വിപ്ളവബുദ്ധി ജനിപ്പിച്ചു. അമംഗലഭീതികൂടാതെ ദുരന്തകഥകളെ ലഘുകാവ്യങ്ങ ൾക്കു വിഷയങ്ങളാക്കി. ശൃംഗാരരസത്തിൽ ശാസ്ത്രചു ക്ഷുസ്സുകളുടെ നെററി ചുളിക്കുമാറു് സ്നേഹത്തെ അത ർഹിക്കുന്ന പരിശുദ്ധിയോടുകൂടിത്തന്നെ പ്രതിപാദി ച്ചു. പുഷ്പപര്യായങ്ങളിൽ സുമനസ്സുണ്ടുമൊഴിച്ചു

മററുള്ളതെല്ലാം നപുംസകലിംഗമായിരുന്നിട്ടും പുഷ്പത്തെ ഒരു നായികയാക്കി കല്പിച്ചു. ജാതി മുതലായ അനാചാരങ്ങളെ നിശിതമായി വിമർശിച്ചു. ഇങ്ങനെ സാഹിത്യത്തിലും സമുദായത്തിലും യാഥാസ്ഥിതികത്വത്തോട് ആശാൻ എതിർത്തു. കൈരളീക്ഷേത്രത്തിലെ സാഹിത്യമഹോത്സവത്തിൽ വള്ളത്തോളിന്റെ ശ്രുതിമധുരമായ നാഗസ്വരവും, ഉള്ളൂരിന്റെ കൊമ്പുകുഴൽപ്പുറേറാട്ടുകൂടിയ ചെണ്ടമേളവും, ആശാന്റെ പഞ്ചവാദ്യവും ആകമാനം ജനങ്ങൾക്കു സന്തോഷപ്രദമായിരുന്നു.

ഇക്കാലത്തു പാശ്ചാത്യവായു ശക്തിയോട്ടുകൂടി കേരളത്തിലെങ്ങും അടിച്ചുകൊണ്ടിരുന്നു. ഭാഷാസാഹിത്യ ലോകത്തിലെ ചെറുകടിലുകളെല്ലാം അടി പിഴുതു വീണു. വലിയ മേടകളും അല്പമൊന്നാടിത്തുടങ്ങി. അവയിൽ പലതും വിശാലവും ബലിഷ്ഠവുമായ അടിസ്ഥാനത്തിന്മേൽ പണിചെയ്തിരുന്നതുകൊണ്ട് പലക്കും അഭിനിവേശമില്ലാതായി. സാത്വികാത്മകം, പ്രതിരൂപാത്മകം, പ്രേമാത്മകം, വിഷാദാത്മകം എന്നിങ്ങനെ പല നവാത്മക കവിതകളും കേരളക്കരയിൽ വന്നടിഞ്ഞു. അവയിൽ ചിലതെല്ലാം ചീഞ്ഞും, കരിഞ്ഞും, പൂതിഗന്ധം കലൎന്നും ഉപഭോഗക്ഷമങ്ങളല്ലാത്തവയും, മററു ചിലതിന്റെ ഉള്ള് വെറും പൊള്ളയും ആയിരുന്നതുകൊണ്ട് മലയാളത്തിൽ കുരുത്തു വളൎന്ന് മൊട്ടിട്ടില്ല. പാദസ്ഖലനംകൂടാതെ നിന്ന നിലയ്ക്കു നിൽക്കുന്നതിന് ചുരുക്കം ചിലൎക്കേ ശക്തിയുണ്ടായിരുന്നുള്ളു.

ഖണ്ഡകാവ്യം പോലെ ചെറുകഥകളും ആംഗ്ലേയ ഭാഷാപരിചയത്തിൻെറ അഭിനവഫലങ്ങളാണ്. ഫ്രഞ്ചുകാഥികനായിരുന്ന മാപ്പസാങ്ങിൻെറ സംഭോഗശൃംഗാരരസപ്രധാനങ്ങളായ കഥകളും അതിൽ നിന്നു ഉത്ഭവിച്ച യഥാതഥാ പ്രസ്ഥാനവും, സോഷ്യലിസം, കമ്മ്യൂണിസം മുതലായ പല ഇസങ്ങളിലെ തത്വങ്ങളും, അടിസ്ഥാനമാക്കി വെച്ചുംകൊണ്ടു് പല കഥകളും മലയാളികൾ നിർമ്മിച്ചിട്ടുണ്ടു്. പ്രചരണവേലയ്ക്കു ഇവയിൽ പലതും ഉപയുക്തങ്ങളാണെങ്കിലും, മിക്കതും മനുഷ്യൻെറ സംസ്ക്കാരത്തേയും സന്മാർഗ്ഗബോധത്തേയും നശിപ്പിക്കുന്നവകളാണ്. പലതും യാതൊരു ഉദ്ദേശവുമില്ലാതെ എഴുതിയിട്ടുള്ളതായും കാണപ്പെടുന്നുണ്ടു്. ഖണ്ഡകാവ്യങ്ങളിലെപ്പോലെ വൃത്തവും മററു ചില സാങ്കേതികങ്ങളും പ്രതിബന്ധങ്ങളായി നിൽക്കാത്തതുകൊണ്ടു് കഥാകൃത്തുകളായിത്തീരുവാൻ അക്ഷരജ്ഞാനമുള്ളവർക്കെല്ലാം സാധിക്കുമെന്ന നില വന്നുകഴിഞ്ഞു. കാവ്യങ്ങളിലായാലും, കഥകളിലായാലും ഭാവനയും പ്രതിഭയും കാണണമെങ്കിൽ മഷിയിട്ടു നോക്കേണ്ടിവന്നിരിക്കുന്നു പ്രതിപാദ്യം. പ്രതിപാദനത്തേക്കാൾ ഉൽകൃഷ്ടമായിക്കരുതി കഥയെഴുതുന്നവരും ഇല്ലാതില്ല. പലരും കഥയില്ലാത്ത കലകളെഴുതി കഥയില്ലാത്തവർക്കു കാഴ്ചവയ്ക്കുന്നു.

ആംഗ്ലേയസാഹിത്യസംസർഗ്ഗം കൊണ്ടു മലയാളത്തിൽ വിമർശനപ്രസ്ഥാനം വളരെ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടു്. ശബ്ദം, അർത്ഥം, ധ്വനി, രീതി, രസം, ഗുണം, ദോഷം മുതലായി പൂർവ്വന്മാരായ സാഹി

ത്യശാസ്ത്രജ്ഞന്മാരുടെ മതമനുസരിച്ച് കാവ്യനാടകാദികളെ ഇഞ്ചു തോറും പരിശോധിക്കുന്ന വിമർശനരീതി മിക്കവാറും പരിത്യക്തമായി. മരമെണ്ണി അളന്നു തിട്ടപ്പെടുത്തി വിലകണക്കാക്കാൻ ശ്രമിക്കാതെ, കാടിന്റെ ഗാംഭീര്യവും സൌന്ദൎയ്യവും കണ്ടാനന്ദിക്കുന്നതിനും പറഞ്ഞു മനസ്സിലാക്കുന്നതിനും വിമർശകന്മാർ പഠിച്ചു. സ്വസിദ്ധാന്തം സ്ഥാപിക്കുന്നതിന് ഭാമഹൻ, ദണ്ഡി, മമ്മടൻ, ദീക്ഷിതർ മുതലായവരെ പ്രമാണികളായി സ്വീകരിക്കാതെ മാത്യു ആർനോൾഡ്, സെയിൻസ്ബറി, ഹഡ്സൺ, കില്ലർക്കുച്ച്, ക്രൂർട്ടോപ്പ് മുതലായവരെ പിടിച്ചു മുൻപിൽ നിർത്തിത്തുടങ്ങി. എത്ര വലിയ സാഹിത്യകാൎയ്യങ്ങളിലും ഇംഗ്ലണ്ടിൽ വഴിതൂക്കുന്ന ഒരു സായ്പ് എന്തെങ്കിലും ഒരഭിപ്രായം പറഞ്ഞിട്ടുണ്ടെങ്കിൽ അതിനു കൂടുതൽ വിലകല്പിക്കുവാൻ വിമർശകന്മാരും, അതുകേട്ട തലകുലുക്കി സമ്മതിക്കുവാൻ ശ്രോതാക്കളും സന്നദ്ധരായി. വിമർശകന്മാരുടെ സംഖ്യ ഇന്നു മലയാളത്തിൽ ഭയങ്കരമായി വർദ്ധിച്ചിട്ടുണ്ട്. അവരിൽ പലരും അജ്ഞാനവും, വ്യക്തിവിരോധവും മാനദണ്ഡങ്ങളായി സ്വീകരിച്ചിട്ടുമുണ്ട്. തന്നിമിത്തം വിമർശകൻ എന്നു പറയുമ്പോൾ അതു പരോപജീവിയായ ഒരു ജന്തുവാണെന്നും കഴിയുന്നതും അകന്നു നില്ക്കണമെന്നും സാധാരണ സാഹിത്യകാരന്മാൎക്കു തോന്നിപ്പോകുന്നു.

നമ്മുടെ ഭാഷയിലും ഇംഗ്ലീഷ് കൈ കടത്തിയിട്ടുണ്ട്. വിദ്യാഭ്യാസലോകത്തിലും, കോടതികളിലുമാണ് ഇതു അധികം പ്രചരിച്ചിട്ടുള്ളതു്. നോട്ടുബുക്കും,

സ്ളേററും, പെൻസിലും, റിപ്പോർട്ടും, സമൻസും, ജഡ്ജിയും മററും മലയാളമായിക്കഴിഞ്ഞു. ഈ രണ്ടുമിക്കിലും സംബന്ധിക്കുന്ന മലയാളികളുടെ ആശയങ്ങളും ആംഗ്ലേയങ്ങളാണു്.

ഇങ്ങനെ നോക്കുമ്പോൾ മലയാളസാഹിത്യത്തിന്റെ ഇന്നത്തെ നില മിക്കവാറും ആംഗ്ലേയസാഹിത്യത്തിനടിമപ്പെട്ടതാണു്. കോടതികളിലും, വിദ്യാലയങ്ങളിലും ആ ഭാഷയും സാഹിത്യവും തന്നെയാണു് പ്രധാനമായി നിൽക്കുന്നതു്. മലയാളം ഒരു കാലത്തു തമിഴിനും പിന്നീടു സംസ്കൃതത്തിനും വശംവദമായിരുന്നതിൽ കൂടുതൽ ഇന്നു ഇംഗ്ലീഷിനു അടിമപ്പെട്ടിരിക്കുന്നു. നമുക്കു ഒരു സ്വതന്ത്രഭാഷയും, സ്വതന്ത്രസാഹിത്യവും നമ്മുടെ സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ഇക്കാലത്തെങ്കിലും ഉണ്ടാകുമെന്നു ആശിക്കാം.

---

# കൈരളിയുടെ കടപ്പാട്.

ഐശ്വര്യദേവതയായ ലക്ഷ്മിയും, വിദ്യാദേവതയായ സരസ്വതീയും തമ്മിലുള്ള വിരോധം സുപ്രസിദ്ധമാണല്ലൊ. അതിന്ന് ചില കാരണങ്ങളും ഇല്ലാതില്ല. ജ്ഞാനസമ്പാദനത്തിന്ന്, ഭൌതികമായാലും ആദ്ധ്യാത്മികമായാലും ഏകാഗ്രത അത്യന്താപേക്ഷിതമാണ്. അതുകൊണ്ടാണ് ഒരു വിദ്യാൎത്ഥിക്ക് "കാകദൃഷ്ടി ബകധ്യാനം" ഇവ ഉണ്ടായിരിക്കണമെന്ന് നിർബന്ധിക്കപ്പെട്ടിരിക്കുന്നത്. മാത്രമല്ല, അവർ ശ്വാനനിദ്ര, അല്പാഹാരം, ജീർണ്ണവസ്ത്രം ഇവകൊണ്ട് തൃപ്തിപ്പെടണമെന്നും ഉപദേശിച്ചിരിക്കുന്നു. ഇപ്രകാരം ആഹാരം, വസ്ത്രധാരണം, നിദ്ര മുതലായവയിൽ പോലും ശ്രദ്ധപതിയാത്ത വിധത്തിലുള്ള ഏകാഗ്രതയാണ് വിദ്യ ആവശ്യപ്പെടുന്നത്. ധനാൎജ്ജനത്തിന്നും ഈ ഏകാഗ്രത അത്യന്താപേക്ഷിതമാണ്. കണവും ക്ഷണവും നിസ്സാരമായി ഗണിക്കാതെ സൎവ്വദാ ചെയ്യുന്ന പ്രയത്നം കൊണ്ടു മാത്രമെ ധനം സ്വാധീനമാകയുള്ളു. ഈ സ്ഥിതിക്ക് വിദ്വാന്മാർ ദരിദ്രന്മാരും ധനവാന്മാർ അജ്ഞന്മാരുമായിക്കാണുന്നതിൽ അത്ഭുതപ്പെടുവാനില്ല. ഐശ്വര്യദേവതയായ ലക്ഷ്മിയിൽ അസൂയാകലുഷയായ ജ്യേഷ്ഠ ദാരിദ്ര്യമൂൎത്തിയായി വിദ്യയെ ആശ്രയിച്ചു നിൽക്കുന്നു. തന്നിമിത്തം വിദ്യാസമ്പന്നന്മാരായ കവികൾ പ്രായേണ ദരിദ്രരായിത്തീരുന്നു.

ദാരിദ്ര്യം അനുഭവിച്ചുവന്ന കവികളെപ്പററി ലോകചരിത്രത്തിന്റെ ആദികാലം മുതൽക്കുതന്നെ പല പ്രസ്താവനകളും കാണുന്നുണ്ടു്. ഭൌതികസമ്പത്തു ലേശവും ആഗ്രഹിക്കാത്ത മഹർഷിപുംഗവന്മാരാണു് രാമായണം, ഭാരതം മുതലായ വിശ്വോത്തരകാവ്യങ്ങൾ രചിച്ചിട്ടുള്ളതു്.

"Seven cities claimed Homer dead
Through which he passed begging bread"

(മരിച്ചുപോയ ഹോമർ തങ്ങളുടേതാണെന്നു് ഏഴു നഗരങ്ങൾ അവകാശപ്പെട്ടു. ജീവിതകാലത്തു് അദ്ദേഹം ഈ നഗരങ്ങളിൽ ഭിക്ഷതെണ്ടി നടന്നിരുന്നു.)

ദാരിദ്ര്യസമ്പൂർണ്ണമായ സാഹിത്യജീവിതവും അനുകമ്പാശൂന്യമായ ലോകത്തിന്റെ മനസ്ഥിതിയും ഇതിലധികം വ്യക്തമാക്കേണ്ടതില്ല. പതിനെട്ടാം നൂററാണ്ടിലെ ലണ്ടൻപട്ടണത്തിൽ ഗ്രബ്സ്‌തെരുവിൽ ജീവിച്ചിരുന്ന ദരിദ്രകവികളെപ്പററിയുള്ള കഥകൾ സുപ്രസിദ്ധങ്ങളാണു്. മഹാകവി മിൽട്ടനു് പറുദീസാനഷ്ടം മഹാകാവ്യത്തിനു് 15 പവൻ പ്രതിഫലം ലഭിച്ചതു് വലിയ കാര്യമായി. ഗോൾഡ്സ്മിത്തു് "Vicar of wakefield" എഴുതിക്കൊടുത്തു് അതിനു കിട്ടിയ പണം കൊണ്ടു് ഒരു കുപ്പി ബ്രാണ്ടി വാങ്ങിക്കുടിച്ചു. പക്ഷെ വാടക കൊടുക്കാഞ്ഞതുകൊണ്ടു് വീട്ടുടമസ്ഥയുടെ ശകാരം അദ്ദേഹത്തിനു കേൾക്കേണ്ടിവന്നു. ഡോക്ടർ ജോൺസൺ ഒരുകാലത്തു് മൃഷ്ടാന്നഭോജനം കഴിച്ചിരുന്നതു് നല്ലനേരം നോക്കിയിട്ടായിരുന്നു. ടെന്നീസനാണു തന്റെ പ്രേമഭാജനത്തെ കല്യാണംകഴിക്കുവാൻ

ധനദൌർല്ലഭ്യം നിമിത്തം പത്തുകൊല്ലം കാത്തിരിക്കേണ്ടിവന്നു. ഇങ്ങനെ ഇനിയുമുണ്ട് എണ്ണിയാലൊടുങ്ങാത്ത കഥകൾ.

നമ്മുടെ നാട്ടിലും ഇത്തരം കഥകൾ ഇല്ലാതില്ല. ദാരിദ്ര്യം നിമിത്തം ഘടദീപങ്ങളായിത്തീൎന്നിട്ടുള്ള എത്ര വളരെ പണ്ഡിതന്മാരേയും കവികളേയുമാണു് നമ്മുടെ കേരളഭൂമി പ്രസവിച്ചിട്ടുള്ളതു്. മഹാപണ്ഡിതനായിരുന്ന കൈക്കുളങ്ങര രാമവാൎയ്യരുടെ ചരിത്രം നമ്മുടെ സ്മൃതിപഥത്തിൽനിന്നും മറഞ്ഞിട്ടില്ല. ഈശ്വരദത്തമായ വാസനയും അഭ്യാസദത്തമായ പാണ്ഡിത്യവും കയ്യിൽ വച്ചുകൊണ്ടു് അവ പ്രകടിപ്പിക്കുന്നതിനുള്ള അവസരവും പൊതുജനങ്ങളുടെയോ ഭരണാധികാരിയുടെയോ പ്രോത്സാഹനവും ലഭിക്കാതെ എത്ര കവികൾ ഇന്നും ദരിദ്രജീവിതം നയിക്കുന്നു. പുസ്തകങ്ങൾക്കു് ഇത്രമാത്രം പ്രചാരം സിദ്ധിക്കാതിരുന്ന പഴയ കാലങ്ങളിൽ അവരുടെ സംഖ്യ വളരെ വളരെ കൂടുതലായിരുന്നിരിക്കണം.

"പൃഥുകാൎത്തസ്വരപാത്രം
ഭൂഷിതനിശ്ശേഷപരിജനം രാജൻ
വിലസൽ കരേണുഗഹനം
സംപ്രതിസമമാവയോഃ സദനം."

"അഹം ച ത്വഞ്ച രാജേന്ദ്ര
ലോകനാഥാവുഭാവപി
ബഹുവ്രീഹിസമാസോഹം
ഷഷ്ഠീതൽപുരുഷോഭവാൻ."

എന്നിങ്ങനെ സംസ്കൃതത്തിലും,

"മഹീപതേ ഭാഗവതോപമാനം
മഹാപുരാണം ഭവനം മദീയം
നോക്കുന്നവക്കൊക്കെവിരക്തിയുണ്ടാം
അത്ഥങ്ങളില്ലെന്നൊരുഭേദമുണ്ടു്."

"പൂജ്യസ്ത്വംസുജനൈരഹഞ്ചപട്ടഭിഃ
ശത്രുക്കളാലനഹം
കേറാൻവാരണമുണ്ടുതേ മമതഥാകൊട്ടാരവാതുക്കലും
ഒട്ടുംതന്നരിയില്ലതേ മമതഥാപൃഷ്ഠിക്കുകുപ്പാട്ടിലും
സേവിച്ചിട്ടടിയൻ ചിരേണനൃപതേ ത്വത്തുല്യനായീ
ടിന്നേൻ."

എന്നിങ്ങനെ മലയാളത്തിലും കാണുന്ന മനോഹര പദ്യങ്ങൾ ദാരിദ്ര്യത്തിന്റെ മുറവിളികളാണു്. എന്നാൽ കലകളെ വളത്തുകയും കവികളെ പുലത്തുകയും ചെയ്യുന്നതു് അഭിമാനകരമായിട്ടു മാത്രമല്ല കുലപാരമ്പയ്യധമ്മമായും വിചാരിച്ചിരുന്ന രാജകുലങ്ങൾ ഒരുകാലത്തു കേരളത്തിൽ വളരെയുണ്ടായിരുന്നു. കോലത്തിരി ഉദയവമ്മരാജാവു് അദ്ദേഹത്തിന്റെ ജീവിതകാലത്തു് തനിക്കും തന്റെ പ്രജകൾക്കുംവേണ്ടി എത്രയെത്ര നല്ല കായ്യങ്ങൾ ചെയ്തിരിക്കാം. എന്നാൽ അദ്ദേഹത്തിന്റെ ആ സൽകൃത്യങ്ങളെല്ലാം കാലപ്രവാഹത്തിലടിപ്പെട്ടു വിസ്മൃതിയിൽ ലയിച്ചുപോയി. എങ്കിലും

"പാലാഴിമാതുതാൻപാലിച്ചുപോരുന്ന
കോലാധിനാഥനുദയവർമ്മൻ."

എന്ന കൃഷ്ണഗാഥയിലെ രണ്ടുവരികൾ അദ്ദേഹത്തിന്റെ നാമത്തിനു് ശശ്വൽപ്രതിഷ്ഠ നൽകിയിരി

കുന്നു. ചെമ്പകശ്ശേരി ഒരു ചെറിയ രാജ്യമായിരുന്നു. ആ രാജ്യത്തിലെ ഭരണക്രമവും രാജധാനിയും ഒന്നും ഇന്നു കാണുന്നില്ല. എന്നാൽ

“ചെമ്പകനാട്ടിന്നലങ്കാരഭൂതനാം
തമ്പുരാൻ ദേവനാരായണസ്വാമി”

അദ്ദേഹത്തെ ആശ്രയിച്ചു് കവിപ്പൊതിച്ചോറും ഉണ്ടു് വളൎന്നുവന്ന കുഞ്ചൻനമ്പിയാരെ അവലംബിച്ചു് ഇന്നും ജീവിക്കുന്നു. തിരുവിതാംകൂർ വാണിരുന്ന മാൎത്താണ്ഡവൎമ്മ മഹാരാജാവു് തന്റെ പാപപരിഹാരാൎത്ഥം തന്റെ രാജ്യം മുഴുവൻ ശ്രീപത്മനാഭനു സമൎപ്പിച്ചു. എങ്കിലും അദ്ദേഹത്തിന്റെ പാപമോചനം കുചേലനായ രാമപുരത്തു വാര്യരെ കുബേരനാക്കിത്തീൎത്തുകൊണ്ടാണു് ഉണ്ടായതു്.

“മാഗാപ്രത്യുപകാരകാതരതയാ വൈകൎണ്യമാകൎണ്ണയ
ശ്രീകൎണ്ണാടവസുന്ധരാധിപസുധാസിക്താനിസൂക്താ
നിനഃ
വൎണ്യന്തെകവിഭിഃ പയോധരസരിൽസന്ധ്യാഭ്ര
വിന്ധ്യാടവി
ഝംഝാമാരുതനിൎഝരപ്രഭൃതയസ്തേഭ്യഃ കിമാപ്തം
ഫലം.”

എങ്ങിനെ കൎണ്ണാടരാജാവിനെ അധിക്ഷേപിക്കുകയും സ്വയം ആശാഭംഗപ്പെടുകയും ചെയ്തുകൊണ്ടു് കേരളക്കരയിലേയ്ക്കു് കാലെടുത്തുവച്ച ഉദ്ദണ്ഡശാസ്ത്രി, സാമൂതിരിപ്പാടിന്റെയും. സഹവാസികളുടെയും മഹാമനസ്സു കണ്ടു് അത്ഭുതപ്പെട്ടു് പരദേശിയിലേക്കു തിരിച്ചു പോകുവാൻ ആഗ്രഹംപോലുമില്ലാത്തവനായിത്തീൎന്നു.

ഇങ്ങനെ, ദേശിംഗനാട്ട്, വെട്ടത്തുനാട്ട്, തെക്കുംക്കൂർ, വടക്കുംക്കൂർ മുതലായ പല രാജകുലങ്ങളെയും ആശ്രയിച്ച് സാഹിത്യപോഷണം ചെയ്തിട്ടുള്ള കവികളെപ്പററി ഒട്ടുവളരെ കഥകൾ പറയാനുണ്ട്. ഉന്നതങ്ങളായ പർവ്വതങ്ങളുടെ അധിത്യകളിൽനിന്നുമുത്ഭവിക്കുന്ന മഹാനദി ഒട്ടുവളരെ കാട്ടരുവികളുടെ കൂട്ടുകെട്ടുപിടിച്ച് സകല ശക്തികളോടുംകൂടി കീഴ്പോട്ടൊഴുകി, സസ്യങ്ങൾക്കും, വൃക്ഷലതാദികൾക്കും ജീവനംനൽകിപോഷിപ്പിക്കുന്നതുകൂടാതെ സാധാരണ ജനങ്ങൾക്ക് ഉപഭോഗയോഗ്യവും, സുഖപ്രദവുമായി പരിണമിക്കുന്നതുപോലെ, കേരളസാഹിത്യഗംഗ, ഉന്നതങ്ങളായ രാജസ്ഥാനങ്ങളിൽനിന്നും ഉത്ഭവിച്ച് സാമാന്യജനങ്ങൾക്ക് ജ്ഞാനവും വിവേകവും നൽകിക്കൊണ്ട് പരമാനന്ദത്തെ ലക്ഷ്യംവച്ച് പാഞ്ഞൊഴുകുന്നു. അതിനാൽ കൈരളിയുടെ കടപ്പാട് പ്രധാനമായി ഈ രാജകുടുംബങ്ങളോടും പ്രഭുകുടുംബങ്ങളോടുമാകുന്നു. പുന്നത്തിനെ പുലത്തിയ സാമൂതിപ്പാട്ടും, കുഞ്ചൻനമ്പ്യാരെയും ഉണ്ണായിവാരിയരേയും സംരക്ഷിച്ച തിരുവിതാംക്കൂർ മഹാരാജാവും കേരളീയരുടെ അഭിനന്ദനത്തിനർഹതയുള്ളവരാണു്. മാടമഹീപാലവംശത്തോട്ട് കൈരളിക്കുള്ള ആധമർണ്ണ്യം അനല്പമാണു്. പാണ്ഡിത്യപാരമ്പര്യം അനുസ്യൂതമായി പരിപാലിച്ചിട്ടുള്ള മററൊരു രാജവംശം ഇല്ലെന്നുതന്നെ പറയാം. സംസ്കൃതത്തിലും മലയാളത്തിലും സാഹിത്യപരവും വിജ്ഞാനപരവുമായ പല ഗ്രന്ഥങ്ങളും നിർമ്മിച്ച് കേരളത്തേയും കേരളഭാഷയേയും അനുഗ്രഹിച്ചിട്ടുള്ള പല മഹാനുഭാവന്മാ

രും ഈ വംശത്തെ അലങ്കരിച്ചിട്ടുണ്ട്. രാജരത്നാവലീയം ചെല്ലൂർനാഥോദയം, തെക്കെകലനാഥോദയം മുതലായ വിലയേറിയ ഗ്രന്ഥങ്ങൾ ഈ കല്പവൃക്ഷച്ഛായയിൽ സുഖജീവിതം നയിച്ചിട്ടുള്ള കവികൾ നിർമ്മിച്ചിട്ടുള്ളവയാകുന്നു. കേരളത്തിൽ ചില രാജവംശങ്ങൾ അസ്തംഗതങ്ങളായി, അല്ലെങ്കിൽ രാജലക്ഷ്മി അവരോട് പിണങ്ങിപ്പിരിഞ്ഞു. ഉള്ളവയിൽത്തന്നെ വിദ്യാതല്പരതയും സാഹിത്യപക്ഷപാതവും അന്തർദ്ധാനംചെയ്തുകഴിഞ്ഞു. ഇക്കാലത്തും മാടമഹീപാലവംശത്തിലെ സാഹിത്യപരിശ്രമം അഭ്യസൂയാവഹമായിരിക്കുന്നു. അടുത്തകാലത്ത് മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടും, കേരളവർമ്മ അമ്മാമൻതമ്പുരാൻ തിരുമനസ്സുകൊണ്ടും ചെയ്തിട്ടുള്ള ഭാഷാസേവനം ഒരിക്കലും വിസ്മരിക്കത്തക്കതല്ല. കൈരളീദാസൻ എന്നാണു് അപ്പൻതമ്പുരാൻ തന്നെപ്പററി അഭിമാനപുരസ്സരം പ്രസ്താവിക്കുകയും എഴുതുകയും ചെയ്യാറുള്ളതു്. രാജമകുടം അവിടുത്തെ ശിരസ്സിനെ അലങ്കരിച്ചില്ല. എന്നാൽ കേരളത്തിലെ സഹൃദയന്മാർ ആകമാനം സാഹിത്യസാമ്രാജ്യചക്രവർത്തിയായി അഭിഷേകംചെയ്ത് അവിടുത്തെ ആരാധിച്ചുപോന്നു. മലയാള ഗദ്യകവിതയിൽ അപ്പൻതമ്പുരാനെ അതിശയിക്കാനോ അനുകരിക്കാനോ ഇന്നുവരെ ആരും ഉണ്ടായിട്ടില്ല. പണ്ഡിതവരേണ്യനായ ഇന്നത്തെ മഹാരാജാവുതിരുമേനിയും ഗദ്യപുഷ്പങ്ങൾകൊണ്ടും പദ്യരത്നങ്ങൾകൊണ്ടും കൈരളിയെ അർച്ചിച്ചിട്ടുണ്ട്. അതിനാൽ ഈ രാജവംശത്തോടും കൈരളിയും കേരളവും കടപ്പെട്ടിട്ടുണ്ട്.

തമിഴ്, സംസ്കൃതം, ഇംഗ്ലീഷ് എന്നീ മൂന്നു ഭാഷകളോടും കൈരളിക്ക് ഋണബന്ധമുണ്ട്. കൈരളിയുടെ ബാഹ്യവേഷംകണ്ടു് ഗോത്രനിർണ്ണയം ചെയ്യാൻ പുറപ്പെട്ട ചില ഭാഷാചരിത്രകാരന്മാർക്കും ചില അമളി പററാതിരുന്നിട്ടില്ല. കൈരളി ദ്രാവിഡഗോത്രസംജാതയാണെന്നുള്ള കാര്യത്തിൽ ഇന്ന് ചുരുക്കം ചിലർക്കു മാത്രമേ സംശയമുള്ളു. എങ്കിലും മലയാളം തമിഴിൻെറ പുത്രിയാണെന്നു പറയുന്നതിനേക്കാൾ തമിഴ് മലയാളത്തിൻെറ പുത്രിയാണെന്നു വാദിക്കുന്നവരുമുണ്ടു്. പ്രാചീനശബ്ദങ്ങളുടെ പ്രത്യയങ്ങളൊന്നുമില്ലാത്ത അകൃത്രിമരൂപം മലയാളത്തിലാണ് കണ്ടുവരുന്നതു്. ചിലപ്പതികാരം, മണിമേഖല തുടങ്ങിയ ഗ്രന്ഥങ്ങൾ കേരളത്തിലാണുണ്ടായതു്. തമിഴന്മാർ ഈ വാദം സമ്മതിക്കയില്ല. തിരുവഞ്ചിക്കുളംകൂടി അവർ പാണ്ടിയിലേക്കു കടത്തിയിരിക്കുന്നു. ഭാഷയുടെ ബന്ധം എന്തായാലും സാഹിത്യസംബന്ധമായി വലിയ സഹായങ്ങളൊന്നും തമിഴിൽനിന്നും മലയാളത്തിനു ലഭിച്ചിട്ടില്ല. "തമിഴിൻെറ ജീർണ്ണവും വർണ്ണകലുഷവുമായ അക്ഷരമാലാകഞ്ചുകം" നിർമ്മലയായ കൈരളിക്ക് മതിയായില്ല. രാമചരിതം, മാവാരതംപാട്ട്, കണ്ണശ്ശരാമായണം മുതലായവയിൽ തമിൾപദങ്ങളും ശൈലികളും പ്രയോഗങ്ങളും ഏറെക്കുറെക്കാണുന്നതുകൊണ്ടു് ഭ്രമിക്കാനില്ല. കൈതപ്പുഴയ്ക്കു വടക്ക് അത്തരം ഗ്രന്ഥങ്ങൾ ആവിർഭവിച്ചിട്ടില്ല. സ്ഗോത്രബഹുമാനം മാത്രമേ തമിഴിനോട്ടു് കൈരളിക്കുള്ളു.

ഏകദേശം ഒരു ശതവഷത്തിലധികം കാലമായി ആംഗ്ലേയഭാഷയ്ക്കു് ഭാരതഖണ്ഡത്തിൽ രാജഭാഷയായി അംഗീകാരവും പ്രചുരപ്രചാരവും സിദ്ധിച്ചു. കേരളത്തിലും ആ ഭാഷ സാർവ്വത്രികമായി വ്യാപിച്ചു. ഭരണക്കൂടത്തിൽനിന്നും കേരളഭാഷ കേവലം ബഹിഷ്കൃതയായി. വിദ്യാഭ്യാസലോകത്തിൽ കൈരളിക്കു് അധമസ്ഥാനം കല്പിച്ചു. അടുക്കളയിൽപോലും ആംഗ്ലേയഭാഷ സംസാരിച്ചുകേൾക്കുന്നതിന് പരിഷ്കാരികൾ ആഗ്രഹിച്ചു. അമ്മ, അച്ഛൻ എന്നു പറയുന്നതിനു പകരം മമ്മ, പപ്പ എന്നു പറയുവാൻ അവർ ശിശുക്കളെ അഭ്യസിപ്പിച്ചു. പ്രാസംഗികന്മാക്കും അദ്ധ്യാപകന്മാക്കും സ്വദേശഭാഷയിൽ സംസാരിപ്പാൻ വഹിയാതായി. ആകപ്പാടെ ഈ വിദേശഭാഷ സ്വദേശഭാഷയെ തേജോവധംചെയ്തു. എങ്കിലും കാൽചുവട്ടിൽ കിടന്നു് ചവുട്ടുകൊണ്ടു വിഷമിച്ചകാലത്തും കള്ളക്കൈ കടത്തി കഴിയുന്നതെല്ലാം അപഹരിച്ചെടുക്കുന്നതിനുള്ള മിടുക്കു് കൈരളിക്കുണ്ടായിരുന്നു അതുകൊണ്ടു് നോവലുകൾ, ചെറുകഥകൾ ഖണ്ഡകാവ്യങ്ങൾ, ഗദ്യനാടകങ്ങൾ, ജീവചരിത്രങ്ങൾ, നവീനരീതിയിലുള്ള വിമശനങ്ങൾ, ശകാരങ്ങൾ എന്നിവയെല്ലാം ഭാഷയിൽ ആവിർഭവിച്ചു. മലയാളഗദ്യം അതിൻെറ വിവിധപ്രസ്ഥാനങ്ങളിൽ അഭിവൃദ്ധിപ്പെടുന്നതിന് ഈ വിദേശഭാഷാസമ്പക്കം കൈരളിയെ സഹായിച്ചു. എന്നാൽ ഇവയിലെല്ലാം ചോരണം, മാരണം, അനുകരണം മുതലായി കൊള്ളയും കൂട്ടക്കൊലയും ഒട്ടുവളരെ നടന്നു. ഇവ

കൂടാതെ ആംഗ്ലേയഭാഷ കേരളീയരിൽ ഒരുതരം രുചി വിപ്ലവം വരുത്തി. മലയാള കവിതകളിൽ സംസ്കൃത പദങ്ങളല്ലാതെ സംസ്കൃതവിഭക്തിപ്രത്യയം, ക്രിയാപ്രത്യയം, അവ്യയം, ചിലതരം സമസ്തപദങ്ങൾ മുതലായവ പ്രയോഗിച്ചുവന്നതു് വെണ്മണിപ്രഭൃതികളുടെ പരിശ്രമത്താൽ മുമ്പുതന്നെ വേണ്ടെന്നുവെച്ചിരുന്നു. സംസ്കൃതപദങ്ങളിൽതന്നെ പ്രയോഗരീതിയിൽ പല മാററങ്ങളും ചെയ്തുവന്നു. എങ്കിലും നാടകം, മഹാകാവ്യം മുതലായവയിൽ സംസ്കൃത നിയമങ്ങൾതന്നെയാണു് പരിപാലിച്ചുവന്നതു്. ഇവയെല്ലാം ഉപേക്ഷിച്ചതോടുകൂടി കവിതയ്ക്കു് സ്വാതന്ത്ര്യം ലഭിച്ചു. സംസ്കൃതത്തിൽ വിരളമായിരുന്ന ദുരന്തകഥകളും കാവ്യങ്ങളും നാടകങ്ങളും മററും മലയാളത്തിലുണ്ടായിത്തുടങ്ങി. എന്നല്ല പഴയരീതികളെല്ലാം ഉപേക്ഷിച്ചു് പുതിയരീതി കൈക്കൊള്ളുന്നതിനു് സഹൃദയലോകം സന്നദ്ധമായി. ഈ പരിവർത്തനത്തിന്റെ ഫലം എല്ലായ്പോഴും ആശാസ്യമായിരുന്നില്ല. പ്രാചീനസമ്പ്രദായത്തോടുള്ള ജുഗുപ്സ വർദ്ധിച്ചു് സാഹിത്യകാരന്മാർക്കു് പാണ്ഡിത്യം അനാവശ്യമാണെന്നുപോലും പ്രസ്താവിക്കുന്നതിനു് ചിലർ തയാറായി. നിലനിന്നുവരുന്ന കേരളീയസംസ്കാരത്തിനും ഉന്മൂലനാശം വരുത്തുന്നതിനു് പലരും പരിശ്രമിച്ചുതുടങ്ങി. സോഷ്യലിസം, കമ്യൂണിസം, നാഷണലിസം, നാസിസം, ഫാസിസം, മുതലായ ഇസങ്ങൾ ഇംഗ്ലീഷ്ഭാഷാപരിചയംകൊണ്ടു് കേരളീയരുടെ ഇടയിൽ പ്രചരിച്ചുതുടങ്ങിയപ്പോൾ അവയിലടങ്ങിയ ആശയങ്ങളെ ആ

വിഷ്ക്കരിക്കുന്നതിനു മാത്രമുള്ള ഒരുപകരണമായിത്തീ ൎന്നു കവിത. അതിലെ കലാഭാഗം നഷ്ടപ്രായമായി. സൗന്ദൎയ്യസമ്പത്തു് നശിച്ചു. ദാരിദ്ര്യത്തെപ്പററി കീൎത്തി ച്ചുകീൎത്തിച്ചു് കവിതതന്നെ ദാരിദ്ര്യവുമായി സായൂജ്യം സമ്പാദിച്ചു.

സാഹിത്യത്തെ ഒരു സഹൃദയൻ മണ്ണുനോക്കി സാഹിത്യം, പെണ്ണുനോക്കിസാഹിത്യം, വിണ്ണുനോ ക്കിസാഹിത്യം എന്നിങ്ങനെ മൂന്നായി തരംതിരിച്ചിട്ടു ണ്ടു്. കൌരവന്മാർ പാണ്ഡവന്മാൎക്കു് ഒരു സൂചികുത്തു ന്നതിനുപോലുമുള്ള സ്ഥലം കൊടുക്കുകയില്ലെന്നു ശാഠ്യം പിടിച്ചതുകൊണ്ടുണ്ടായ യുദ്ധമാണല്ലൊ ഭാരതത്തിലെ പ്രധാനകഥ. അതുകൊണ്ടു് ആ ഗ്രന്ഥത്തിനു് മണ്ണു നോക്കിസ്സാഹിത്യം എന്നു് പേരിടാം. അതുപോലെ രാവണൻ സീതയെ തട്ടിക്കൊണ്ടുപോയ കഥയാണു് രാമായണത്തിലെ വിഷയം. തന്നിമിത്തം അതിനു് പെണ്ണുനോക്കിസ്സാഹിത്യമെന്നും പേരിടാം. ഇനിയും ഭഗവത്ഗീത, നാരായണീയം, മുതലായവ വിണ്ണുനോ ക്കിസ്സാഹിത്യത്തിൽ ഉൾപ്പെടുന്നു. ഇവ മൂന്നും കൂടാ തെ പുണ്ണുനോക്കിസ്സാഹിത്യം എന്നു് നാലാമതൊരു വിഭാഗവുംകൂടി ഉണ്ടായിട്ടുണ്ടു്. ജീവജാലങ്ങളിൽവ ച്ചു് ഏററവും ക്രൂരൻ മനുഷ്യനാകുന്നു. ലോകത്തിൽ ഏററവും വേദനയനുഭവിക്കുന്നതും മനുഷ്യൻ തന്നെ. ഈ ക്രൂരതയും വേദനയും ഇല്ലാതാക്കിത്തീൎക്കുന്നതിനു വേണ്ടി ചെയ്യുന്ന ഏതു പരിശ്രമവും സ്തുത്യൎഹമാണു്. സാഹിത്യവും അതിലേക്കു് ഒരുപകരണമായി സ്വീക രിക്കുന്നതു് നല്ലതുതന്നെ. എന്നാൽ അപ്രകാരം ലൌ

കികജീവിതത്തെ വിമർശിക്കുന്നതുകൊണ്ടു മാത്രമെ സാഹിത്യം ഉത്ഭവിക്കുകയുള്ളുവെന്ന് വാദിക്കുന്നതു് സാഹസംതന്നെ. അത്യന്തം സ്വതന്ത്രയായ സാഹിത്യദേവതയെ സങ്കുചിതങ്ങളായ പരിതസ്ഥിതികളിൽ ബന്ധിക്കുന്നതു് നല്ലതാണെന്നു വിചാരിക്കുവാൻ തരമില്ല. സംഭോഗശൃംഗാരം യഥാതഥ്യപ്രസ്ഥാനത്തിൽ വർണ്ണിക്കുന്നതു്, സാഹിത്യദേവതയെ അപ്രകാരം ബന്ധിച്ചതിനുശേഷം മലിനമായവേഷം ധരിപ്പിക്കുകയാകുന്നു. അതുകൊണ്ടു് ഇംഗ്ലീഷ്ഭാഷയോടുള്ള കൈരളിയുടെ കടപ്പാടു് കേവലം നിർദ്ദുഷ്ടമെന്നു പറയാൻ പാടില്ല.

സംസ്കൃതഭാഷയോടു് കൈരളിക്കുള്ള ആധമർണ്ണ്യം അനല്പമാണു്. ഭാഷയിലെ അക്ഷരമാല സംസ്കൃതത്തിൽനിന്നും സ്വീകരിച്ചിട്ടുള്ളതാണു്. ഇന്നു് പ്രചുരപ്രചാരത്തിലിരിക്കുന്ന പല പദങ്ങളും തത്സമമായോ, തത്ഭവമായോ സംസ്കൃതത്തിൽനിന്നും സ്വീകരിച്ചിട്ടുള്ളവയാണു്. ഭാഷാകവിതയുടെ ഏറ്റവും വിപുലവും അനർഘവുമായ ശാഖ മണിപ്രവാളകവിതകളാകുന്നു. പുരാണങ്ങൾ, ഇതിഹാസങ്ങൾ, പ്രധാന നാടകങ്ങൾ മുതലായവയെല്ലാം സംസ്കൃതത്തിൽനിന്നും തർജ്ജിമ ചെയ്യപ്പെട്ടിട്ടുള്ളതാണു്. പൂജ്യന്മാരും സുപ്രസിദ്ധന്മാരുമായ മലയാളകവികൾ സംസ്കൃതഭാഷയിൽ പാണ്ഡിത്യം സമ്പാദിച്ചവരാണു്. ഭാഷയിലെ പ്രധാന വ്യാകരണഗ്രന്ഥങ്ങളായ കേരളകൌമുദി, വ്യാകരണാദർശം, കേരളപാണിനീയം, ഭാഷാസുധാകരം എന്നീ പ്രാമാണികഗ്രന്ഥങ്ങൾ എഴുതിയി

ട്ടുള്ള കോവുണ്ണി നെടുങ്ങാടി, ശേഷഗിരിപ്രഭു, എ. ആർ. രാജരാജവമ്മ, ആറന്മുള കൃഷ്ണപ്പിഷാരടി എന്നിവർ സംസ്കൃതഭാഷയിൽ അസാമാന്യപ്രാവീണ്യം നേടിയിട്ടുള്ളവരാണ്. ഭാഷാഭൂഷണം, സാഹിത്യസാഹ്യം, രസികരഞ്ജനം, ഭാഷാലീലാതിലകം എന്നീ സാഹിത്യശാസ്ത്രഗ്രന്ഥങ്ങൾ നിമ്മിച്ചിട്ടുള്ളതു് ഈ ഒടുവിൽ പറഞ്ഞ രണ്ടുപേരുമാകുന്നു. ഭാഷയിൽ സാങ്കേതികപദങ്ങൾ സൃഷ്ടിക്കേണ്ടതായിവരുമ്പോൾ പണ്ഡിതന്മാർ സംസ്കൃത ഭാഷാഭണ്ഡാഗാരത്തിലാണ് കൈകടത്താറുള്ളതു്. ഇങ്ങനെ പലതുകൊണ്ടും കൈരളിക്ക് സംസ്കൃതഭാഷയോടുള്ള കടപ്പാട് വാചാമഗോചരമാകുന്നു. ഇന്ന് സംസ്കൃതഭാഷ ഭാരതഖണ്ഡത്തിലെ രാഷ്ട്രഭാഷയായി സ്വീകരിക്കുന്നപക്ഷം മലയാളികൾക്ക് അതിൽ വിഷമമോ, വൈമനസ്യമോ ഉണ്ടാവാൻ ഇടയില്ല.

# ഭാവിഗവേഷണം.

ആംഗ്ലേയസാഹിത്യകാരന്മാരിൽ ഒരു സുപ്രസിദ്ധ ചിന്തകനായ H. G. Wells (എച്ച്. ജി. വെൽസ്സ്) പ്രഥമമായി എഴുതിയ സമയയന്ത്രം (Time Machine) എന്ന ആഖ്യായിക ഞാൻ ഏതാനും ദിവസങ്ങൾക്കു മുൻപാണു് വായിച്ചുതീർത്തതു്. നമുക്കു് മോട്ടോർകാറിലൊ ആകാശവിമാനത്തിലൊ കയറി മുൻപോട്ടും പിറകോട്ടും സ്ഥലയാത്ര ചെയ്യാവുന്നതുപോലെ സമയയന്ത്രംമൂലം ഭൂതത്തിലേയ്ക്കും, ഭാവിയിലേയ്ക്കും സഞ്ചരിക്കാൻ സാധിക്കുമെന്നുള്ള തത്വമാണു് പ്രസ്തുത കൃതിയിൽ മി. വെൽസ്സ് പ്രതിപാദിച്ചിട്ടുള്ളതു്. പാശ്ചാത്യ ശാസ്ത്രജ്ഞന്മാർ പലവിധത്തിലുള്ള ഉപജ്ഞകൾ കൊണ്ടു ലോകത്തെ വിസ്മയിപ്പിക്കുന്ന ഇക്കാലത്തു് ഇപ്രകാരമുള്ള സമയയന്ത്രം കണ്ടുപിടിച്ചിരുന്നെങ്കിൽ അതിൽകയറി ഒന്നു ഭൂതകാലത്തിൽ ചുററിത്തിരിഞ്ഞു നമ്മുടെ പൂർവ്വന്മാരുടെ സ്ഥിതി എന്തായിരുന്നെന്നു് അറിയുകയും, അവരിൽ നമുക്കു് ആരാധ്യന്മാരായ ചിലരെ കണ്ടു് അവരോടു നമുക്കുള്ള ഭക്ത്യാദരങ്ങളെ അറിയിക്കുകയും, ചെയ്യുന്നതു കൂടാതെ ഭാവികാലത്തേയ്ക്കു കടന്നു് നമ്മുടെ സന്താനങ്ങളുടെ സ്ഥിതി എന്തായിരിക്കുമെന്നു് മനസ്സിലാക്കുകയുംകൂടി ചെയ്യാമായിരുന്നെന്നുള്ള വിചാരം ആ നോവൽ വായിച്ചതുമുതൽ എൻെറ മനസ്സിൽ തോ

നിന്നുതുടങ്ങി. അങ്ങനെ ഇരിക്കുമ്പോഴാണ് ആ മഹാൻതന്നെ എഴുതിയ സ്വപ്നം (The Dream) എന്ന പുസ്തകവും കാണുന്നതിനു് ഇടയായതു്. ഈ പുസ്തകത്തിൽ അദ്ദേഹം കുറെ ശതവർഷങ്ങൾകൂടി കഴിഞ്ഞിട്ടുള്ള ലോകത്തിൻെറ സ്ഥിതി എന്താണെന്നാണ് കാണിച്ചിരിക്കുന്നതു്. അതുകൂടി വായിച്ചപ്പോൾ എൻെറ മുൻപറഞ്ഞ ആഗ്രഹം ശതഗുണീഭവിച്ചെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. ഈയിടെ യൂറോപ്പിൽനിന്നും അമേരിക്കയിൽനിന്നും വരുന്ന പത്രങ്ങളിലും, മാസികകളിലും ഞാൻ ആദ്യമായി കണ്ണോടിക്കുന്നതു് അവയിലുള്ള പരസ്യങ്ങളിലാണു്. എന്നാൽ ആ പരസ്യങ്ങളിലെങ്ങും ഒരു സമയയന്ത്രം വില്ക്കാൻ ഒരു കമ്പനിക്കാരും ഉദ്യമിക്കുന്നതായി കാണപ്പെട്ടില്ല.

സയൻറിഫിക്ക് അമേരിക്കൻ(Scientific Ame-icnar)മുതലായ ശ്രേഷ്ഠമാസികകൾകൂടി ഞാൻ ആദ്യന്തം വായിച്ചുനോക്കാറുണ്ടു്. ഒരു ഫലവുമില്ല. അവിടെയെല്ലാം ഇപ്പോൾ യുദ്ധോപകരണങ്ങളിൽ.ഏറ്റവും വലിയ നശീകരണായുധം കണ്ടുപിടിക്കുന്നതിനുള്ള ശ്രമമേ നടക്കുന്നുള്ളു. ചിലർ പുനർബാല്യം ലഭിക്കുന്നതിനും, ഗർഭാധാനം നിരോധിച്ചു സന്താനനിയന്ത്രണം ചെയ്യുന്നതിനും മററുമുള്ള നിരുപയോഗൗഷധങ്ങൾ പരസ്യം ചെയ്തു് സാധുക്കളെ വഞ്ചിച്ചുവരുന്നതല്ലാതെ ലോകത്തിലെ ജ്ഞാനഭണ്ഡാഗാരം അഭിവൃദ്ധിപ്പെടുത്തുന്നതിനു് യാതൊന്നും ചെയ്തുവരുന്നില്ലെന്നുകണ്ടു് ഞാൻ അത്യന്തം മനസ്താപപ്പെട്ടു. ഇങ്ങനെ ഇരിക്കുമ്പോഴാണ് സഹൃദയ മാസികയുടെ മൂന്നാലുലക്കം ഒന്നിച്ചെൻെറ

കൈയിൽ കിട്ടുന്നതിനിടയായതു്. അതിലെ ഉണ്ണുനീലി സന്ദേശവാദം ഞാൻ ബുദ്ധിമുട്ടി വായിച്ചു നോക്കി. കവിയും ഗ്രന്ഥകർത്താവും ഒരാളാണോ, എന്ന പ്രശ്നത്തിനു് മുൻപുണ്ടായിരുന്ന കുഴപ്പങ്ങളെല്ലാം ഇന്നിയും നിലനിൽക്കുന്നു എന്നു മാത്രമെ എനിക്കു മനസ്സിലായുള്ളു. ഗ്രന്ഥത്തിന്റെ കാലം നിശ്ചയിക്കാൻ പുറപ്പെട്ട ചിലർ കൊണ്ടുവന്നിട്ടുള്ള നവീനതയും, അബദ്ധവും എന്നെ കുറഞ്ഞൊന്നു് ആകർഷിക്കുകയും പരിഭ്രമിപ്പിക്കുകയും ചെയ്യാതിരുന്നില്ല. “അഞ്ചാംപക്കം വരമിതു തുലോം വാരവും വീരമൗലേ, നാളുംനന്റെ നളിനവനിതക്കിമ്പനേ മുമ്പിലേതു്” എന്ന പദ്യത്തിലെ ‘മുമ്പിലേതു്’’ എന്നതിനു് ആദ്യത്തെ ‘അഞ്ചാംപക്കം” എന്ന സമസ്തപദത്തിന്റെ ഒരു ഭാഗമായ അഞ്ചു് എന്നർത്ഥം കല്പിച്ചതു് വളരെ വിചിത്രമായിത്തോന്നി. ഇതുപോലെയുള്ള മറെറാരു വയ്യാവേലിയാണു് ഇതിലെ രാമപാണിവാദവാദം. ഒന്നും വേണ്ട എന്ന ഭാവത്തോടുകൂടി ആ മാസികയും ദൂരത്തിട്ടു് ഞാനൊന്നുറങ്ങാൻ നോക്കി. നിദ്രാദേവി എനിക്കു് എന്നും വളരെ അനുകൂലയാണു്. അവളുടെ പരിചരണം കൊണ്ടു് ഞാൻ സകല ക്ലേശങ്ങളും മറന്നു് ആനന്ദം അനുഭവിക്കാൻ തുടങ്ങി. എവിടെ? മനുഷ്യനുണ്ടോ ദീർഘകാലാനന്ദം അനുഭവിപ്പാൻ പോകുന്നു! എന്റെ നിദ്രയ്ക്കു തടസ്സം നേരിട്ടു. പക്ഷെ അതു സന്തോഷകരമായ ഒരു തടസ്സമായിരുന്നു. സമയയന്ത്രം എന്നു് ഹിന്ദിയിലും, മലയാളത്തിലും എഴുതിപ്പതിച്ചിട്ടുള്ള ഒരു യന്ത്രം നിശ്ശബ്ദം എന്നെ സമീപിക്കുന്നതു ഞാൻ കണ്ടു. എങ്ങനെ

യോ തത്തിപ്പിടിച്ചുകയറി ഞാനതിൽക്കടന്നുകൂടി. 'എവിടേയ്ക്കു', എന്ന് ആ യന്ത്രത്തിലിരുന്ന ഒരു മനുഷ്യൻ എന്നോടു ചോദിച്ചു. മോട്ടോർക്കാരോട് ഇന്ന തെരുവിൽ ഇത്രാം നമ്പർ വീടിൻെറ മുൻഭാഗത്ത് ഇറക്കണമെന്ന് ആവശ്യപ്പെടുന്നതുപോലെ, ഞാൻ കൊല്ലവർഷം പത്താംശതകത്തിൽ തിരുവനന്തപുരത്തിറക്കുവാൻ ആവശ്യപ്പെട്ടു. ഒരു നിമിഷം കൊണ്ടു് എന്നെ തിരുവനന്തപുരത്തെത്തിച്ചു. യന്ത്രം അവിടെ അര മണിക്കൂറെ താമസിക്കയുള്ളു; അതിനകം വരണമെന്ന് ആ യന്ത്രത്തിൻെറ കർണ്ണധാരൻ എന്നോടാവശ്യപ്പെട്ടപ്പോൾ ഞാൻ അല്പമൊന്നു മനസ്താപപ്പെടാതിരുന്നില്ല. കഴിയുന്നതും വേഗത്തിൽ എത്തിക്കൊള്ളാമെന്നു പറഞ്ഞിട്ടു് ഞാൻ പട്ടണമൊന്നു ചുററിത്തിരിയുവാൻ തീർച്ചപ്പെടുത്തി. ഒരു തുമ്പും, വാലുമില്ലാതെ ഞാൻ കുറഞ്ഞൊന്നു നട്ടം തിരിഞ്ഞു. നഗരത്തിൻെറ സ്ഥിതി അത്രമാത്രം വ്യത്യസ്തമായിരുന്നു. മാർത്താണ്ഡവർമ്മ വായിച്ചതുകൊണ്ടു ലഭിച്ച അറിവുകൊണ്ടു് ഒരു വിധത്തിൽ പാൽക്കുളങ്ങര നിന്നു നടന്ന് ഞാൻ മിത്രാനന്ദപുരത്തെത്തി. അവിടത്തെ കുളത്തിനു് ഇന്നത്തെപ്പോലെ കല്പടവുകളൊന്നും ഉണ്ടായിരുന്നില്ലെങ്കിലും, പച്ചപിടിച്ചു് ദുർഗ്ഗന്ധപരിപൂർണ്ണമായ ജലത്തിനു് യാതൊരു വ്യത്യാസവും കണ്ടില്ല. ആ കുളത്തിൻെറ കടവിൽ സംസ്കൃതശ്ലോകം ചൊല്ലിയും, നേരമ്പോക്കുപറഞ്ഞും, കഥകളിക്കാരെ അധിക്ഷേപിച്ചും രണ്ടുപേർ കുളിക്കുന്നതു കണ്ടു് ഞാൻ അവരുടെ അടുക്കൽ ചെന്നു. അതിൽ ഒരാൾ ഉച്ചിക്കുടുമ്മ വളർത്തിയവനും, ദീർഘകാ

യനും, നല്ലവണ്ണം വെളുത്തവനുമായിരുന്നു. അന്യന് മിനുത്ത കഷണ്ടിയും, തടിച്ച ദേഹവും, ഇരു നിറവും, കാതിൽ കല്ലുകടുക്കനും ഉണ്ടായിരുന്നു. കരയ്ക്കുനിന്നു ഒരാളോടു ചോദിച്ചപ്പോൾ അതിൽ ആദ്യം പറഞ്ഞ കുടുമക്കാരൻ ഉണ്ണായിവാര്യരും, മററ കഷണ്ടിക്കാരൻ കുഞ്ചൻ നമ്പ്യാരുമാണെന്നു് മനസ്സിലായി. ഇവരുടെ ജീവിതകാലങ്ങൾ തമ്മിൽ ഒരു ശതവർഷ വ്യത്യാസമുണ്ടെന്നു് ഒരു പണ്ഡിതവരേണ്യൻ പ്രസ്താവിച്ചിരിക്കുന്നതു് വെറുതെയാണെന്നുള്ള ആശ്വാസത്തോടു കൂടി ഞാൻ കുറച്ചുകൂടി അടുത്തുചെന്നു് കരയ്ക്കുതന്നെ നിന്നുംകൊണ്ടു് അവരെ താണു തൊഴുതു. എന്റെ ഖദർ ഷർട്ടും ഷാളും അവരെ അല്പം പരഭ്രമിപ്പിച്ചെന്നു് എനിക്കു പിന്നീടു തോന്നി. രണ്ടു പേരും കൗതുകത്തോടുകൂടി എന്നെത്തന്നെ നോക്കിനിൽക്കുന്നതു ഞാൻ കണ്ടു. ആദ്യം ഞാൻ കുഞ്ചൻനമ്പ്യാരോടു തന്നെ കടന്നു ചോദിച്ചു—"മഹാകവേ! അവിടുന്നു കുഞ്ചൻനമ്പ്യാരെന്ന പേരിൽ ഞങ്ങളുടെ ഇടയിൽ സുപ്രസിദ്ധനാണ്. 'ചന്ദ്രികാവീഥി,' 'സീതാരാഘവം, മുതലായവ നിർമ്മിച്ച രാമപാണിവാദനും അവിടുന്നു തന്നെയാണോ?" എന്തുപറയേണ്ടൂ? ആ കള്ളൻ പൊട്ടിച്ചിരിച്ചുംകൊണ്ടു് വെള്ളത്തിൽ മുങ്ങിക്കളഞ്ഞതല്ലാതെ എന്റെ ചോദ്യത്തിനുത്തരമൊന്നും പറഞ്ഞില്ല. ഈ സമയത്തു് സമയയന്ത്രം പുറപ്പെടാനുള്ള മണിയടിക്കുന്നതു കേട്ടു ഞാൻ തിരിച്ചോടിപ്പോരുകയും ചെയ്തു. ഇന്നു മലയാള സാഹിത്യലോകത്തിൽ നടന്നുവരുന്ന ഒരു വലിയ തർക്കം തീർക്കാൻ എനിക്കു ലഭിച്ച അവസരം പാഴായിപ്പോയ

ല്ലോ എന്ന പരിതാപത്തോടു കൂടി ഞാൻ യന്ത്രത്തിൽ കയറി യാത്ര തുടങ്ങി.

എനിക്കു ഭാവികാലംകൂടി ഒന്നു കാണണമെന്നു വളരെ ആഗ്രഹമുണ്ടായിരുന്നു. അല്പസമയംകൊണ്ടു് അതും സാധിച്ചുതരാമെന്നു് ആ യന്ത്രത്തിൻെറ ഉടമസ്ഥൻ എന്നോടു വാഗ്ദാനംചെയ്തു. ഒന്നു കണ്ണടച്ചു തുറക്കുന്ന നേരംകൊണ്ടു് എന്നെ അയാൾ ഭാവിയിലേക്കു നയിച്ചു. കൊല്ലവർഷം 1350-ൽ ആണു് ഞങ്ങൾ എത്തിയതു്. ദിക്കേതാണെന്നു് ഇപ്പോൾ ഓർക്കുന്നില്ല. ഒരു വലിയ കെട്ടിടത്തിൻെറ മുൻവശത്താണു ഞാൻ ചെന്നു നിന്നതു്. ആ കെട്ടിടത്തിൻെറ പുരോഭാഗത്തു് അങ്കണത്തിൻെറ പടിഞ്ഞാറെ ഭാഗത്തായി മാർബിൾക്കല്ലുകൊണ്ടു പണിയിച്ചിട്ടുള്ള ഒരു ശ്രീകോവിൽ കണ്ടു. അതിൽ മഹാത്മാഗാന്ധിയുടെ ഒരു ചെറിയ ലോഹപ്രതിമ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ഹിന്തുക്കൾ മാത്രമല്ല, മുസൽമാന്മാരും, ക്രിസ്ത്യാനികളുംകൂടി ആ പ്രതിമയെ സുഗന്ധപുഷ്പങ്ങൾ കൊണ്ടാരാധിക്കുന്നതും, കർപ്പൂരം കത്തിച്ചുഴിയുന്നതും കണ്ടപ്പോൾ എനിക്കുണ്ടായ പരമാനന്ദം വാചാമഗോചരമായിരുന്നു. ഞാനും ആ ഭക്തന്മാരെ അനുഗമിച്ചു് ഹാളിനകത്തേക്കു കടന്നു. അവിടെ ഒരു വലിയ സഭ കൂടിയിരുന്നു. ആ സഭയുടെ ആദ്ധ്യക്ഷം വഹിച്ചിരുന്നതു് ഒരു സ്ത്രീയായിരുന്നു. അവരുടെ ഇരുവശത്തും വേറെ സ്ത്രീകളും പുരുഷന്മാരും ഇടകലർന്നിരിപ്പുണ്ടായിരുന്നു. ആ സ്ത്രീകളുടെ വേഷവും അലങ്കാരവും എന്നെ

പ്രത്യേകം ആകർഷിച്ചു. അവരെല്ലാവരും പ്രായേണ ഹ്രസ്വകായകളായിരുന്നു. ആ വിഷയത്തിൽ പുരുഷന്മാരും ഒട്ടും വ്യത്യസ്തരായിരുന്നില്ല. എന്നെക്കാൾ കൂടുതൽ കഷണ്ടിയുള്ളവർ പലരും അവിടെ ഉണ്ടായിരുന്നെങ്കിലും, എന്നോളം ഉയരമുള്ള ഒരു പുരുഷനെപ്പോലും ആ സദസ്സിൽ കാണാനുണ്ടായിരുന്നില്ല. സ്ത്രീകൾക്കാർക്കും കൈശികം—അഥവാ തലമുടികെട്ട്—ഉണ്ടായിരുന്നില്ല. അവർ ഏകദേശം രണ്ടിഞ്ചുനീളത്തിൽ തലമുടി വളർത്തി തിരിച്ചും, മറിച്ചും പിൻകുത്തി വകഞ്ഞുവച്ചിരിക്കുന്നതായിട്ടാണു കണ്ടതു്. അതിൽതന്നെ ഒന്നും രണ്ടും പനിനീർപ്പൂവു് (കൃത്രിമമോ അകൃത്രിമമോ എന്നു നിശ്ചയമില്ല) തുന്നിപ്പിടിപ്പിച്ചിരുന്നു. അവർ ആരുംതന്നെ നിരാഭരണകളായിരുന്നില്ല. എന്നാൽ അവർ ധരിച്ചിരുന്ന കുണ്ഡലം, മാല, കൈവള മുതലായവയിലെങ്ങും സ്വർണ്ണത്തിന്റെ ലേശംപോലും കാണാനില്ലായിരുന്നു. അതുകൊണ്ടു് ആ ആഭരണങ്ങൾക്കു് യാതൊരു ഭംഗിക്കുറവും കണ്ടതുമില്ല. വസ്ത്രധാരണത്തിലാണു് അവരുടെ വിശേഷവിധികളെല്ലാം അടങ്ങിയിരുന്നതു്. അവരുടെ വസ്ത്രം കൗതുകകരമായിരുന്നെങ്കിലും, യാതൊരവയവത്തെയും പൂർണ്ണമായി ഗോപനം ചെയ്തിരുന്നില്ല. മിസ്റ്റിസിസത്തിൽ അവർക്കു് എന്നെക്കാൾ വെറുപ്പുണ്ടെന്നു് എനിക്കുതോന്നി. അവർക്കുള്ള ലാവണ്യം മുഴുവനും ഭവഭൂതിയുടെ കവിതപോലെ പ്രത്യക്ഷമായിരുന്നു. എന്നാൽ അതൊന്നും ഞാനിവിടെ വർണ്ണിക്കു

ന്നില്ല. ഒരു ഖദർമുണ്ടുടുത്തു്, ഖദർ ഷർട്ടും ഷാലുമായി ഞാൻ അകത്തേക്കു കടന്നുചെന്നു:—

"കോപ്പിവയണിഞ്ഞെന്നെക്കണ്ടപ്പോൾ മുതൽ ക്കേതോ കാപ്പിരിയേക്കണ്ട ഭാവമാന്നിരുന്നവർ."

ഒരു പ്രദർശനസാധനംപോലെ അവർ എന്നെ പ്ലാറ്റുഫോറത്തിൻെറ മുൻപിൽ എല്ലാവക്കും കാണത്തക്കനിലയിൽ ഇരുത്തി. അതു് കേരളസാഹിത്യ പരിഷത്തിൻെറ ഒരു വാഷികയോഗമായിരുന്നെന്നു് എനിക്കു പിന്നീട്ടു് മനസ്സിലായി. അവിടെ ഒരു വലിയ പണ്ഡിതൻ ചെയ്ത പ്രസംഗം ആദ്യന്തം കേൾക്കുന്നതിന്നു് എനിക്കു ഇടയായി. അദ്ദേഹത്തിൻെറ ഭാഷാരീതി എന്നെ കുറെ വിഷമിപ്പിച്ചു. ഹിന്ദിയുടെ സമ്പക്കംകൊണ്ടു് മലയാളപദങ്ങളുടെ ഉച്ചാരണം മിക്കവാറും മാറിയിരുന്നു. എന്നല്ല, ഒട്ടുവളരെ ഹിന്ദിപദങ്ങളും അദ്ദേഹത്തിൻെറ ഭാഷയിൽ സംക്രമിച്ചിരുന്നു. എനിക്കു മനസ്സിലായിടത്തോളം ആ പ്രസംഗത്തിൻെറ രത്നച്ചുരുക്കം താഴെ ചേർത്തുകൊള്ളുന്നു.

വിഷയം:—

കേരളവമ്മയും രാജരാജവമ്മയും ഒരാളായിരുന്നു.

കൊല്ലവർഷം പതിനൊന്നാംശതകത്തിൻെറ ഉത്തരാർദ്ധത്തിൽ തിരുവിതാംകൂർ രാജ്യം ഭരിച്ചിരുന്ന ശ്രീമൂലം തിരുനാൾ മഹാരാജാവിനെ ആശ്രയിച്ചു് രണ്ടു മഹാപണ്ഡിതന്മാർ ജീവിച്ചിരുന്നെന്നും, അവരിൽ ഒരാളായ കേരളവമ്മ വലിയ കോയിത്തമ്പുരാൻ കംസവധംചമ്പു, വിശാഖവിജയം, ക്ഷമാപണസ

ഹസ്രം മുതലായ സംസ്കൃതകൃതികളും അഭിജ്ഞാന ശാകുന്തളം, അമരുകശതകം, എന്നീ രണ്ടു തർജ്ജിമകളും, മയൂരസന്ദേശം, ശ്രീപത്മനാഭപാദപത്മശതകം, ദൈവയോഗം മുതലായ സ്വതന്ത്രകാവ്യങ്ങളും, ധ്രുവചരിതം മുതലായ ആട്ടക്കഥകളും നിർമ്മിച്ചെന്നും, ഇതരനായ രാജരാജവർമ്മകോയിത്തമ്പുരാൻ ആംഗലസാമ്രാജ്യം എന്നൊരു സംസ്കൃത മഹാകാവ്യവും, ശാകുന്തളം, മാളവികാഗ്നിമിത്രം, ചാരുദത്തം എന്നീ നാടകങ്ങളും, മേഘദൂത്, കുമാരസംഭവം എന്നീ കാവ്യങ്ങളും തർജ്ജിമചെയ്തെന്നും, മലയവിലാസം, പ്രസാദമാല, മുതലായ കാവ്യങ്ങളും, ഭാഷയുടെ സ്ഥിരപ്രതിഷ്ഠക്കുപയുക്തങ്ങളായ കേരളപാണിനീയംവ്യാകരണം, ഭാഷാഭൂഷണം, അലങ്കാരശാസ്ത്രം, വൃത്തമഞ്ജരി-ച്ഛന്ദോശാസ്ത്രം, സാഹിത്യസാഹ്യംഗദ്യശാസ്ത്രം മുതലായവയും നിർമ്മിച്ചെന്നും പൊതുജനങ്ങൾ വിശ്വസിച്ചുപോരുന്നു. ഞാൻ ഈ വിഷയത്തെപ്പററി കഴിഞ്ഞ മുപ്പതു കൊല്ലങ്ങളായി ഗവേഷണം ചെയ്തു വരികയായിരുന്നു. അതിൻെറ ഫലമായി ഈ രണ്ടു നാമധേയങ്ങളും ഒരാളുടേതാണെന്നു നിസ്സംശയം സ്ഥാപിക്കുന്നതിനു മതിയായ ലക്ഷ്യങ്ങൾ ലഭിച്ചിട്ടുണ്ടെന്നുള്ള സംഗതി ഞാൻ സന്തോഷസമേതം പ്രസ്താവിച്ചുകൊള്ളുന്നു. എൻെറ അനുമാനത്തെ അചഞ്ചലമാകുംവണ്ണം സ്ഥാപിക്കുന്നതിനുള്ള പ്രമാണങ്ങളുടെ എണ്ണവും, വണ്ണവും ഭയങ്കരങ്ങളാണ്. എങ്കിലും താഴെപ്പറയുന്ന സംഗതികൾ മാത്രം പൊതുജനങ്ങളുടെ

അറിവിനായിക്കൊണ്ടു് ഞാൻ ഇപ്പോൾ പ്രസിദ്ധം ചെയ്തുകൊള്ളുന്നു.

പുണ്യശ്ലോകനായ ഈ മഹാകവിയുടെ യഥാൎത്ഥ നാമധേയം കേരളവൎമ്മ എന്നുതന്നെയായിരുന്നു. അവിടുന്നു് വഞ്ചിരാജവംശത്തിലുള്ള ഒരു മഹാറാണിയെ പള്ളിക്കെട്ടു കഴിച്ചതുമുതൽ 'കേരളവൎമ്മ വലിയകോയിത്തമ്പുരാൻ'' എന്ന നാമധേയത്തിൽ അറിയപ്പെട്ടുവരുന്നു. ഈ മഹാറാണി ഭൎത്താവു ജീവിക്കുമ്പോൾതന്നെ ചരമംപ്രാപിച്ചതായി വലിയകോയിത്തമ്പുരാൻതന്നെ രേഖപ്പെടുത്തീട്ടുണ്ടു്.

"ഉള്ളിൽക്കടന്നാദയിതാവിരഹാഗ്നിദൂരെ-
ത്തള്ളിക്കളഞ്ഞു കവിതാകഥയൊക്കയുംമേ
പുള്ളിക്കുരംഗമിഴിയാളുടെയോൎമ്മയുള്ളിൽ-
ക്കൊള്ളിക്കുമാധിയൊഴിയാ മരണംവരെയ്ക്കും"

എന്ന ശ്ലോകം തിരുമനസ്സുകൊണ്ടു് എഴുതീട്ടുള്ളതാകുന്നു. തിരുവിതാംകൂറിലെ സൎക്കാർറിക്കാർഡുകൾ പരിശോധിച്ചതിൽ കൊല്ലവൎഷം 1063-ാമാണ്ടിനോടടുത്തു് രാജകുടുംബത്തിലെ ഒരു വനിതാംഗം അന്തരിച്ചുപോയതായി പ്രമാണംകൊണ്ടു കാണുന്നു. ഇതിനുശേഷവും വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് തിരുവനന്തപുരത്തുതന്നെയാണു് താമസിച്ചതു്. ഒരു രാജൎഷി എന്ന അപരാഭിധാനത്താൽ അറിയപ്പെട്ടുവന്ന ശ്രീമൂലം തിരുനാൾ മഹാരാജാവിനു് രാജ്യഭരണവിഷയത്തിൽ ഒരു മഹാപണ്ഡിതന്റെ സാഹായ്യം അത്യന്താപേക്ഷിതമായിരുന്നു. ഇതിനു്

കേരളവർമ്മ വലിയകോയിത്തമ്പുരാനേക്കാൾ യോഗ്യനായ ഒരാൾ അക്കാലത്തുണ്ടായിരുന്നില്ല. മഹാരാജാവു് കോയിത്തമ്പുരാനെ തൽസ്ഥാനത്തിൽ നിയമിക്കുകയും അദ്ദേഹം സ്തുത്യർഹമായവിധത്തിൽ തൽസ്ഥാനം അലങ്കരിക്കുകയും ചെയ്തു. അന്നുമുതല്ക്കാണു് കേരളവർമ്മ വലിയകോയിത്തമ്പുരാനെ "രാജരാജൻ" എന്നു ജനങ്ങൾ വിളിക്കാൻ തുടങ്ങിയതു്. ഒരുപക്ഷെ ഈ സ്ഥാനം ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് കല്പിച്ചുകൊടുത്തതായിരിക്കാം. അഥവാ ബ്രിട്ടീഷ്ഗവർമ്മെൻറു് പിൽക്കാലത്തിൽ നൽകിയ സി. എസ്സ്. ഐ. എന്ന ബിരുദത്തെ ജനങ്ങൾ രാജരാജൻ എന്നു തർജ്ജിമചെയ്തതായും വരാം. കാലക്രമത്തിൽ ആളുകൾ ഈ രണ്ടു നാമധേയങ്ങളും തമ്മിൽ കൂട്ടികുഴക്കി രാജരാജവർമ്മ എന്നാക്കിത്തീർത്തു എന്നു് വിശ്വസിക്കുന്നതിൽ അസാംഗത്യം ഇല്ല. മഹാകവി കെ. സി. കേശവപിള്ളയുടെ കേശവീയം കാവ്യത്തിൽ "രാജരാജാഖ്യനായോരഗ്ഗുരുവിൻെറകൃപാമൃതം", എന്ന ശ്ലോകം ഈ കുഴപ്പമുണ്ടാകുന്നതിനുമുമ്പു് എഴുതിയതായിരിക്കണം. എങ്കിലും, മാമൂൽപ്രിയന്മാരായ ചില പഴമക്കാർമാത്രം പിൽക്കാലത്തും അദ്ദേഹത്തെ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ എന്നുതന്നെ പരിചയം കൊണ്ടു പറഞ്ഞുവന്നു. യഥാർത്ഥത്തിൽ കേരളവർമ്മയും രാജരാജവർമ്മയും ഒരാൾതന്നെയായിരുന്നു. വളരെക്കാലം പല പുസ്തകങ്ങളും പ്രമാണങ്ങളും പരിശോ

ധിച്ച് ചെയ്തിട്ടുള്ള ഈ അനുമാനം ശരിയാണെന്നു കാണിക്കുന്നതിന് അനിഷേധ്യമായ പല തെളിവുകളും ഞാൻ ശേഖരിച്ചിട്ടുണ്ട്. സമയദൌർല്ലഭ്യം നിമിത്തം അവയെല്ലാം മാന്യസദസ്യരുടെ ദൃഷ്ടിക്കു വിഷയമാക്കുന്ന കാൎയ്യം വളരെ വിഷമമായിരിക്കുന്നതുകൊണ്ട് ചിലതു മാത്രം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

(1) രണ്ടുപേരും അനന്തപുരത്തുകൊട്ടാരത്തിലെ അംഗങ്ങളായിരുന്നു. രണ്ടുപേരും വലിയ പണ്ഡിതന്മാരും, കവികളും, പ്രശസ്തന്മാരും ആയിത്തീർന്നു. രണ്ടു പേരും തിരുവനന്തപുരത്തു താമസിച്ചിരുന്നു. രണ്ടു പേരുടെയും ജീവിതം ഒരേകാലത്താണ്. സംസ്കൃതത്തിലും, മലയാളത്തിലും രണ്ടുപേരും ഗ്രന്ഥനിർമ്മാണം ചെയ്തിട്ടുണ്ട്. രണ്ടുപേരുടെയും കൃതികൾ ഭാഷാവിലാസം (ബി. വി.) ബുക്കുഡിപ്പോക്കാരാണ് പ്രസിദ്ധം ചെയ്തിട്ടുള്ളതു്. രണ്ടുപേരും തിരുവിതാംകൂറിലേയും, മദ്രാസ്സിലേയും പാഠ്യപുസ്തകസംഘത്തിന്റെ അദ്ധ്യക്ഷന്മാരും, പരീക്ഷകന്മാരുമായിരുന്നു. ഇങ്ങനെ നോക്കുന്നതായാൽ സകല സംഗതികളിലും രണ്ടുപേൎക്കും തമ്മിൽ ഒരു ഐക്യം കാണാവുന്നതാണ്. ഈ ഐക്യം അസാധാരണമെന്നല്ല, അന്യത്ര കാണ്മാൻ കഴിയാത്തതുമാണ്. വാസ്തവത്തിൽ അവർ രണ്ടുപേരും ഒന്നല്ലയോ എന്നു സംശയിക്കുന്നതിന് ഈ ഐക്യം ഒരു പ്രധാന കാരണമാണ്.

(2) വിശാഖവിജയവും, ആംഗലസാമ്രാജ്യവും

സൂക്ഷിച്ചു വായിക്കുന്നവൎക്കു് അവയിലെ ശൈലിയു
ടെ മട്ടുകൊണ്ടുതന്നെ രണ്ടും ഒരാളുടെ കൃതികളാണെ
ന്നു് തീൎച്ചപ്പെടുത്താം. നിശ്ചയമായും ആ കാവ്യങ്ങ
ളിലെ ഭാഷാരീതിക്കും, ആശയങ്ങൾക്കും കുഞ്ചൻ ന
മ്പ്യാരുടെയും, രാമപാണിപാദൻെറയും കവിതകൾ
തമ്മിലുള്ള വ്യത്യാസം ആൎക്കും, ഒരിക്കലും, കാണാൻ
കഴികയില്ല.

(3) അന്യഭാഷയിൽനിന്നും ഏതെങ്കിലും ഒരു
ഗ്രന്ഥം വിവൎത്തനംചെയ്യുന്ന ഒരാളെ മൂലഗ്രന്ഥകാര
ൻെറ പേർപറഞ്ഞു വിളിക്കുന്ന ഒരു ദുഷിച്ച സമ്പ്ര
ദായം അക്കാലത്തു നടപ്പുണ്ടായിരുന്നു. മഹാഭാരതം
തൎജ്ജിമചെയ്തതുകൊണ്ടു് കുഞ്ഞിക്കുട്ടൻതമ്പുരാൻ എ
ന്നൊരു കവി “കേരളവ്യാസ”നായി. രാമായണം ത
ൎജ്ജിമ ചെയ്തപ്പോൾ വള്ളത്തോൾ “കേരളവാൽമീ
കി”യായി. ഇതുപോലെ ഒരു പ്രസിദ്ധകൃതിയെ അ
നുകരിക്കുന്നവൎക്കും മൂലഗ്രന്ഥകാരൻെറ പേർ നൽകി
യിരുന്നു. “മാൎത്താണ്ഡവൎമ്മ” എന്ന ആഖ്യായികയുടെ
കൎത്താവായ സി. വി. രാമൻപിള്ളയെ “കേരളസ്കോ
ട്ട്” എന്നു വിളിച്ചുവന്നിരുന്നു. “ഉമാകേരള”കൎത്താ
വായ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ “കേരളശ്രീഹ
ൎഷ”നായിത്തീൎന്നു. “ഭാഷാഭൂഷണാ”ദി സാഹിത്യ
ശാസ്ത്രകൎത്താവായ ആററൂർ കൃഷ്ണപ്പിഷാരടിക്കു “കേ
രളമമ്മടൻ” എന്നു പേരുകൊടുക്കാൻ ഉദ്യമിച്ച ചില
രെ അദ്ദേഹം ശകാരിച്ചു് ഓടിച്ചതായി ഐതിഹ്യ
മുണ്ടു്. ഇക്കൂട്ടത്തിൽ കേരളവൎമ്മയെ “കേരളകാളിദാ
സൻ” എന്നു പറഞ്ഞുവന്നു. ഇതിനു കാരണം,

അദ്ദേഹം കാളിദാസൻെറ "അഭിജ്ഞാനശാകുന്തളം" ആദ്യമായി തൎജ്ജിമചെയ്തതുകൊണ്ടാണെന്നാണ് ചിലർ പറയുന്നതു്. ഇതു് ശരിയല്ല. ആയില്യംതിരുനാൾ മഹാരാജാവു് കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തൎജ്ജിമചെയ്യുന്നതിന്നു് വളരെക്കാലത്തിനുമുമ്പു തന്നെ അഭിജ്ഞാനശാകുന്തളം മലയാളത്തിലാക്കിയിരുന്നു. അദ്ദേഹത്തെ ആരും കേരളകാളിദാസൻ എന്നു പറഞ്ഞുവന്നിരുന്നില്ല. യഥാൎത്ഥത്തിൽ ഈ സ്ഥാനം കേരളവൎമ്മ, രാജരാജവൎമ്മയായിത്തീൎന്നതിനുശേഷം ശാകുന്തളം, മാളവികാഗ്നിമിത്രം, കുമാരസംഭവം, മേഘദൂതു് മുതലായ കാളിദാസകൃതികൾ തർജ്ജിമചെയ്തപ്പോൾ അദ്ദേഹത്തിനു കൊടുത്തിരുന്ന പേരാണു്. ഇതു് രണ്ടുപേരിൻെറയും ഐക്യം സ്ഥാപിക്കുന്നതിനുള്ള ഒരു പ്രധാനതെളിവാണു്. അഭിജ്ഞാനശാകുന്തളം ഒന്നുമാത്രം തൎജ്ജിമചെയ്യുന്ന ഒരാളെയൊ, കാളിദാസൻെറ നാലഞ്ചുകൃതികൾ മററാരെക്കൊണ്ടും സാധിക്കാത്തവിധത്തിൽ അതിഭംഗിയായി തർജ്ജിമചെയ്ത ഒരാളെയൊ കേരളകാളിദാസൻ എന്ന പദംകൊണ്ടു് ജനങ്ങൾ ബഹുമാനിക്കാൻ ഇടയുള്ളതെന്നു് മാന്യസദസ്യർ ആലോചിച്ചുനോക്കേണ്ടതാണു് കേരളവർമ്മ വലിയകോയിത്തമ്പുരാനെ കേരളകാളിദാസൻ എന്നു് സകലരും വിളിച്ചുവന്നു എന്നും. അദ്ദേഹത്തിനു തൽസ്ഥാനത്തിനു് അർഹതയില്ലെന്നു് ഒരു ചിത്രമെഴുത്തുകാരനോ, നാടകക്കാരനോ അല്ലാതെ പണ്ഡിതന്മാരാരും അക്കാലത്തെന്നല്ല, അനന്തരകാലത്തും പറഞ്ഞിട്ടില്ലെന്നും കാണുന്ന സ്ഥിതിക്കു് അദ്ദേഹംതന്നെയായിരു

ന്നു ഈ തർജ്ജിമകളുടെയെല്ലാം കർത്താവെന്നും, അദ്ദേഹത്തിനെതന്നെയാണു് രാജരാജവർമ്മയെന്നും, കേരളകാളിദാസൻ എന്നും മററും വിളിച്ചുവന്നിരുന്നതെന്നും നിസ്സംശയം തീർച്ചപ്പെടുത്താവുന്നതാണു്.

(4) ഈ ശാകുന്തളതർജ്ജിമയിൽ മറെറാരു രഹസ്യം അന്തർഭവിച്ചിട്ടുണ്ടു്. അക്കാലത്തു് കഥാകവിസ്ഥാനത്തിനു് ആഗ്രഹിക്കുന്നവർ ശാകുന്തളതർജ്ജിമകൊണ്ടാണു് തങ്ങളുടെ യോഗ്യതയ്ക്കു മകുടം വെച്ചിരുന്നതു്. വലിയകോയിത്തമ്പുരാനു് പുറമെ, പി. ജി. രാമവാര്യർ, ഏ. ഗോവിന്ദപ്പിള്ള, കുഞ്ഞിക്കുട്ടൻതമ്പുരാൻ, ആററൂർ കൃഷ്ണപ്പിഷാരടി, വള്ളത്തോൾ നാരായണമേനവൻ, ഏവൂർ എം. ചക്രപാണിവാര്യർ മുതലായവരെല്ലാം ഇപ്രകാരം ശാകുന്തളം തർജ്ജിമചെയ്തിട്ടുണ്ടു്. കേരളവർമ്മ ആദ്യം എഴുതിയ അഭിജ്ഞാനശാകുന്തളം സംസ്കൃതപദബാഹുല്യംകൊണ്ടു് കഠിനമായിരുന്നു. അതിൽ ചില ശ്ലോകങ്ങളെല്ലാം കൂടുതൽ മലയാളമാക്കി അദ്ദേഹംതന്നെ മറെറാരു പുസ്തകം പ്രസിദ്ധപ്പെടുത്തി. അപ്പോൾ അതിൽ വന്നുകൂടിയ അഭംഗികൾ എല്ലാം മാററുന്നതിനുവേണ്ടി മണിപ്രവാളശാകുന്തളം എന്നൊരു പുസ്തകം മൂന്നാമതു് പ്രസിദ്ധംചെയ്തു. ഇതിൻെറ അവതാരികയിൽ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് വലിയകോയിത്തമ്പുരാനെ കേരളകാളിദാസനാമംകൊണ്ടു് നിർദ്ദേശിച്ചിട്ടുണ്ടു്. ഈ കൃതിയിലും ഒട്ടുവളരെ സംസ്കൃതപദങ്ങൾ ഉണ്ടായിരുന്നതിനാൽ വീണ്ടും ഒരു മലയാളശാകുന്തളം എഴുതുന്നതിനു് ആ കവിവര്യൻ നിർബന്ധിതനായി. ഇതാണു് ഇന്നു

രാജരാജവർമ്മയുടെ പേരിൽ പ്രസിദ്ധംചെയ്തിരുന്ന "മലയാളശാകുന്തളം" യഥാൎത്ഥത്തിൽ മണിപ്രവാളശാകുന്തളവും, മലയാളശാകുന്തളവും ഒരാളുടെയാണെന്നു് തീരുമാനിക്കുന്നതിനു മതിയായ തെളിവുകൾ ആ ഗ്രന്ഥങ്ങളിൽത്തന്നെയുണ്ടു്. കേരളവർമ്മ എന്ന പേരു വെച്ചു് പ്രസിദ്ധപ്പെടുത്തിയ രണ്ടാമത്തെ ശാകുന്തള തർജ്ജിമയിലും, ഒടുവിൽ പ്രസിദ്ധപ്പെടുത്തിയ മലയാള ശാകുന്തളത്തിലും ഒരേ തർജ്ജിമശ്ലോകങ്ങൾ കാണുന്നുണ്ടു്. അവയിൽ ഒന്നാണു് താഴെ ഉദ്ധരിക്കുന്ന ശ്ലോകം.

"ഒട്ടീഫന്തകവിൾത്തടം, കുചമതിൽ
കാഠിന്യമില്ലാതെയായ്,
തട്ടീവാട്ടമരയ്ക്കു, തോളുകൾതുലോം
താണു, വിളപ്പേണ്ടുമായ്
കോട്ടം മന്മഥനാലണഞ്ഞാടുകിലും,
തന്വംഗി, ഘർമ്മാനിലൻ
തട്ടിപ്പത്രമൊഴിഞ്ഞ മുല്ലലതപോൽ
ഏറ്റം പ്രകാശിപ്പൂതേ."

ഇതിനും പുറമേ,

"മാനോടൊത്തുവളൎന്ന മന്മഥകഥാ-
ഗന്ധം ഗ്രഹിക്കാത്തൊരാ-
ളാണൊ നാഗരികാംഗനാരസികനാ-
മെന്നൊ ഭ്രമിപ്പിക്കുവാൻ
ഞാനോരോന്നു വൃഥാപറഞ്ഞു പരിഹാ-
സാൎത്ഥം പരം തോഴരേ
താനോ ശുദ്ധനതൊക്കെയിന്നു പരമാ
ൎത്ഥത്തേന ബോധിക്കൊലാ."

എന്ന മണിപ്രവാളശാകുന്തളശ്ലോകവും,

"ചാലേ മാലിനിയും, മാർഉമിഥുനം
വാഴും മണൽതിട്ടയും
ചോലയ്ക്കപ്പുറമായ് മൃഗങ്ങൾനിറയും
ശൈലേന്ദ്രപാദങ്ങളും,
ചീരം ചാർത്തിന വൃക്ഷമൊന്നതിനടിയ്ക്കാ-
യിട്ടു കാന്തന്റെമെയ്
ചാരിക്കൊമ്പിലിടത്തുകണ്ണുരസുമാ
മാൻപേടയും വേണ്ടതാം."

എന്ന മലയാള ശാകുന്തളശ്ലോകവും, പരിശോധി ച്ചാൽ അവയിൽ കാണുന്ന ഒഴുക്കും, പഴക്കവും, ശയ്യാ ഗുണവും മററും അവ രണ്ടും ഒരാളുടേതാണെന്ന് വിളി ച്ചുപറയുന്നു. അവയോടുകൂടി താഴെ കാണുന്ന ശ്ലോക ങ്ങളും താരതമ്യപ്പെടുത്തി നോക്കുക.

സരസപല്ലവകോമളമായനിൻ
ചരണതാരിനു ചഞ്ചലലോചനേ
പരുപരുത്ത മരത്തിലണയ്ക്കയാൽ
പറക ചെറെറാരു വേദനപററിയോ? 1

ചുവന്നു ചന്ദ്രക്കലപോൽവളഞ്ഞും
വിളങ്ങി പൂമൊട്ടുടനേ പിലാശിൽ
വനാന്തലക്ഷ്മിക്കുനഖക്ഷതങ്ങൾ
വാസന്തയോഗത്തിലുദിച്ചപോലെ, 2

സരസോജപലരാഗമോമലാളിൻ-
ചരണാഗ്രത്തിൽ വരച്ചരേഖനോക്കു
ഹരവീക്ഷണമേററുനീറിനിൽക്കും
സ്മരവൃക്ഷത്തിലുദിച്ചനാമ്പുപോലെ. 3

മണിപ്രവാളശാകുന്തളത്തിലും, മലയാളശാകുന്തളത്തിലും പെരുമാറിയിരിക്കുന്ന ഒരു കൈതന്നെയാണ് മേലെഴുതിയ ശ്ലോകങ്ങളിലും പ്രവൎത്തിച്ചിരിക്കുന്നതെന്ന് പണ്ഡിതന്മാർ മാത്രമല്ല, പാമരന്മാർകൂടി ഗ്രഹിക്കുവാൻ കഴിയുന്നതാകുന്നു.

(5) ടി. സി. കല്യാണിഅമ്മ എന്നൊരു മഹതി തർജ്ജിമചെയ്ത "വിഷവൃക്ഷം" എന്ന നോവലിനും ഉള്ളൂർ പരമേശ്വരയ്യർ രചിച്ചിട്ടുള്ള "ഉമാകേരളം" കാവ്യത്തിനും കേരളവൎമ്മ ഇംഗ്ലീഷിൽ ഓരോ അവതാരിക എഴുതിയിരിക്കുന്നതായി കാണുന്നു. ഇത്ര ഭംഗിയായി ഇംഗ്ലീഷ് എഴുതണമെങ്കിൽ അക്കാലത്ത് എം. ഏ. പരീക്ഷവരെയെങ്കിലും പഠിക്കേണ്ടതായ ആവശ്യമുണ്ട്. എന്നാൽ കേരളവൎമ്മ എന്ന നാമത്തോടു ചേൎത്ത് എം. ഏ. എന്ന് എഴുതിക്കാണുന്നില്ല. രാജരാജവർമ്മ മാത്രമാണ് അങ്ങിനെ എഴുതിക്കാണുന്നത്. ഇതും ഇവർ രണ്ടുപേരും ഒരാളായിരുന്നെന്നു തെളിയിക്കുന്നതിനു നമ്മെ സഹായിക്കുന്നു.

(6) മേല്പറഞ്ഞവ കൂടാതെ മറെറാരു സംഗതികൂടി നമുക്കു ചിന്തിക്കേണ്ടതായുണ്ട്. മലയാളകവികളിൽ പലരേയും, അവർ ഇംഗ്ലീഷിൽ കവിത എഴുതാതിരിക്കുവാൻവേണ്ടി ഇംഗ്ലീഷ്കാർ സ്ഥാനമാനങ്ങൾ കൊടുത്ത് അഭിനന്ദിച്ച് അവരുടെ പരിശ്രമം മലയാളഭാഷയിൽതന്നെ ഒതുക്കിനിൎത്തിയിരുന്നു. "ശാരദ" എന്നൊരു അപൂർണ്ണാഖ്യായിക എഴുതിയ ഒരു ചന്തുമേനവനും, ഒരു "നേർച്ച" എന്ന ലഘുകാവ്യമെഴുതിയ ഉള്ളൂർ പരമേശ്വരയ്യൎക്കും റാവുബഹദ്ദൂർ എന്ന സ്ഥാനം കൊടുത്തു. ഒരു ഭൂവിവരണസിദ്ധാന്തസംഗ്ര

ഹം എഴുതിയ ഒ. എം. ചെറിയാൻ എന്നൊരാൾക്കു റാവുസാഹിബ്ബ് എന്ന സ്ഥാനം നൽകി. കാഴ്ചബംഗ്ലാവിൽ കിടന്നിരുന്ന ഒരു സിംഹി പ്രസവിച്ചതു് മദ്രാസ്സ് ഗവർണ്ണരുടെ അടുക്കൽചെന്നു് പദ്യത്തിൽ പറഞ്ഞ കുമാരനാശനും, കൊച്ചിയിലെ ഒരു രാജാവിനെ അധിക്ഷേപിച്ച് ഒരു കാവ്യമെഴുതിയ കൊച്ചുണ്ണിത്തമ്പുരാനും പട്ടും വളയും സമ്മാനിച്ചു. കൊച്ചുസീത എന്നൊരു ദാസിക്കഥ എഴുതിയ വള്ളത്തോളിനേയും അക്കൂട്ടത്തിൽ ചേർക്കുന്നതിനു് അവർ ഉദ്യമിച്ചെങ്കിലും, "കൃഷ്ണപ്പരുന്തിനോടു്" മുതലായ കവിതകളെഴുതി പാശ്ചാത്യരെ മനഃപൂർവ്വം അധിക്ഷേപിച്ചിരുന്നതുകൊണ്ടു് വള്ളത്തോൾ ആ സമ്മാനം വാങ്ങാൻ പോവുകയുണ്ടായില്ല. ഇപ്രകാരം നിസ്സാരസംഗതികൾക്കുകൂടി വലിയ സ്ഥാനമാനങ്ങൾ കൊടുത്തിരുന്ന ഇംഗ്ലീഷുകാർ മലയാളഭാഷയിൽ പല ഒന്നാംതരം കവിതകൾ എഴുതുകയും, വ്യാകരണം മുതലായ പല ശാസ്ത്രഗ്രന്ഥങ്ങൾ നിർമ്മിക്കുകയും ചെയ്ത് മലയാളഭാഷ സംസാരിക്കുന്നവരുടെ കൃതജ്ഞതയ്ക്കു് അനന്യസാധാരണമായി പാത്രീഭവിച്ച രാജരാജവർമ്മയെ കേവലം വിസ്മരിച്ചുകളയുമോ? ഒരിക്കലും ഇല്ല. അദ്ദേഹത്തിനാണു ബ്രിട്ടീഷുഗവർമ്മെൻറിൽ നിന്നു് സി. എസ്സ്. ഐ. എന്ന ബിരുദം കൊടുത്തിരുന്നതു്. ആ ബിരുദം കേരളവർമ്മയുടെ നാമധേയത്തോടു സംഘടിപ്പിച്ച് എഴുതിക്കാണുന്നതു് ഈ പേർ രണ്ടും ഒരാളുടേതാണെന്നു് അവിതർക്കിതമായി തെളിയിക്കുന്നു.

മാന്യസദസ്യരെ, ഇങ്ങനെ ഇനിയും പല കാരണങ്ങളും ഉദ്ധരിക്കുവാനുണ്ടു്. അവയെല്ലാം കാലക്രമേണ നിങ്ങളുടെ ദൃഷ്ടിപഥത്തിൽ കൊണ്ടുവന്നുകൊള്ളാം. കേരളവമ്മയും, രാജരാജവമ്മയും ഒരാളായിരുന്നെന്നു്

അനിഷേധ്യമായ തെളിവുകൾകൊണ്ടു് ഞാൻ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. ഗരുഡസന്ദേശാദി കാവ്യങ്ങളുടേയും, ഒട്ടുവളരെ ശാസ്ത്രഗ്രന്ഥങ്ങളുടേയും കർത്താവായി മറെറാരു രാജരാജവർമ്മയുടെ പേരും എൻെറ അന്വേഷണത്തിൽ കാണുകയുണ്ടായി. രണ്ടു രാജരാജവർമ്മയും ഒന്നാണെന്നു് എനിക്കു ബലമായ സംശയമുണ്ടു്. എന്നാൽ അതേപ്പററിയുള്ള ഗവേഷണം പൂർത്തിയായിട്ടില്ല. സഹൃദയന്മാരുടെ സഹായം ഉണ്ടാകുന്നാപക്ഷം ഇനി ഒരു കാൽശതാബ്ദംകൊണ്ടു് അക്കാര്യവും അസന്ദിഗ്ദ്ധമാക്കിത്തീർത്തുകൊള്ളാം. തൽക്കാലം ഇത്രയും പറഞ്ഞവസാനിപ്പിച്ചുകൊള്ളുന്നു.

പ്രസംഗം അവസാനിച്ചപ്പോൾ ഹാളിനകം മുഴുവൻ ഹസ്തതാഡനം മുഴങ്ങി. അവിടെ കൂടിയിരുന്നവരെല്ലാം പ്രാസംഗികനെ മുക്തകണ്ഠം അഭിനന്ദിച്ചു. അദ്ദേഹം പറഞ്ഞതെല്ലാം അബദ്ധമാണെന്നു സദസ്യരെ ഗ്രഹിപ്പിക്കണമെന്നു് ഞാൻ ആഗ്രഹിച്ചു. അദ്ധ്യക്ഷയുടെ അനുവാദത്തോടുകൂടി നാലഞ്ചുവാക്യം പറയുകയും ചെയ്തു; രാജരാജവർമ്മയും, കേരളവർമ്മയും രണ്ടാളായിരുന്നെന്നും, രണ്ടുപേരുമായിട്ടും ഞാൻ സംസാരിച്ചിട്ടുണ്ടെന്നും മററും പറഞ്ഞുനോക്കി. പക്ഷെ, "അബദ്ധം–കിറുക്കു്–വൃദ്ധൻ–കുരങ്ങൻ," എന്നിങ്ങനെയെല്ലാം വിളിച്ചുപറഞ്ഞു് ലഹളകൂട്ടി സദസ്യർ എൻെറ പ്രസംഗം തുടരുവാൻ സമ്മതിച്ചില്ല. അപ്പോൾ അവിടെ വന്നുചേൎന്ന സമയയന്ത്രത്തിൽ കയറി രക്ഷതേടുവാൻ സാധിച്ചില്ലായിരുന്നുവെങ്കിൽ അവർ എന്നെ ഹിംസിച്ചു കളയുമായിരുന്നു. അചിരേണ ഞാൻ തിരിച്ചെത്തി വീണ്ടും നിദ്രാദേവിയുടെ ഗാഢാലിംഗനത്തിൽ മുഴുകുകയും ചെയ്തു.

---

# ശ്രീ. തുഞ്ചത്തെഴുത്തച്ഛൻ.

വീരസൂവായ കേരളഭൂമിയുടെ വിശിഷ്ടസന്താനങ്ങളിൽ ശാശ്വതപ്രതിഷ്ഠ ലഭിച്ചിട്ടുള്ള രണ്ടു പുണ്യശ്ലോകന്മാരുടെ നാമധേയം മലയാളികളിൽ പണ്ഡിതന്മാരുടേയും പാമരന്മാരുടേയും മനസ്സിൽ മറയാതെ സർവ്വോപരി പരിലസിക്കുന്നു. ഈ രണ്ടു നാമധേയങ്ങളിൽ ഒന്ന് അദ്വൈതസിദ്ധാന്തസംസ്ഥാപകനായ ശങ്കരാചാര്യരുടേതും, മററത് ഭാഷാകവികുലഗുരുവായ തുഞ്ചത്തെഴുത്തച്ഛൻ ഗുരുപാദരുടേതും ആകുന്നു. ഇവർ രണ്ടുപേരും ഹിമാലയമഹാഗിരിയുടേയും, സഹ്യപർവ്വതനിരയുടേയും ഉത്തുംഗശൃംഗങ്ങളായ യവറസ്ററും, അഗസ്ത്യകൂടവുംപോലെ ഉന്നതവും, അധൃഷ്യവും, അത്ഭുതകരവുമായി ആകാശത്തിലേക്കുയന്ന് മണ്ണിൽ പാദവും, വിണ്ണിൽ ശിരസ്സുമായി ലോകാലോകങ്ങളെ നോക്കി സ്ഥിതിചെയ്യുന്നു. ഭഗവാൻ ശങ്കരാചാര്യരുടെ ജന്മം പരശുരാമഭൂമിയിലായതു് കേവലം ഒരു ആകസ്മിക സംഭവമാണ്. ഒരു കേരളീയനായ നമ്പൂരി എന്നു പറയുന്നതിനേക്കാൾ ഭാരതീയനായ ഹിന്ദു എന്ന പദത്തിനാണ് അദ്ദേഹം അധികം അർഹനായിത്തീർന്നിട്ടുള്ളതു്. അദ്ദേഹത്തിൻെറ ജീവിതകാലത്തു ബുദ്ധമതാനുയായികളിൽനിന്നും മററും നേരിട്ട വൈഷമ്യങ്ങൾകൊണ്ടു് ക്ഷയോന്മുഖമായ ഹിന്ദുമതത്തെയും, ആർഷസംസ്കാരത്തേയും ഉന്നമിപ്പിച്ച്, ഹിമവത്സേതുപര്യന്തം അവയ്ക്കു് സ്ഥിരപ്രതിഷ്ഠ നൽകുന്നതിനാണ്

ശങ്കരാചാൎയ്യർ യത്നിച്ചതു്. ആ ഉദ്യമത്തിൽ വിജയപതാക പറത്തിക്കൊണ്ടു് സൎവ്വജ്ഞപീഠംകയറി ആചാൎയ്യസ്വാമികൾ ദിവംഗതനായി. അദ്ദേഹത്തിൻെറ ജന്മഭൂമിയായ കേരളത്തിനുവേണ്ടി പ്രത്യേകം ശാശ്വത്തായ യാതൊന്നും അദ്ദേഹം ചെയ്തിട്ടില്ല. ശങ്കരാചാൎയ്യർ ഒന്നാമതായി ഒരു തത്വജ്ഞാനിയും, രണ്ടാമതായി ഒരു സംസ്കൃതഭാഷാകവിയുമായിരുന്നു. പണ്ഡിതന്മാരുടെയല്ലാതെ പാമരന്മാരുടെ ഹൃദയത്തിൽ ഇന്നു് അദ്ദേഹത്തിനു പ്രവേശനമില്ല. തന്നിമിത്തം കേരളീയരിൽ ഒരു വലിയ ഭൂരിപക്ഷം ജനങ്ങൾക്കും ശങ്കരാചാൎയ്യർ ഹിമവൽശൃംഗംപോലെ അകന്നും ഉയൎന്നും സ്ഥിതിചെയ്യുന്നു.

തുഞ്ചത്തു ഗുരുപാദർ ആചാൎയ്യസ്വാമികളിൽനിന്നും വളരെ വ്യത്യാസപ്പെട്ട ഒരു വ്യക്തിയായിരുന്നു. ആചാൎയ്യസ്വാമികളെപ്പോലെ അദ്ദേഹവും ഒരു ഹൈന്ദവതത്വജ്ഞാനിയും, അദ്വിതീയകവിപുംഗവനും, സാമുദായികപരിഷ്കൎത്താവുമായിരുന്നു. കേരളത്തിൽ അദ്വൈതമതസിദ്ധാന്തം പരത്തുന്നതിനു് ശങ്കരാചാൎയ്യരുടെ കാലത്തിനുശേഷം ഇത്രമാത്രം ഫലവത്തായി പരിശ്രമിച്ചിട്ടുള്ള ഒരു വ്യക്തി തുഞ്ചത്തെഴുത്തച്ഛനെപ്പോലെ വേറെ ഉണ്ടായിട്ടില്ല. തന്നിമിത്തം "തുഞ്ചത്താചാൎയ്യർ" എന്നു് അദ്ദേഹത്തെ ഭക്തിബഹുമാനപുരസ്സരം ജനങ്ങൾ സ്മരിച്ചുവരുന്നതു് ഒട്ടും അസ്ഥാനത്തിലല്ല. അദ്ദേഹത്തിൻെറ സന്ദേശം പണ്ഡിതപക്ഷപാതിയായ ശങ്കരാചാൎയ്യരുടേതിൽനിന്നും വ്യത്യസ്തമായി കുടിലും കൊട്ടാരത്തിലും ഒന്നുപോലെ പ്രവേശിക്കു

ന്നു. അദ്ദേഹത്തിന്റെ അമൂല്യകൃതികൾ മതപ്രചരണത്തിനുവേണ്ടിയോ, കവിയശസ്സിനുവേണ്ടിയോ നിർമ്മിച്ചതെന്നു് തീർത്തുപറവാൻ പാടില്ല. മിക്കവാറും അവ പൊതുജനങ്ങൾക്കു് ഈശ്വരഭക്തി വർദ്ധിക്കുന്നതിനുവേണ്ടിത്തന്നെ ഉണ്ടാക്കിയവയായിരിക്കണം. എങ്കിലും അവ തുഞ്ചത്തെഴുത്തച്ഛനെ ആചാര്യനാമത്തേക്കാൾ കവിപദത്തിനു് അർഹനാക്കിത്തീർക്കുകയാണു് ചെയ്തിട്ടുള്ളതു്. അദ്ദേഹം കേരളത്തിൽ ജനിച്ചു; കേരളീയനായി ജനിച്ചു; കേരളത്തിലെ പൊതുജനങ്ങളുടെ അഭ്യുദയത്തിനുവേണ്ടി പ്രവർത്തിച്ചു; കേരളത്തിൽ മരിച്ചു. ആജീവനാന്തം തുഞ്ചത്തു ഗുരുപാദർ ആപാദചൂഡം കേരളീയനായിരുന്നു. അഗസ്ത്യക്രൂടംപോലെ അത്യുന്നതവും, ആപാദസുന്ദരവും, അതിഗംഭീരവും, സ്ഥിരവുമായി തുഞ്ചനാമം കേരളത്തിൽ സ്ഥിതിചെയ്യുന്നു.

മലയാളഭാഷയിൽ അനർഘങ്ങളായ പല പ്രാചീനഗ്രന്ഥങ്ങളുടേയും കർത്താക്കന്മാരുടെ ജീവചരിത്രത്തെപ്പററി ഒരു സ്ഥൂലജ്ഞാനംപോലും നമുക്കു ലഭിക്കുന്നതിനു പ്രയാസമായിരിക്കുന്നു. രാമചരിതം, കൃഷ്ണഗാഥ, രാമായണചമ്പു മുതലായവ വിരചിച്ചിട്ടുള്ള കവികളുടെ നാമധേയംപോലും നമുക്കറിവില്ല, തുഞ്ചത്തു ഗുരുപാദരുടെ ജന്മദേശം നിർണ്ണയിക്കപ്പെട്ടിട്ടുണ്ടെങ്കിലും, അദ്ദേഹത്തിന്റെയും നാമവും ചരിത്രവും അജ്ഞാതമായിത്തന്നെയിരിക്കുന്നു. തുഞ്ചന്റെ ജീവചരിത്രത്തേയും കവിതകളേയും മററുംപററി പ്രസ്താവിക്കുന്ന പല ഗ്രന്ഥങ്ങളും ഇന്നു നാം കാണുന്നുണ്ടു്. ഇവയിൽ പരേതനായ സാഹിത്യപഞ്ചാനനൻ പി. കെ. നാരാ

യണപിള്ളയുടെ ഒരു ചെറിയ ഗ്രന്ഥവും, ഡാക്ടർ സി. അച്യുതമേനോൻ അവർകളുടെ, ആംഗ്ലേയഭാഷയിൽ എഴുതിയിട്ടുള്ളതാണെങ്കിലും, അതിവിശിഷ്ടവും, സാമാന്യം വിപുലമായ മറെറാരു ഗ്രന്ഥവും പ്രത്യേകം സ്മർത്തവ്യങ്ങളുണ്ട്. ഡാക്ടർ സി. അച്യുതമേനോൻെറ അനർഘഗ്രന്ഥത്തിനു ഒരു മലയാളവിവർത്തനം ഇതുവരെയും ഉണ്ടാകാത്തതു് ശോചനീയമായിരിക്കുന്നു. അന്യഥാ ആസ്വാദ്യങ്ങളായ ഈ രണ്ടു ഗ്രന്ഥങ്ങളിൽ നിന്നുപോലും എഴുത്തച്ഛൻെറ ജീവചരിത്രത്തെപ്പററി വളരെയൊന്നും ഗ്രഹിക്കാൻ വഴിയില്ല. അതിനു നാം ഇനിയും ഐതിഹ്യങ്ങളെത്തന്നെ ഉപജീവിക്കേണ്ടിയിരിക്കുന്നു.

ഐതിഹ്യങ്ങൾ അധികവും, അല്പമാത്രവാസ്തവങ്ങളും, അതിശയോക്തിസമ്പൂർണ്ണങ്ങളുമായിരിക്കാനെ വഴിയുള്ളു. എങ്കിലും അവ തുല്യങ്ങളായ ഇതരതെളിവുകളെ സഹായിക്കുന്നപക്ഷം ചരിത്രങ്ങളായിത്തന്നെ സ്വീകരിക്കാവുന്നതാണു്. ചിലപ്പോൾ അവ കേവലം സങ്കല്പസൃഷ്ടങ്ങളായും തീരാവുന്നതാണു്. എഴുത്തച്ഛൻെറ ജനനത്തെപ്പററിയുള്ള ഐതിഹ്യവും ഈ ഒടുവിൽ പറഞ്ഞതരത്തിൽ ഒന്നായിരിക്കാനേ വഴിയുള്ളു. ആ ഐതിഹ്യത്തിൽ സൂചിപ്പിക്കുന്നതുപോലെ അനാഥമായ ഒരു ഗൃഹത്തിലല്ല എഴുത്തച്ഛൻ ജനിച്ചിട്ടുള്ളതു്. "വിദുഷാമഗ്രേസരനും," "അനേകാന്തേവാസി"കളോടുകൂടിയ ആചാര്യനും, രാമനാമാവുമായ ഒരു അഗ്രജൻ ആ ഗൃഹത്തിൽ ഉണ്ടായിരുന്നു. അക്കാലത്തെ ജനങ്ങൾ ഇന്നത്തെപ്പോലെ "മൂത്തുനരച്ച ഗുരു

തപത്തെക്കഴികത്തിമറിച്ചവ”രല്ലായിരുന്നു ഗുരുകുടുംബങ്ങൾക്കു് ഒരു പ്രത്യേകപദവിയും, ദരിദ്രാതീതമായ വിഭവങ്ങളും ഉണ്ടാകാതിരിക്കാറില്ല. അതിനാൽ എഴുത്തച്ഛന്റെ ജനനം ഒരു മാന്യകുടുംബത്തിലായിരുന്നുവെന്നു് ഇതര തെളിവുകൾ ഒന്നുംകൂടാതെതന്നെ വിശ്വസിക്കാവുന്നതാണു്. എഴുത്തച്ഛന്റെ ശൈശവത്തെപ്പററിയുള്ള മറെറാരു ഐതിഹ്യത്തിൽ അദ്ദേഹം നമ്പൂരിമാർ വേദം ചൊല്ലിക്കൊണ്ടിരുന്നതു് കേട്ടു് “കാട്ടു്, ക്കാട്ടു്” (അബദ്ധം, അബദ്ധം) പറഞ്ഞതായിട്ടാണു്. ബാല്യത്തിൽതന്നെ സംസ്കൃതഭാഷയിൽ വ്യുല്പത്തി സമ്പാദിച്ചിരുന്ന എഴുത്തച്ഛൻ അവ്യുല്പന്നന്മാരായ ചില നമ്പൂരിമാരുടെ വേദോച്ചാരണത്തിൽ തെററുകാണുകയും, നിരങ്കുശം പ്രസ്താവിക്കുകയും ചെയ്തുവെന്നു മാത്രമേ ഈ ഐതിഹ്യത്തിനു് അർത്ഥമുള്ളു. അതിശയോക്തി സ്പർശംകൊണ്ടു് ബാല്യം ശൈശവമായിപ്പോയി. എഴുത്തച്ഛൻ വലിയൊരു മദ്യപാനിയായിരുന്നുവെന്നുള്ളതാണു് വേറെ ഒരു ഐതിഹ്യം. ഇതിലും വല്ല വാസ്തവവും ഉണ്ടായിരിക്കാം. എഴുത്തച്ഛൻ ഒരു എഴുത്തുപള്ളി ആശാനും, ഒരു കവിയും മാത്രമായിരിക്കാൻ ഇടയില്ല. ജ്യോതിഷം സർവ്വജനങ്ങൾക്കും ആവശ്യമുള്ള ഒരു വിദ്യയായിരുന്നു. ഏതു കൃത്യം ആരംഭിക്കുന്നതിനും “നല്ലനേരം നോക്കുക” അന്നു പതിവായിരുന്നു. ഏതു ശിശു ജനിക്കുമ്പോഴും ജാതകമുണ്ടാക്കുകയും ചെയ്തുവന്നു. ഇങ്ങനെ മുഹൂർത്തം, ജാതകം മുതലായവയ്ക്കു് ജനങ്ങൾ ഗ്രാമത്തിലുള്ള ആശാനെയാണു് സമീപിക്കാറുള്ളതു്. അപണ്ഡിതന്മാരായ ആശാ

ന്മാർ പോലും അല്പം ജ്യോതിഷം അറിയാത്തവരായി രുന്നില്ല. പണ്ഡിതനായ എഴുത്തച്ഛൻെറ കാൎയ്യം പിന്നെ പറയാനുമില്ലല്ലോ. അതുപോലെ ഈ ഗുരു വൎയ്യന് ആയുൎവ്വേദത്തിലും അറിവുണ്ടായിരുന്നെന്ന് ഊഹിക്കുന്നതിൽ വലിയ തെററില്ല. ഈ രണ്ടു വിഷ യങ്ങളിലും എഴുത്തച്ഛൻ ഓരോ ഗ്രന്ഥം രചിച്ചിട്ടുണ്ടെ ന്നുള്ള കേൾവി തീരെ അവിശ്വസിക്കേണ്ടതില്ല. ഇ തിനും പുറമേ അദ്ദേഹം ഒരു മാന്ത്രികനും, താന്ത്രികനും കൂടി ആയിരുന്നിരിക്കണം. ശക്തിപൂജ മാന്ത്രികന്മാൎക്ക് സൎവ്വസാധാരണമായ ഒരു ഉപാസനാമാൎഗ്ഗമായിരുന്നു. മദ്യമാംസമാഷാദികൾ ദേവിക്കു നിവേദ്യമായി അൎപ്പി ക്കുകയും, പൂജകൻ അവ പ്രസാദമായി അനുഭവിക്കുക യും ചെയ്തുവരുന്നുണ്ട്. ശാക്തേയനായ എഴുത്തച്ഛനെ മദ്യപാനിയെന്ന് തദ്വിരോധികൾ തന്നിമിത്തം അ ധിക്ഷേപിച്ചുവന്നതും, അതിശയോക്തിയോടുകൂടി ഐതിഹ്യത്തിൽ സ്ഥലംപിടിച്ചതിൽ അത്ഭുതപ്പെടു വാനില്ല. എങ്ങനെയും തുഞ്ചൻ ഗുരുപാദർ വിവിധഭാ ഷകളിൽ പണ്ഡിതനും, വേദവേദാന്തങ്ങളിലും മന്ത്ര തന്ത്രങ്ങളിലും ജ്ഞാനവും, പരിചയവും സിദ്ധിച്ചവ നും, വൈദ്യവും ജ്യോതിഷവുംകൊണ്ട് കൈകാൎയ്യം ചെയ്തിരുന്നവനും, പൊതുജനങ്ങളെ വിദ്യാസമ്പന്നരാ ക്കി അവരുടെ ആദ്ധ്യാത്മികവും, സാന്മാൎഗ്ഗികവുമായ നിഷ്ഠകളെ ബലപ്പെടുത്തി ദേശത്തിൻെറയും സമുദായ ത്തിൻെറയും അഭ്യുദയത്തിനുവേണ്ടി പരിശ്രമിച്ചിരു ന്നവനും, സമകാലികന്മാരായ പണ്ഡിതന്മാരുടെ പ്ര ശംസയ്ക്കും, സുഹൃത്തുക്കളുടെ സ്നേഹത്തിനും പൊതുജ

നങ്ങളുടെ ആരാധനയ്ക്കും വിരോധികളുടെ ഭയത്തിനും, എല്ലാവരുടേയും ബഹുമാനത്തിനും പാത്രീഭവിച്ച് സർവ്വജനമാന്യനായിത്തീർന്ന ഒരു പുണ്യപുരുഷൻ ആയിരുന്നു.

ഇന്ന് ജനങ്ങൾ എഴുത്തച്ഛനെ ഒരു അസാമാന്യ ഭക്തനും, അദ്വിതീയനും, അനുഗൃഹീതനുമായ കവിപുംഗവനുമായിട്ടാണ് വിചാരിച്ചുപോരുന്നത്. ഭാരതഖണ്ഡത്തിലെ പുരാതനാചാര്യന്മാർ മോക്ഷസാധകമാർഗ്ഗങ്ങളായിപ്പരിഗണിച്ചിട്ടുള്ളത് കർമ്മം, ജ്ഞാനം, ഭക്തി ഇവകളാകുന്നു. ഇവയിൽ കർമ്മം എത്ര ദുർഗ്ഗമമാണെന്ന് നീലകണ്ഠദീക്ഷിതരുടെ ആനന്ദസാഗരസ്തവത്തിൽനിന്നും താഴെ ഉദ്ധരിക്കുന്ന ശ്ലോകംകൊണ്ട് മനസ്സിലാക്കാവുന്നതാണ്.

"അഭ്യസ്യവേദമവധായചപൂർവ്വതന്ത്ര-
മാലക്ഷ്യശിഷ്ടചരിതാനി പൃഥഗ്വിധാനി
അധ്യാപനാദിഭിരവാപ്യധനംചഭൂരി-
കർമ്മാണിമാതരലസാഃ കഥമാചരേയു."

പൂർവ്വമീമാംസയിൽ പ്രതിപാദിക്കുന്ന കർമ്മങ്ങൾ ചെയ്യുന്നതിന് ചുരുക്കം ചിലരേ അധികാരികളായി ഭവിക്കുന്നുള്ളൂ. അവക്ക് അതിനുതക്ക ദ്രവ്യവും എപ്പോഴും സുലഭമല്ല. നേരെ മറിച്ച് ധനവാന്മാർക്കാണെങ്കിൽ യാഗാദികർമ്മങ്ങൾ ചെയ്യുന്നതിന് മതിയായ കർമ്മികളേയും, ഋത്വിക്കുകളേയും ലഭിക്കുന്നതിനും വിഷമമാണ്. കർമ്മലോപം വന്നാലുള്ള നാശത്തിനും, പാപത്തിനും അതിരില്ലെന്നും പ്രസ്താവിച്ചിരിക്കുന്നു. ഭഗവത്ഗീതയിൽ പറയുന്നതുപോലെയുള്ള

നിഷ്കാമകർമ്മം അത്യന്തം അസാദ്ധ്യമായും ഭവിച്ചു. ഇതാണ് കർമ്മകാണ്ഡത്തിൻെറ കഥ.

ഇനി ജ്ഞാനമാർഗ്ഗത്തെപ്പററി ചിന്തിക്കയാണെങ്കിൽ അവിടെയും നിരവധി വൈഷമ്യങ്ങൾ ഉണ്ടു്. ആനന്ദസാഗരസ്തവത്തിൽത്തന്നെ അതെപ്പററി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"ഏകൈകവേദവിഷയാഃ കതിനാമശാഖാ-
സ്താസാംശിരാംസികതിനാമപൃഥഗ്വിധാനി
അർത്ഥാവബോധവിധുരോക്ഷരലാഭയേവ-
കേഷാംനൃണാം കതിഭിരസ്തുശരീരബന്ധൈഃ
ന്യായ്യാഃ പരസ്പരവിഭിന്നധിയഃ സഹസ്ര-
മുച്ചവാചാന്യപിഭവന്ത്യുപബൃംഹണാനി
ഏവംസ്ഥിതേ ഗിരിസുതേ നിഗമോപനാനാം
താല്പര്യ്യസാരമവബോധയിതും ക്ഷമ; ക
അസ്തുപക്ഷരഗ്രഹവിധിർജനുഷാം സഹസ്രൈ
രാപാതതോ ഭവതുവാപിതതോർത്ഥബോധ
ദുർവ്വാരകല്പിതവികല്പതരംഗസാന്ദ്രാൻ
ദൃഷ്ട്വപൂർവ്വപക്ഷജലധീൻ കഥമുത്തരേയു."

(ഒരേ വേദവിഷയത്തിനുതന്നെ എത്ര ശാഖകളുണ്ടു്. ഓരോന്നിനും എത്ര ഉപനിഷത്തുകളുണ്ടു്. അർത്ഥാവബോധം കൂടാതെ അക്ഷരമാത്രലാഭമെങ്കിലും എത്ര ജന്മംകൊണ്ടു് എത്ര മനുഷ്യർക്കു് സിദ്ധിക്കുന്നു? ന്യായങ്ങൾ അന്യോന്യവിരുദ്ധങ്ങളായിരിക്കുന്നു. അതിനുതന്നെ അനവധി ഉപബൃംഹണങ്ങളുണ്ടു്. ഇങ്ങനെയിരിക്കെ നിഗമപ്പൊരയുടെ താല്പര്യ്യത്തിൽ അംശം പോലും പിഴിഞ്ഞെടുക്കുന്നതിനുമാത്രം സാമർത്ഥ്യമുള്ള

വരാരാണ്! ആയിരം ജന്മംകൊണ്ട് ഒരുത്തന് ഇവയുടെ അക്ഷരജ്ഞാനം സിദ്ധിച്ചെന്നിരിക്കട്ടെ. അത്ഥജ്ഞാനവും ഉടൻ‌തന്നെ സിദ്ധിച്ചെന്നു വയ്ക്കുക. ദുർവ്വാദങ്ങളാലുണ്ടാകുന്ന സംശയങ്ങളാകുന്ന തിമാലകൾ തിങ്ങിയ പൂർവ്വപക്ഷങ്ങളാകുന്ന സമുദ്രങ്ങളെ എങ്ങനെ തരണം ചെയ്യും!)

നാരായണീയം ദ്വിതീയദശകത്തിൽ ഭട്ടതിരിപ്പാട്ടും ഇതുതന്നെ പറഞ്ഞിരിക്കുന്നു.

"നിഷ്കാമം നിയതസ്വധർമ്മചരണംയൽകർമ്മയോഗാഭിധം
തദ്ദൃരേത്യഫലംയദൌപനിഷദജ്ഞാനോപലഭ്യം പുനഃ
തത്വവ്യക്തതയാസുദുർഗ്ഗമതരം ചിത്തസ്യതസ്മാദ്വിഭോ!
തൽപ്രേമാത്മകഭക്തിരേവസതതംസ്വാദീയസീശ്രേയസീ."

ഭഗവത്ഗീതയിൽ

"സർവ്വധർമ്മാൻ പരിത്യജ്യ
മാമകം ശരണംവ്രജ
അഹം ത്വാസർവ്വപാപേഭ്യോ
മോക്ഷയിഷ്യാമിമാശുചഃ"

എന്നു ഭഗവാൻ അരുളിച്ചെയ്കയും ചെയ്തിരിക്കുന്നു. യഥാത്ഥത്തിൽ ഐഹികങ്ങളും ആയുഷ്മികങ്ങളുമായ സകല സംഗതികൾക്കും നിദാനമായ വിവിധഫലങ്ങളെ ദാനംചെയ്യുന്നതിന് അത്യന്തം സമർത്ഥ

മായി മനുഷ്യക്ക് ലഭിച്ചിട്ടുള്ള കല്പപാദപമാണു് ഭക്തി. അതിൽ പണ്ഡിതനായ എഴുത്തച്ഛനു് തൃഷ്ണയുണ്ടായതിൽ അത്ഭുതത്തിനവകാശമില്ല. കേരളത്തിൽ മിക്ക ക്ഷേത്രങ്ങളിലും സോപാനത്തിൽ പാടിയിരുന്ന ജയദേവകീർത്തനങ്ങളും, ചെറുശ്ശേരിയുടെ കൃഷ്ണഗാഥ, കണ്ണശ്ശപ്പണിക്കരുടെ രാമായണം, മുതലായ പൂർവ്വകാവ്യങ്ങളും, പ്രത്യക്ഷഫലദാനപ്രസിദ്ധിയുള്ള ഗുരുവായൂർക്ഷേത്രസാമീപ്യവും, പൂന്താനം മുതലായ ഭക്തകവികളുമായുള്ള സംസർഗ്ഗവും എഴുത്തച്ഛനെ ഭക്തിമാർഗ്ഗത്തിൽ സഞ്ചരിക്കുന്നതിനു് പ്രേരിപ്പിച്ചിരിക്കണം. മേല്പത്തൂർ ഭട്ടതിരിയുടെ വാതരോഗം ഭേദമാകുന്നതിനു് "മത്സ്യം തൊട്ടുകൂട്ടണ"മെന്നു് എഴുത്തച്ഛൻ ഉപദേശിക്കുകയും, തദനുസരണം ഭട്ടതിരി ഗുരുവായൂർ ഭജനത്തിനിടയിൽ ഭാഗവതം കഥയെ അടിസ്ഥാനപ്പെടുത്തി തൻെറ വിശിഷ്ടകൃതിയായ നാരായണീയം നിർമ്മിക്കുകയും, അതുകൊണ്ടു് ആയുരാരോഗ്യസൗഖ്യം ലഭിക്കുകയും ചെയ്തതായും ഐതിഹ്യമുണ്ടു്. അതിനും പുറമേ മാമാങ്കത്തിൻെറ അനന്തരഫലങ്ങളായി നാടുവാഴികൾ തമ്മിലുണ്ടായ പല വലിയ കലഹങ്ങൾകൊണ്ടും, വിദേശീയരായ പോർട്ടുഗീസുകാരുടേയും മററും ഉപജാപങ്ങൾകൊണ്ടും, വർഷകാലനദിപോലെ കലങ്ങിമറിഞ്ഞിരുന്ന കേരളത്തിലെ അന്തരീക്ഷം, സമാധാനസമ്പൂർണ്ണവും പ്രസന്നവുമായ ഒരു ശരൽക്കാലത്തെ കാംക്ഷിച്ചിരുന്ന ഒരു കാലത്താണു് എഴുത്തച്ഛൻ ജീവിച്ചിരുന്നതെന്നും, ആ പരമഹംസൻെറ പഞ്ചവർണ്ണക്കിളിയുടെ കളമധുരഗാനം ജനസാമാന്യത്തിൻെറ

ഹൃദയത്തിൽ ഭക്തിയും, ശാന്തിയും ഉത്ഭവിപ്പിക്കുന്നതിന്ന സമത്ഥങ്ങളാകയാൽ ആ കാലത്തിന്നും ദേശത്തിന്നും അത്യന്താപേക്ഷിതങ്ങളായിരുന്നൊന്നും, ഡാക്ടർ അച്ചുതമേനവൻ വാദിക്കുന്നതിൽ വളരെ പരമാത്ഥമുണ്ടു്. തന്നിമിത്തം നിഷ്കളങ്കനും, ഭക്തനുമായ എഴുത്തച്ഛൻ ജനതയ്ക്കു് ഭക്തിമാഗ്ഗം ഉപദേശിക്കുന്നതിനായിട്ടാണു് രാമായണവും. ഭാരതവും എഴുതിയിട്ടുള്ളതു്. അദ്ദേഹം കവിയശഃപ്രാത്ഥിയായിരുന്നൊന്നു് തീത്തു പറവാൻ പാടില്ല. ഈ രണ്ടു മഹാകാവ്യങ്ങളിലും മുന്നിട്ടുനിൽക്കുന്ന അനന്യസാധാരണമായ കവിതാഗുണം എഴുത്തച്ഛൻെറ അനന്യസുലഭമായ വാസനാനൈപുണ്യം കൊണ്ടു് വന്നു ചേൻ്നിട്ടുള്ളവയാണു്. ഭക്തിയെന്നും, കവിതയെന്നുമുള്ള രണ്ടു പ്രേമഭാജനങ്ങളെ ഒരുപോലെ പരിചരിച്ചും ലാളിച്ചും നിൽക്കുന്ന ഒരു ദക്ഷിണനായകനായിട്ടാണു് എഴുത്തച്ഛൻ നമുക്കു് രാമായണത്തിലും ഭാരതത്തിലും പ്രത്യക്ഷപ്പെടുന്നതു്. രാമായണത്തിൽ കവിതയെ കഴിയുന്നതും അടക്കി ഒതുക്കി നിത്തുന്നതിന്നും, ഭക്തിയെ യഥേഷ്ടം മുൻപോട്ടു തള്ളിവിടുന്നതിന്നുമാണു് ഗ്രന്ഥകത്താവിൻെറ പ്രയത്നം. എന്നാൽ കവിത ഇതു പലപ്പോഴും സമ്മതിച്ചു കീഴടങ്ങാതെ മുമ്പിൽ ചാടിക്കടന്നു നൃത്തം ചെയ്യാൻ പ്രയത്നിക്കുകയും, നായകൻെറ വരുതിക്കു കീഴ്പ്പെട്ടു് കുലീനയായ ഗൃഹിണിയെപ്പോലെ പിന്മാറുകയും ചെയ്തുവരുന്നതായി കാണപ്പെടുന്നു. ശ്രീരാമൻ ശൈവചാപമെടുക്കുമ്പോൾ "എല്ലാമാകുന്നതു ചെയ്താലും മടിക്കേണ്ട കല്യാണമിതുമൂലം വന്നുകൂടീടുമല്ലോ" എന്നു് ത്രി

കാലജ്ഞനായ വിശ്വാമിത്രൻ അനുഗ്രഹിക്കുന്നതും, സീത വരണമാലയിടുന്നതിനു മുൻപ് നേത്രോല്പലമാലയിടുന്നതും, ഹനുമാൻ ലങ്കയെ ദഹിപ്പിച്ചപ്പോൾ.

"അനലശിഖകളുമനിലസുതഹൃദയവും തെളി-
ഞ്ഞാഹന്തവിഷ്ണുപദം ഗമിച്ചൂ തദാ
വിബുധപതിയൊടു നിശിചരാലയംവെന്തോരു
വൃത്താന്തമെല്ലാമറിയിച്ചു കൊള്ളുവാൻ
അഹമഹമികാധിയാ പാവകജ്വാലക-
ളംബരത്തോളമുയന്നു ചെന്നു തദാ
ഭുവനതലഗതവിമലദിവ്യരത്നങ്ങളാൽ
ഭൂതിപരിപൂർണ്ണമായുള്ള ലങ്കയും
പുനരനിലസുതനിതി ദഹിപ്പിച്ചിതെങ്കിലും
ഭൂതിപരിപൂർണ്ണമായ് വന്നു"തും മററുമായി പരസ്സഹസ്രം ഭാഗങ്ങൾ രാമായണത്തിൽ കാണുന്നതു് ഇപ്രകാരം വന്നുചേർന്നതാണു്. അന്യ ഗ്രന്ഥങ്ങളിൽ നിന്നും സ്വീകരിക്കുന്ന ആശയങ്ങൾ തന്നെ രാമായണത്തിൽ എഴുത്തച്ഛൻെറ വശ്യവചസ്സുകളിൽക്കൂടി പ്രവഹിക്കുമ്പോൾ അവയ്ക്കുള്ള സൌന്ദര്യം വാചാമഗോചരമായിത്തീരുന്നു. രാമായണചമ്പുവിലെ

"ഭീതോഽഭ്രഭരതഃ കിമംബഭരതഃ കിം വാവനാൽ
പാവനാൽ
ത്രസ്തോഽഹം സഗരാന്വവായ കുക്കുദഃ താതഃ കുതഃ
ശോചതി"

എന്നും,

"വനഭുവിതനുമാത്രത്രാണമാജ്ഞാപിതംമേ
സകലഭുവനഭാരഃസ്ഥാപിതോവത്സമൂർദ്ധ്നി

തദിഹസുകരതായാമാവയോസ്ത്യക്തിതായാം
മയിപതതിഗരീയാനംബതേപക്ഷപാതഃ

എന്നുമുള്ള ഭാഗത്തെ എഴുത്തച്ഛൻ

"രാജ്യത്തെ രക്ഷിപ്പതിന്നു മതിയവൻ
രാജ്യമുപേക്ഷിപ്പതിനു ഞാനും മതി
ദണ്ഡമത്രേ രാജ്യഭാരം വഹിപ്പതു
ദണ്ഡകാവാസത്തിനേററമെളുതല്ലോ
സ്നേഹമെന്നെക്കുറിച്ചേറുമമ്മയ്ക്കുമ-
ദ്ദേഹമാത്രംഭരിക്കെന്നുവിധിക്കയാൽ
അല്പമായുള്ളോരു കാര്യം നിരൂപിച്ചു
മല്ലിതാ ദുഃഖിപ്പതിനില്ലവകാശം" എന്നു തർ

ജ്ജിമ ചെയ്തിരിക്കുന്നതു നോക്കുക. കവിതയുടെ ഈ അനാഹൂതപ്രവേശം വളരെ ഉണ്ടെങ്കിലും, ഒരിക്കലെങ്കിലും അനൌചിത്യം കൊണ്ടു് രസഭംഗമുണ്ടാക്കിത്തീക്കാൻ അവൾ തുനിയുന്നില്ല. "അനൌചിത്യാദൃതേ നാന്യദ്രസഭംഗസ്യകാരണം" എന്ന ആലങ്കാരിക സിദ്ധാന്തം എഴുത്തച്ഛന്റെ കവിതാകാമിനി നല്ലവണ്ണം അറിഞ്ഞിരുന്നു.

ഭാരതത്തിൽ എഴുത്തച്ഛന്റെ ഭക്തിയും, കവിതയുമായുള്ള സപരച്ചേർച്ചയില്ലായ്മയെല്ലാം അവസാനിച്ചു. അവർ രണ്ടുപേരും രണ്ടു സഹോദരികളെപ്പോലെ ഒത്തിണങ്ങി ഏകയോഗക്ഷേമത്തിനുവേണ്ടി പ്രവത്തിക്കുന്നതിനു തീർച്ചപ്പെടുത്തി. അതുകൊണ്ടു് നാം

"നിരന്നപീലികൾ നിരക്കവേകുത്തി
നിറുകയിൽക്കുത്തിത്തിറമൊടുകെട്ടി

മണികൾ മിന്നിടും മണിക്കിരീടവും" മററുമായി ഇരിക്കുന്ന പാർത്ഥസാരഥിയായ ശ്രീകൃഷ്ണഭഗവാനെ ഒരു ദിക്കിൽ കാണുന്നുണ്ടെങ്കിൽ, മറെറാരു ദിക്കിൽ

"ഋതുധർമ്മം പ്രാപിച്ചുകുളിച്ചുവ-
ന്നുന്നതസ്തനങ്ങളും മെല്ലെമെല്ലവേനോക്കി.
ദന്തധാവനംചെയ്തു ബന്ധൂകസമാധരി
പന്തൊക്കും കൊങ്കത്തടത്തിങ്കൽ കുങ്കുമംചാർത്തി
ഭംഗിയിൽക്കുറിയിട്ടു കുങ്കുമതിലകം തൊ—
ട്ടംഗജൻതഴപോലെ പൂങ്കുഴലഴിച്ചിട്ടു്
കുണ്ഡലഷണ്ഡം മിന്നും ഗണ്ഡമണ്ഡലത്തിങ്കൽ
കുണ്ഡലീഫണംപോലെ പത്തിക്കീററും ചാർത്തി
നിർമ്മലമായുള്ളോരു വസ്ത്രവുമുടുത്തുകൊ-
ണ്ടംബുജമിഴികളിലഞ്ജനമതും ചാർത്തി
സ്വർണ്ണഭൂഷകളുമൊക്കവെയണിഞ്ഞൊരു
കണ്ണാടിതന്നിൽ മുഖപത്മവും നോക്കിനോക്കി
നല്ലൊരുപുരുഷനെ ചിന്തിച്ചുചിന്തിച്ചുള്ളി—
ലുല്ലാസം ചേർന്നൊരശോകത്തെയും ചാരി"

നിൽക്കുന്ന ശർമ്മിഷ്ഠയെയും കാണുന്നുണ്ടു്.

രസപ്രധാനമാണു് എഴുത്തച്ഛന്റെ കവിത. ശൃംഗാരവീരകരുണാദികളായ നവരസങ്ങളേയും എടുത്തു് ഒന്നുപോലെ പെരുമാറുന്നതിനു് എഴുത്തച്ഛനുണ്ടായിരുന്ന സാമർത്ഥ്യം മലയാളത്തിൽ മറെറാരു കവിക്കും ലഭിച്ചിട്ടില്ല. ഭക്തനായ എഴുത്തച്ഛൻ തന്റെ രണ്ടു മഹാകാവ്യങ്ങളിലും, ശൃംഗാരം അംഗിയായി നിൽക്കാൻ അനുവദിച്ചിട്ടില്ല. എന്നാൽ തന്റെ വിഷയവിദ്വേഷം കൊണ്ടു് ആ രസരാജന്റെ പദവിക്കു്

ഫാനി തട്ടാതിരിക്കാൻ അദ്ദേഹം ദൃഷ്ടിവച്ചിട്ടുണ്ട്. അതെല്ലാം മിതമായിരിക്കണമെന്നു മാത്രമേ അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നൊള്ളൂ. അഹല്യയുടെ:-

"ചെന്തൊണ്ടിവായ്മലരും
പന്തൊക്കും മുലകളും
ചന്തമേറീടും തുടക്കാമ്പും" ആണു് ഇന്ദ്രന്റെ ദൃഷ്ടികളിൽ ആദ്യമായി പതിയുന്നതു്. സുന്ദരിയായ ഒരു യുവതിയിൽ ഒരു കാമിയുടെ ദൃഷ്ടി പ്രഥമമായി പതിയുമ്പോൾ അതു മററാവിടെപ്പോകും. ഇങ്ങനെ വേറെ ചില ഭാഗങ്ങൾ രണ്ടു ഗ്രന്ഥങ്ങളിലും കാണാവുന്നതാണു്. അതുപോലെ,

"വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവശിവ
നല്ലമരതകക്കല്ലിനോടൊത്തൊരു
കല്യാണശീലൻ കുമാരൻ മനോഹരൻ
ചൊല്ലെഴുമർജ്ജുനൻ തന്റെ തിരുമകൻ
വല്ലവീവല്ലഭ! നിന്റെ മരുമകൻ
കൊല്ലാതെ കൊല്ലാഞ്ഞതെന്തവൻ തന്നൊ നീ"

എന്നിങ്ങനെ വായനക്കാരന്റെ ഹൃദയത്തെ കരുണത്തിൽ ലയിപ്പിച്ചിട്ടു്

"കൊല്ലിക്കിലല്ലെ നിനക്കുചിതംവരൂ" എന്നിപ്രകാരം ഗാന്ധാരിയുടെ മുള്ളുവാക്കുകൊണ്ടു അതു പെട്ടെന്നു സമുദ്ധരിക്കുന്നതു കാൺക. എന്നുവേണ്ട മഴവില്ലും, മയൂരകണ്ഠവും പോലെ മാറിയും വേറിട്ടും വന്നുചേരുന്ന രസഭേദങ്ങളെ പ്രത്യക്ഷപ്പെടുത്തി മായികൻ മായൂരപിഞ്ഛം കൊണ്ടെന്നപോലെ എഴുത്തച്ഛന്റെ

തൂലിക സഹൃദയഹൃദയത്തെ വിഭ്രമിപ്പിച്ച് സന്തോഷിക്കുന്നു.

ഒരു മഹാസമുദ്രത്തിന്റെ ഒരു ഭാഗം ഉത്തുംഗ തരംഗങ്ങളെക്കൊണ്ടു ഇളകിമറിഞ്ഞും, മറുഭാഗം കല്ലോലമാലകൾ കൊണ്ടു നിറഞ്ഞും, വേറൊരിടം പ്രശാന്തസുന്ദരമായും ഇരിക്കുന്നതുപോലെ എഴുത്തച്ഛന്റെ ഭാഷാരീതിയും ഗംഭീരവും സുന്ദരവും, ശാന്തവും ലളിതവുമായി അവസരോചിതം പോലെ, മാറിക്കൊണ്ടിരിക്കുന്നു—ഭീഷ്മദ്രോണകർണ്ണപർവ്വങ്ങളിൽ വിവരിക്കുന്ന യുദ്ധരീതിയും, ഉപകരണങ്ങളും ഏകദേശം ഒന്നുതന്നെയായാലും വർണ്ണ്യവസ്തുവിന്റെ പൂർണ്ണപ്രതീതിക്കാവശ്യമുള്ള ശബ്ദസമൂഹങ്ങളുടെ സമീചീനമായ പ്രയോഗംകൊണ്ടു അവയിൽ ഓരോ വരിയും അഭിനവമായി വായനക്കാർക്കു തോന്നുന്നു.

"ക്ഷണേക്ഷണേയന്നവതാമുപൈതി

തദേവരൂപം രമണീയതായാഃ" എന്ന മാഘകവിയുടെ സൗന്ദര്യനിർവ്വചനം സ്വീകാര്യമാണെങ്കിൽ മലയാളഭാഷയിൽ എഴുത്തച്ഛന്റേതുപോലെ ആപാദസുന്ദരവും, അത്യുൽകൃഷ്ടവും, ആഹ്ളാദമയവും, തത്വസമ്പൂർണ്ണവുമായ ഒരു കവിത വേറെയില്ലതന്നെ. ആ കവിത മനുഷ്യഹൃദയത്തെ ഐഹികങ്ങളായ സകലബന്ധങ്ങളിൽനിന്നും വേർപെടുത്തി, ആദർശഭൂതവും, അത്ഭുതകരവും, ആഹ്ളാദമയവുമായ ഒരു ലോകത്തിലേയ്ക്കു് ഉന്നമിപ്പിക്കുകയും, സത്യസൗന്ദര്യങ്ങളുടെ പ്രഭാപൂരംകൊണ്ടു വികസിപ്പിച്ച് ഭക്തിപീയൂഷത്തിലാറാടിച്ചു ആത്മാവിനു നിർവൃതി നൽകുകയും ചെയ്യുന്നു.

മഹാന്മാരുടെ കൃത്യങ്ങളെ വർണ്ണിക്കുമ്പോൾ അതിശയോക്തി ചേർക്കുന്നതു് സാധാരണ ലോകസ്വഭാവമാണു്. കേരളഭാഷാകവികുലഗുരുവായ എഴുത്തച്ഛൻ മലയാളഭാഷയ്ക്കു വേണ്ടി ചെയ്തിട്ടുള്ള യത്നങ്ങൾ അമേയങ്ങളും അനിതരസാധാരണങ്ങളും ആണെങ്കിലും, അവയിലും അതിശയോക്തി കടന്നുകൂടിട്ടുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. സാധാരണജനങ്ങളുടെ സംഭാഷണത്തിലും വിശ്വാസത്തിലും അതിശയോക്തി സ്പർശം ഉണ്ടായിരിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. എന്നാൽ ഒരു ശാസ്ത്രകാരനിൽ നിന്നും ഇതു് ഒരിക്കലും ആശിക്കാൻ പാടില്ലാത്തതാകുന്നു. കേരളപാണിനീയത്തിൽ എഴുത്തച്ഛനെപ്പററി ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"കേരളഭാഷയ്ക്കു് പ്രായംതികഞ്ഞു തന്റേടം വന്നു. ഇനിമേലിൽ രക്ഷകർത്താവിനു കീഴടങ്ങി ഇരിക്കേണ്ടുന്ന ആവശ്യമില്ല. യൌവനദശയിൽ എത്തിയ സ്ഥിതിക്കു് മേലാൽ സഹായത്തിനുവേണ്ടതു് രക്ഷകർത്താവല്ല, ഭർത്താവാണു്. ബാല്യംമുതൽക്കു തന്നെയുള്ള സഹവാസത്താൽ മനസ്സിനു നന്നെ ഇണങ്ങിയ ഒരു വരൻ അടുത്തുതന്നെ ഉണ്ടായിരുന്നുതാനും. ദ്രാവിഡഗോത്രജാതയായ സൌഭാഗ്യവതി കേരളഭാഷ, ആര്യവംശാലങ്കാരഭൂതനായ ചിരംജീവി സംസ്കൃതവരന്റെ സ്വയം വരവധുവായിച്ചമഞ്ഞു മേൽക്കുമേൽ ഉല്ലസിക്കുന്നു. ഈ ശോഭനമായ സംബന്ധം അല്ലെങ്കിൽ വിവാഹം, വേണ്ടുംവണ്ണം ആലോചിച്ചു ഭംഗിയായി നടത്തിച്ച ആൾ സാക്ഷാൽ തുഞ്ചത്തു് രാമാനുജനെഴുത്ത

ച്ഛൻ എന്ന മഹാനാകുന്നു. സംസ്കൃതവല്ലഭയായിച്ച
മഞ്ഞ മലയാളഭാഷയ്ക്കു് തമിഴിന്റെ ജീർണ്ണവും വർ
ണ്ണകലുഷവുമായ അക്ഷരമാലാകഞ്ചുകം ഒട്ടും പര്യാപ്ത
മല്ലെന്നായി. കേരളീയവിവാഹസമ്പ്രദായത്തിൽ മുണ്ടു
കൊടുക്കുകയാണല്ലോ ഒരു പ്രധാനക്രിയ. ഭാഷകൾക്കു
വസ്ത്രസ്ഥാനം വഹിക്കുന്നതു് അക്ഷരമാലയാണു്.
അതിനാൽ മലയാളഭാഷ സംസ്കൃതദത്തമായ ആര്യ
എഴുത്തു് ഇക്കാലത്തു സ്വീകരിച്ചു.”

ഈ വാക്യങ്ങളിലുള്ള അലങ്കാരമുപേക്ഷിച്ചു കാ
ര്യം മാത്രം പറയുന്നതായാൽ, പാണിനീയത്തിൽത്ത
ന്നെ അന്യത്ര പ്രസ്താവിച്ചിട്ടുള്ളതുപോലെ; എഴുത്ത
ച്ഛൻ മലയാളഭാഷയിൽ സാഹിത്യമെല്ലാംതന്നെ ആര്യ
എഴുത്തിൽ എഴുതണമെന്നു് ഏർപ്പാടുചെയ്തു എന്നു വരു
ന്നതാണു്. ഇക്കാര്യം അല്പം ചിന്തനീയമാകുന്നു. എഴു
ത്തച്ഛന്റെ കാലത്തിനു മുമ്പുള്ള പല മണിപ്രവാളകൃ
തികളും ആര്യഎഴുത്തിൽത്തന്നെ എഴുതുകയും കേരള
ത്തിലെങ്ങും പ്രചരിക്കുകയും ചെയ്തിരുന്നെന്നു തെളിയി
ക്കുവാൻ യാതൊരു പ്രയാസവുമില്ല. നാളും തീയതി
യുംവെച്ചുപകർത്തി എഴുതിയിട്ടുള്ള പല ഗ്രന്ഥങ്ങളും
ഇന്നു കേരളത്തിന്റെ പല ഭാഗങ്ങളിൽനിന്നും കണ്ടു
കിട്ടീട്ടുണ്ടു്. അദ്ധ്യാത്മരാമായണം മൂലം മലയാളലി
പികളിൽ പകർത്തി എടുക്കുവാൻ ചെമ്പകശ്ശേരിരാജാ
വു് എഴുത്തച്ഛനെ ഏല്പിച്ചതുകൊണ്ടാണു് അദ്ദേഹം
അതു തർജ്ജിമചെയ്യാൻ ഇടയായതെന്നാണല്ലോ ഐതി
ഹ്യം. ഈ ഐതിഹ്യം വാസ്തവമാണെങ്കിൽ ആര്യഎ
ഴുത്തു് അക്കാലത്തുതന്നെ പ്രചുരപ്രചാരത്തിൽ വന്നി

രിക്കണം. അതിനുംപുറമേ, കൃഷ്ണഗാഥ കണ്ണശ്ശരാമായണം മുതലായ പാട്ടുകൾകൂടി ആര്യ എഴുത്തിൽത്തന്നെ എഴുതിവന്നതായും കാണാവുന്നതാകുന്നു. മണിപ്രവാള കവിതയുടെ പ്രചാരത്തോടുകൂടി ആര്യ എഴുത്തും കേരളത്തിലെങ്ങും വ്യാപിക്കാൻ തുടങ്ങിയിട്ടുണ്ടെന്നും, എഴുത്തച്ഛൻ അന്നു പ്രചാരത്തിൽ ഇരുന്ന ലിപികളെത്തന്നെ തന്റെ കവിതകൾ എഴുതാൻ ഉപയോഗിച്ചുവെന്നും വിചാരിക്കുന്നതിനാണു് അധികം ന്യായംകാണുന്നതു്. അതുകൊണ്ടു്, പാണിനീയത്തിൽ പറയുന്നതുപോലെ എഴുത്തച്ഛന്റെ ഉത്സാഹത്തിൽ കേരളഭാഷയ്ക്കു് ഒരു സ്വയംവരാഘോഷം നടന്നിട്ടുണ്ടെങ്കിൽ അതു് രണ്ടാം സ്വയംവരമോ മറേറാ ആയിരിക്കാനേ തരമുള്ളു.

കേരളപാണിനീയത്തിൽ മലയാളഭാഷാസംബന്ധമായ മററു ചില പരിഷ്കാരങ്ങളും എഴുത്തച്ഛനിൽ ആരോപിച്ചുകാണുന്നുണ്ടു്. അവ താഴെ പറയുന്നവയാകുന്നു. "(1) മണിപ്രവാളത്തിൽ എന്നപോലെ പാട്ടുകളിലും ലളിതവിഭക്ത്യന്തങ്ങളെ ഉപയോഗിക്കാം. (2) ഭാഷാദ്വയസങ്കരത്തിൽ സംസ്കൃതപ്രകൃതികളെ മലയാളവിഭക്തികൾ ചേർത്തു പ്രയോഗിക്കുന്നതു് ശരിയായവഴി. നേരെമറിച്ചു്, മലയാളപ്രകൃതികളെ സംസ്കൃതവിഭക്തികൾ ചേർത്തു പ്രയോഗിക്കുന്ന വിലോമസമ്പ്രദായം തെററു്. (3) സംസ്കൃതഛന്ദശ്ശാസ്ത്രത്തിലെ മാത്രാനിയമത്തെയും തമിഴ്വൃത്തങ്ങളിൽക്കൂടി പ്രവേശിപ്പിച്ചു്, കിളിപ്പാട്ടുമുതലായ പുതിയ വൃത്തങ്ങളെ നടപ്പിൽ വരുത്തി."

അല്പം ആലോചിച്ചാൽ മേല്പറഞ്ഞവ ഒന്നും എഴുത്തച്ഛന്റെ പരിഷ്കാരങ്ങളല്ലെന്നു് മനസ്സിലാക്കാവുന്നതാണു്. എഴുത്തച്ഛനു മുമ്പുണ്ടായ കണ്ണശ്ശരാമായണം മുതലായ പാട്ടുകളിൽക്കൂടി "ദേശേ," "ദയിതയാ," "ദീനതയാ" മുതലായി സംസ്കൃതവിഭക്ത്യന്തങ്ങളായിലളിതപദങ്ങൾ കാണുന്ന സ്ഥിതിക്കു്, ആ സമ്പ്രദായം എഴുത്തച്ഛൻ ഏർപ്പെടുത്തിയതാണെന്നു പറയുവാൻ നിവൃത്തിയില്ല. അതുപോലെതന്നെ മലയാളപ്രകൃതികൾക്കു സംസ്കൃതപ്രത്യയങ്ങൾ ചേർത്തു പ്രയോഗിക്കുന്നതു ശരിയല്ലെന്നുള്ള അഭിപ്രായവും എഴുത്തച്ഛനിൽനിന്നു പുറപ്പെടുകയോ പ്രചരിക്കുകയോ ചെയ്തിട്ടുള്ളതല്ല. "സന്ദർഭേ സംസ്കൃതീകൃതാ ച" എന്ന ലീലാതിലകകാരന്റെ ശാസ്ത്രാനുമതിയനുസരിച്ചു് "കേഴന്തീ വാ വിരഹവിധുരവ്യാകുലാ വല്ലഭാമേ" എന്നും മറ്റുമുള്ള പ്രയോഗങ്ങൾ ചുരുക്കം ചില മണിപ്രവാളകവിതകളിൽ കാണുന്നുണ്ടെങ്കിലും, ആ വക പ്രയോഗങ്ങൾ ശരിയല്ലെന്നുള്ള അഭിപ്രായം എഴുത്തച്ഛന്റെ കാലത്തിനു മുമ്പുതന്നെ ദൃഢമൂലമായിത്തീർന്നിട്ടുണ്ടു്.

"താൾപൂട്ടയന്തി തകരാഃ കറികൊയ്ത്തുശേഷാഃ
മണ്ടന്തി പാന്ഥനിവഹാഃ പടിബന്ധഭേട്യാ
കാകാഃ കരഞ്ഞു മരമേറിയുറങ്ങയന്തി
മിന്നാമിനുങ്ങനിവഹാശ്ച മിനുങ്ങയന്തി"

എന്നിത്യാദി ശ്ലോകങ്ങൾ ഈ "വിലോമസമ്പ്രദായ"ത്തെ അധിക്ഷേപിച്ചുണ്ടായിട്ടുള്ളവയാണെന്നു് പ്രത്യക്ഷമാണു്. എഴുത്തച്ഛന്റെ കാലത്തിനു വളരെ മുമ്പുണ്ടായ പല ചമ്പുക്കളിലും ഈ മാതിരി പ്രയോഗ

ങ്ങൾ കാണുന്നില്ല. അവസാനമായി, കിളിപ്പാട്ടുവൃത്തങ്ങളും എഴുത്തച്ഛന്റെ സൃഷ്ടികളല്ലെന്നുള്ളതിന് പല മലയാളപ്പാട്ടുകളും സാക്ഷ്യം വഹിക്കുന്നുണ്ട്.

എങ്കിലും, "കിളിപ്പാട്ട്" എന്ന നാമം എഴുത്തച്ഛനാണ് ആദ്യമായി ഉപയോഗിച്ചിട്ടുള്ളതെന്ന് പരക്കെ വിശ്വസിക്കപ്പെട്ടുവരുന്നു. ഇങ്ങനെ നാമകരണം ചെയ്യുന്നതിന് എഴുത്തച്ഛനെ പ്രേരിപ്പിച്ച സംഗതി എന്താണെന്ന് പല വിദ്വാന്മാരുടേയും ചിന്തയ്ക്കു വിഷയീഭവിച്ചിട്ടുണ്ട്. പലരും അവരുടെ മനോധർമ്മം പോലെ ഓരോ കാരണങ്ങൾ പറഞ്ഞുവരുന്നുമുണ്ട്. താഴെ കാണുന്നവ അവയിൽ പ്രധാനങ്ങളാണ്. (1) "ശ്രീ ശുകബ്രഹ്മർഷി പരീക്ഷിത്തു മഹാരാജാവിന് ഉപദേശിക്കുന്നതാണു ഭാരതകഥ. ആ ശുകന്റെ നാമധേയത്തെ സ്മരിപ്പിക്കുന്നതിനായിട്ടാണ് കിളിപ്പാട്ടെന്നു പേരിട്ടതു്." ഈ അഭിപ്രായത്തിൽ ഒരു സംശയം നമുക്കുണ്ടാകാം. രാമയണം വാത്മീകിയുടെ കൃതിയാണ്. അദ്ധ്യാത്മരാമായണമാണ് എഴുത്തച്ഛൻ തർജ്ജിമ ചെയ്തതെങ്കിലും, മൂലകഥാകർത്താവിന്റെ നാമധേയത്തെ സ്മരിച്ച്, അതോടു സംഘടിപ്പിച്ച് ഒരു നാമം തൽകൃതിക്കു നൽകാതിരുന്നതു് എന്തുകൊണ്ടാണ്? രാമായണമാണല്ലോ എഴുത്തച്ഛന്റെ ആദ്യത്തെ കിളിപ്പാട്ട്! മേല്പറഞ്ഞ അഭിപ്രായം സ്വീകാര്യമല്ലെന്നുള്ളതിനു വേറെ തെളിവ് ആവശ്യമില്ല. (2) "സരസ്വതിയുടെ കൈയിലുള്ള ലീലാശുകത്തെ അനുസ്മരിച്ചാണ് ഈ നാമം കൊടുത്തിട്ടുള്ളതെ"ന്നാണ് മറ്റൊരു വാദം. എന്നാൽ സരസ്വതിയുടെ കൈയിൽ

ത്താനോയുള്ള വീണയെന്ന ഉൽകൃഷ്ടഗാനോപകരണം കവി വിസ്മരിച്ചതെന്തുകൊണ്ട്? (3) "പൈങ്കിളിക്കണ്ണി," "പരാപരക്കണ്ണി" എന്നീ തമിഴവൃത്തങ്ങളെ അപേക്ഷിച്ച് ഈ പാട്ടുകൾ നിർമ്മിച്ചിട്ടുള്ളതുകൊണ്ട് അതിൽ ഒന്നിനെ ആശ്രയിച്ച് ഇപ്രകാരം നാമകരണം ചെയ്തതാണെന്നാണ് ഇനിയൊരഭിപ്രായം. കിളിപ്പാട്ടുവൃത്തങ്ങൾ മേല്പറഞ്ഞ വൃത്തങ്ങളിൽനിന്നും ഉണ്ടായിട്ടുള്ളവയല്ലെന്നു കാണുന്ന സ്ഥിതിക്ക് ഈ വാദത്തിന് അവകാശമേ ഇല്ല. (4) "കവിതയെഴുതുന്നതുകൊണ്ടുണ്ടാകാവുന്ന ദോഷങ്ങളിൽ പ്രഥമഗണനീയമായ "അറം" കവിയെ ബാധിക്കാതിരിക്കുന്നതിനാണ് ഈ ഉപായം എഴുത്തച്ഛൻ സ്വീകരിച്ചതെന്നത്രേ വേറൊരഭിപ്രായം, അറം മലയാളകവികളെ ഭയപ്പെടുത്തിയിരുന്നു എന്നുള്ളതിനു പല ഐതിഹ്യങ്ങളുമുണ്ട്. എങ്കിലും ഈ വാദം വളരെ ബാലിശമായിരിക്കുന്നു. കവിയുടെ ഉത്തരവാദിത്വം ഈ സൂത്രംകൊണ്ട് ഇല്ലാതായിപ്പോകുമോ? (5) "കിളിയുടെ ശബ്ദമാധുര്യം പ്രമാണിച്ച് ഈ കവിതകൾക്കു കിളിപ്പാട്ടെന്നു നാമകരണം ചെയ്തു" എന്നു പറയുന്നതിലും വലിയ അർത്ഥമൊന്നുമില്ല. എഴുത്തച്ഛനെപ്പോലെ മിഥ്യാഭിമാനരഹിതനും പരമസാത്വികനും വിനീതനുമായ ഒരു മഹാൻ തന്റെ കവിതയെ സ്വയം അഭിനന്ദിക്കുന്നതിനു പുറപ്പെടുന്നതല്ല.

ഈ വിഷയത്തെക്കുറിച്ചുള്ള ഏററവും നവീനമായ അഭിപ്രായം ഭാഷാസാഹിത്യചരിത്രസംഗ്രഹത്തിൽ കാണുന്നതാണ്. അതിന്റെ ചുരുക്കം അവി

ശ്വാസശക്തിയുടെ താല്ക്കാലിക നിവൃത്തിക്കായി (Temporary suspension of the faculty of disbelief) കിളിയെക്കൊണ്ടു് കഥപറയിച്ചതാണെന്നാണു്. ഈ അഭിപ്രായത്തിന്നു നവീനത്വമുണ്ടെന്നല്ലാതെ കാൎയ്യഭാഗംകൊണ്ടു മററുള്ള അഭിപ്രായങ്ങളിൽ നിന്നു് വിശേഷമൊന്നുമില്ല. പരമഭക്തനായ എഴുത്തച്ഛൻ രാമകൃഷ്ണന്മാരെ അവതാരപുരുഷന്മാരായി ഗണിച്ചു പൂജിക്കയും, രാമായണത്തിലും ഭാരതത്തിലും പറയുന്ന സംഭവങ്ങൾ യഥാൎത്ഥങ്ങളാണെന്നു വിശ്വസിക്കയും ചെയ്തുവന്നു എന്നു് ആ ഗ്രന്ഥങ്ങളുടെ ഏതു ഭാഗം വായിച്ചാലും മനസ്സിലാക്കാവുന്നതാണു്. ആ സ്ഥിതിക്കു അവിശ്വാസശക്തിയുടെ താൽക്കാലികശമനത്തിന്നു് ഒരു സിദ്ധൌഷധം അന്വേഷിച്ചു കണ്ടുപിടിക്കേണ്ട ആവശ്യം എഴുത്തച്ഛന്നു് ഉണ്ടായിരുന്നില്ലെന്നുള്ളതു് തീൎച്ചതന്നെ. അതിനാൽ കിളിയെക്കൊണ്ടു് കഥ പറയിക്കുന്നതിന്നും കിളിപ്പാട്ടെന്നു് നാമകരണം ചെയ്യുന്നതിന്നും വേറെ കാരണമുണ്ടോ എന്നു് അന്വേഷിക്കേണ്ടിയിരിക്കുന്നു.

എഴുത്തച്ഛൻ ഒരുത്തമഭക്തനായിരുന്നു. അദ്ദേഹം രാമായണം, ഭാരതം മുതലായ ഗ്രന്ഥങ്ങൾ സംസ്കൃതത്തിലും അന്യഭാഷകളിലും വായിക്കുകയും, അവയിൽ അദ്ദേഹത്തിന്നു സീമാതീതമായ ബഹുമാനം തോന്നുകയും ചെയ്തിരിക്കണം. ഗഹനങ്ങളായ ആ ഗ്രന്ഥങ്ങളിൽ വളരെ സാരാംശമുണ്ടെന്നും തനിക്കു് അതു് പൂൎണ്ണമായി മനസ്സിലാക്കാൻ സാധിച്ചിട്ടില്ലെന്നും, തന്നിമിത്തം താനെഴുതുന്നതു് കിളികൾ ചിലയ്ക്കു

ന്നതുപോലെ അവയുടെ സാരം മനസ്സിലാക്കാതെയാ ണെന്നും എങ്കിലും വിഷയമാഹാത്മ്യംകൊണ്ടു് അവ കിളിയുടെ ശബ്ദംപോലെ മധുരമായിത്തോന്നുമെന്നും വിനയത്താലും ഭക്തിയാലും പ്രേരിതനായി എഴുത്ത ച്ഛൻ കിളിപ്പാട്ടെന്നു നാമകരണംചെയ്തു എന്നും ഊഹി ക്കുകയാണുത്തമം.

മലയാളഭാഷയ്ക്കുവേണ്ടി എഴുത്തച്ഛൻ ചെയ്തിട്ടു ള്ള ഏററവും പ്രധാനമായ ഉപകാരം അദ്ദേഹത്തി ന്റെ കവിതകൾതന്നെയാണു്. ശങ്കരാചാര്യരുടെ കാ ലത്തിനുശേഷം ഇത്രമാത്രം അദ്ധ്യാത്മികതത്വങ്ങളെ വിതരണം ചെയ്തിട്ടുള്ള ഒരു കവി കേരളത്തിലുണ്ടായി ട്ടില്ല. സ്വയം ഒരു ഗുരുകുലപാഠശാല സ്ഥാപിക്കുന്ന തിനും, അനേകം ശിഷ്യന്മാരെ സമ്പാദിച്ചു്, കേരള ത്തിന്റെ നാനാഭാഗത്തും വിദ്യാപ്രചരണം ചെയ്യിക്കു ന്നതിനും എഴുത്തച്ഛനു സാധിച്ചിട്ടുണ്ടു്. ഈ വിഷയ ങ്ങളിലാണു് നമുക്കു് ആ പുണ്യശ്ലോകനോടുള്ള ആധ മർണ്ണ്യം.

---

# മൂകലോകം

പാശ്ചാത്യപരിഷ്കാരം പരമകാഷ്ഠയെ പ്രാപിച്ചിട്ടുള്ള ഒരു കാലമാണിതു്. ജീവിതസൗകര്യം വർദ്ധിപ്പിക്കുന്നതിനുതകത്തക്കവണ്ണം വിജ്ഞാനീയം (Science) വിപുലമാക്കിത്തീർക്കുന്നതിനു് പാശ്ചാത്യർ സാധിച്ചു. എന്നാൽ മനുഷ്യർക്കു് സുഖവും സമാധാനവും സുലഭമാക്കിത്തീർക്കുന്നതിനു പകരം അതു് ലോകം മുഴുവൻ നശിപ്പിക്കുന്നതിനുള്ള ഉപകരണമാക്കിത്തീർക്കുകയാണു് അവർ ചെയ്തിട്ടുള്ളതു്. ലോകമഹായുദ്ധം ഒരുവിധത്തിലവസാനിച്ചു. എന്നാൽ നശീകരണയന്ത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള തീവ്രയത്നം പല രാജ്യങ്ങളിലും പൂർവ്വാധികം തുടർന്നുകൊണ്ടുതന്നെയിരിക്കുന്നു. അധികം വിദൂരമല്ലാത്ത ഭാവിയിൽ ഇനിയും യുദ്ധമുണ്ടാകുമെന്നു് എല്ലാ രാജ്യക്കാരും വിശ്വസിക്കുകയും, അക്കാലത്തുപയോഗിക്കുന്നതിനു് സർവ്വസംഹാരിയായ ഒരു ശക്തിവിശേഷം കൈവശത്തിലാക്കിവയ്ക്കുന്നതിനുവേണ്ടി അഹമഹമികയാ പരിശ്രമിക്കുകയും ചെയ്തുവരുന്നു. അന്നുണ്ടാകുന്ന നാശത്തിൽനിന്നും രക്ഷപ്രാപിക്കുന്നതിനു് നേരത്തെ കുജഗോളത്തിലേയ്ക്കു് കുടിയേറിപ്പാർത്താൽ കൊള്ളാമെന്നു് അമേരിക്കക്കാർ ചിന്തിച്ചുവരുന്നു. ലോകോപദ്രവികളായ ജർമ്മൻകാരെ ആവാസയോഗ്യമായ അന്തരീക്ഷമില്ലാത്ത ചന്ദ്രഗോളത്തിലേയ്ക്കു നാടുകടത്തിയാൽ കൊള്ളാമെന്നു് റഷ്യക്കാർക്കു് ആഗ്രഹമുണ്ടു്. ലോകത്തിന്റെ നാലിലൊരുഭാഗം

മനുഷ്യക്കെന്നും ശേഷം ഇംഗ്ലീഷ് മനുഷ്യക്കെന്നും എഴുതിപതിക്കുന്നതിന് ബ്രിട്ടീഷുകാരും ആലോചിച്ചുവരുന്നു. ആകപ്പാടെ ലോകത്തിൽ അമർഷവും, അഹങ്കാരവും, മാത്സര്യവും, മുറവിളിയും നിറഞ്ഞു. യന്ത്രവിധാനത്തെ ആശ്രയിച്ചുള്ള മാനവസംസ്കാരത്തിന്റെ ശവക്കല്ലറ കുത്തിക്കഴിഞ്ഞു.

മനുഷ്യസംസ്കാരത്തിന്റെ മാനദണ്ഡം ഇനിയും ചില ആദ്ധ്യാത്മികതത്വങ്ങളും, അവയുടെ ബഹിർപ്രകടനങ്ങളായ കലകളും മാത്രമായി അവശേഷിക്കുന്നു. എന്നാൽ ഈ കലകൾതന്നെയും ക്ഷണികങ്ങളും നശ്വരങ്ങളുമാണെന്ന് ഒരു വാദം അടുത്തകാലത്ത് പുറപ്പെട്ടിട്ടുണ്ട്. മനുഷ്യസൃഷ്ടങ്ങളായ സകല വസ്തുക്കളും, മനുഷ്യനും, പ്രപഞ്ചവുംതന്നെ ശാശ്വതമല്ലെന്ന തത്വത്തിൽ മാത്രമേ ഈ വാദം സ്വീകാര്യമായിരിക്കയുള്ളു. എന്നാൽ അത്രമാത്രമല്ല ഈ വാദംകൊണ്ടു് തല്പരന്മാർ ഉദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമാണ്. കലകളിൽ ഉപയോഗിക്കുന്ന ഭൌതികപദാർത്ഥങ്ങൾക്കെല്ലാം ഒരുകാലത്ത് നാശമുണ്ടെന്നു നാം സമ്മതിക്കണം. അതുകൊണ്ടു് കല നശിക്കുന്നില്ല. എന്നാൽ അപ്രകാരമുള്ള വസ്തുക്കളുടെ സഹായം എത്രമാത്രം ദൂരത്തുപേക്ഷിക്കാമോ അത്രമാത്രം ഒരു കല ഉൽകൃഷ്ടമായി ഗണിക്കപ്പെടുകയും ചെയ്യും. ചിത്രകല, ശില്പവിദ്യ, സംഗീതം, സാഹിത്യം എന്നീ സുകുമാരകലകൾ ഉത്തരോത്തരം ശ്രേഷ്ഠങ്ങളാണ്. ശില്പത്തിന് നീളം, വീതി, ഘനം എന്നീ ത്രിമാനങ്ങളോടുകൂടിയ ഒരു പദാർത്ഥം ആവശ്യമാണ്. ചിത്രമെഴുത്തിന് നീളവും

വീതിയുമുള്ള, അഥവാ ദ്വിമാനമായ ഒരു ക്യാൻവാസിൻെറ ആവശ്യമേയുള്ളൂ. അതിനാൽ ചിത്രമെഴുത്തു് ശില്പവിദ്യയെക്കാൾ ഉപരിയായി ഗണിക്കപ്പെടുന്നു. സംഗീതത്തിനു് ഈ വക ഉപകരണങ്ങളൊന്നും ആവശ്യമില്ല. എന്നാൽ അവിടെയും മനുഷ്യൻെറയോ, യന്ത്രങ്ങളുടെയോ ശബ്ദം ആവശ്യമാണു്. സാഹിത്യത്തിനു് ഇവയൊന്നും വേണ്ട. അതിൽ നാം ഉപയോഗിക്കുന്ന അക്ഷരങ്ങൾ കേവലം ചില ചിഹ്നങ്ങളാണു്. ചിഹ്നങ്ങൾ ചില ആശയങ്ങളെ പ്രതിനിധീകരിക്കുന്നു. ഈ ആശയങ്ങൾ അനശ്വരമാണു്. ഈ ലോകത്തിൽ കാണുന്നതെല്ലാം മിത്ഥ്യയാണെന്നും അവയെല്ലാം അനശ്വരങ്ങളായ ചില ആശയങ്ങളുടെ ബാഹ്യപ്രകടനങ്ങളാണെന്നും ആ ആശയങ്ങൾ മാത്രമാണു് ശാശ്വതങ്ങളെന്നും പ്ളേറോഎന്ന തത്വശാസ്ത്രജ്ഞൻ വാദിക്കുന്നു. സാഹിത്യത്തിൻെറ അസ്ഥിവാരം ഈ ആദർശങ്ങളാകയാൽ അതു ശാശ്വതമാണെന്നു വിശ്വസിക്കാം.

കലകൾ നശ്വരങ്ങളാണെന്നു വാദിക്കുന്നവർ അവയിൽ ശ്രേഷ്ഠമായ സാഹിത്യം മാത്രമല്ല, സാഹിത്യത്തിനാധാരമായി നിൽക്കുന്ന വാക്കുകളും നശിച്ചുപോകുമെന്നുപറയുന്നു. ടെലിപ്പതിയുടെ സാദ്ധ്യതകൾ വർദ്ധിച്ചുവരുമ്പോൾ മനുഷ്യരുടെ വാക്കുകൾ തന്നെ ഉപയോഗശൂന്യമായിത്തീർന്നു് ക്ഷയിച്ചു് ക്ഷയിച്ചു് കാലക്രമത്തിൽ ഇല്ലാതായിത്തീരുമെന്നാണു് ഈ പ്രവാചകന്മാർ ദീർഘദർശനം ചെയ്യുന്നതു്. അന്നു ലോകം മൂകമായിത്തീരും.

ശബ്ദബഹുലമായ ഒരു ലോകത്തിൽ ഇരുന്നുകൊണ്ടു് ഭാവിയിലെ മൂകലോകത്തെപ്പററി ചിന്തിക്കുന്നതു് രസകരമാണു്. അന്നു് പണ്ഡിതന്മാൎക്കു് കോളേജുകളിൽപോയി കണ്ഠക്ഷോഭം ചെയ്യേണ്ട. തമിഴ്നാട്ടുകങ്ങളിലെ സംഗീതം കേൾക്കേണ്ട. ഏഷണിയും നുണയുംകൊണ്ടു് കാലക്ഷേപം ചെയ്യുന്നവർ നിമിത്തം ആൎക്കും ബുദ്ധിമുട്ടേണ്ട. വിമൎശകന്മാരുടെ മത്സരങ്ങളും വിരോധികളുടെ ദൂഷണങ്ങളും ശ്രദ്ധിക്കേണ്ട. പാഠ്യപുസ്തകം എഴുതേണ്ട, പഠിക്കേണ്ട, പഠിപ്പിക്കേണ്ട, പ്രസംഗിക്കേണ്ട പത്രങ്ങൾ വായിക്കേണ്ട, സ്തോത്രങ്ങൾ ഉരുവിടേണ്ട. അച്ചടിയന്ത്രവും കടലാസ്സും ചിത്രമെഴുത്തുകാൎക്കു് വിട്ടുകൊടുക്കാം. കൃത്യാന്തരങ്ങൾക്കു് ധാരാളം സമയം ലഭിക്കും. അതിൽ കുറെഭാഗം കൃഷിക്കുവേണ്ടി വിനിയോഗിച്ചാൽ അടുത്ത യുദ്ധകാലത്തു് ബ്ളാക്കു് മാൎക്കററിൽ പോകാതെയും റേഷൻ വാങ്ങാതെയും കഴിച്ചുകൂട്ടാം. മനുഷ്യൻെറ രസനേന്ദ്രിയം രുചിയറിയാൻ മാത്രം ഉപയുക്തമായി ഭവിക്കും. മാത്രമല്ല, മനുഷ്യരും മൃഗങ്ങളുമായിട്ടുള്ള അസമത്വം അസ്തമിച്ചു് സമാധാനം വൎദ്ധിക്കുകയുംചെയ്യും. ഭാഷയും ഉടുപ്പും ഒഴിച്ചു് മററുകാൎയ്യങ്ങളിലെല്ലാം മനുഷ്യൻ മൃഗീയത്വത്തിലേക്കു് ത്വരിതഗമനം ചെയ്തുവരികയാണു്. ആഹാരാദികളിലും വികാരങ്ങളിലും സ്വാൎത്ഥതല്പരതയിലും എന്നുവേണ്ട പലതിലും അവൻ മൃഗങ്ങളുമായി സമത്വം സ്ഥാപിച്ചിട്ടു് കാലം കുറച്ചുകഴിഞ്ഞു. ക്രൂരതയിൽ ഹിംസ്രജന്തുക്കൾ അനേകശതയുഗം കൊണ്ടും മനുഷ്യനെ സമീപിക്കുകയില്ല. ഒരു അണുക

ബോംബുണ്ടാക്കി ഒരു രാജ്യം മുഴുവൻ സംഹരിക്കുന്നതിന് ഒരു മൃഗത്തിനും ഒരിക്കലും സാധിക്കുകയില്ല. സ്വിഫ്റ്റു പണ്ടു് ഇംഗ്ലീഷുകാർ "ഭൂമിയുടെ ഉപരിഭാഗത്തിൽ ഇഴഞ്ഞു നടക്കുന്നതിനു് പ്രകൃതിഅനുവദിച്ചിട്ടുള്ള നാശകരങ്ങളായ ഇഴജന്തുക്കളിൽ ഏററവും ഭയങ്കരങ്ങളാ"ണെന്നുപറഞ്ഞിട്ടുണ്ടു്. അതിപ്പോൾ മനുഷ്യരെ മുഴുവൻ സംബന്ധിച്ചുപറഞ്ഞാലും തരക്കേടില്ലെന്നുള്ള മട്ടിലായി. "ചക്രാരപങ്ക്തിരിവ ഗച്ഛതി ഭാഗ്യപങ്ക്തി" എന്നല്ലെ ഭാസൻ പറയുന്നതു്. കാലം വളരെ നാൾകൊണ്ടു് മൃഗങ്ങളിൽനിന്നും സംസ്കരിച്ചുയർത്തിയ മനുഷ്യൻ മൃഗത്വത്തിലേക്കു വീഴുന്നതിൽ എന്താണത്ഭുതം!

അഥവാ ക്രാന്തദർശികളെന്നാഭിമാനിക്കുന്ന ഈ കവികളുടെ കഥനങ്ങളിലൊന്നും കഴമ്പില്ല. മഹാകവി കാളിദാസൻ "വാഗർത്ഥാവിവസംപ്രക്തൌ–വാഗർത്ഥപ്രതിപത്തയെ–ജഗതഃപിതരൌവന്ദെ–" എന്നെഴുതിയല്ലൊ. പാർവ്വതിയും പരമേശ്വരനുമായുള്ള ബന്ധം വാക്കും അർത്ഥവുംപോലെ നിത്യയോഗത്തോടുകൂടിയതാണെന്നു പറയുമ്പോൾ വാക്കിനും ഈശ്വരനെപ്പോലെ സനാതനത്വമുണ്ടെന്നല്ലേ നാം ഗ്രഹിക്കുന്നതു്? പാവപ്പെട്ട കാളിദാസൻ ടെലിപ്പതിയെപ്പററി സ്വപ്നംകാണുകപോലും ചെയ്തിട്ടില്ല, നിശ്ചയം. അല്ലെങ്കിൽ ഈശ്വരന്മാരുടെ കാര്യവും അടുത്തകാലത്തു് പരുങ്ങലിലായിത്തീരുമെന്നു് അദ്ദേഹം കണ്ടിരിക്കണം!

ഇങ്ങനെ, ടെലിപ്പതി വർദ്ധിച്ചുവരുമ്പോൾ മനുഷ്യൻെറ ചെവിയും അജഗളസ്തനം പോലെ ഉപയോഗശൂന്യമായിത്തീരും. അഥവാ അതിൽ ഖേദിക്കാനില്ല. സംഗീതവും സാഹിത്യവും നശിച്ചാൽ പിന്നെ ചെവിയെന്തിന്? ഭർത്തൃഹരി പറയുന്നുവല്ലോ,

"സംഗീതസാഹിത്യര[illegible]ന്ദ്രഭ്രത്യൈ:
ശ്രോത്രദ്വയം കല്പിതവാൻ വിധാതാ
ഏകേനഹീനഃ പുനരേകകർണ്ണോ
ദ്വാഭ്യാം വിഹീനോബധിര:സ ഏവ"

ഇനിയും "ടെലിപ്പതിയും" യന്ത്രംകൊണ്ടാണഭിവൃദ്ധിപ്പെടുന്നതെങ്കിൽ വേറെയുമുണ്ട് രസം. യന്ത്രങ്ങൾക്ക് പലപ്പോഴും കേടുവന്ന് അവകൊണ്ടു ചെയ്യുന്ന ജോലിനിന്നു പോകാറുണ്ട്. മോട്ടോർകാറിലും, ബോട്ടിലും യാത്രചെയ്തിട്ട് വഴിമദ്ധ്യേ പട്ടിണികിടക്കേണ്ടിവന്നിട്ടുള്ളതു് നമുക്ക പലക്കും അനുഭവപ്പെട്ടിട്ടുള്ള സംഗതിയാണ്. പട്ടണങ്ങളിൽ താമസിക്കുന്നവക്ക് പലപ്പോഴും കുളിക്കാനും കുടിക്കാനും കുഴൽവെള്ളം ലഭിക്കാതെ ബുദ്ധിമുട്ടുന്നതും നാം കണ്ടിട്ടുണ്ട്. വൈദ്യുതദീപം പെട്ടെന്നണഞ്ഞു് വെളിച്ചമില്ലാതെ ഇരുട്ടത്തതാഴമുണ്ണേണ്ടിവരുന്നതും അപൂർവ്വമല്ല. ഇതുപോലെ ടെലിപ്പതിയന്ത്രത്തിനും കേടുപററിയാൽ ലോകചക്രം നിഷ്പന്ദമായ് നിന്നനിലയ്ക്കുനിൽക്കുന്നതും നമുക്ക കാണാറാകും.

ഇങ്ങനെയെല്ലാം പല നവീനതകളും ആ മൂകലോകത്തു കണ്ടുരസിക്കാൻ സൌകര്യമുണ്ടെങ്കിലും മനു

ഷ്യജന്മം ലഭിച്ചിട്ടുള്ളവർക്കാർക്കും ആ സ്ഥലം ആവാസയോഗ്യമല്ല. ഭാഷയും സാഹിത്യവും നശിപ്പിക്കത്തക്ക വിധത്തിൽ ആരെങ്കിലും ടെലിപ്പതി അഭിവൃദ്ധിപ്പെടുത്തിയാൽ അവർ അനേകജനങ്ങളെ ആബാലവൃദ്ധം നശിപ്പിക്കാൻ അണുബോംബ് കണ്ടുപിടിച്ചവരെക്കാൾ മഹാപാപികളായിത്തീരും.

ഇദമന്ധം [illegible]ൽകൃത്സ്നം
ജായതെ ഭുവനത്രയം
യദിശബ്ദാഹ്വയം ജ്യോതി-
രാസംസാരം നദീപ്യതേ.

KOTTAYAM PUBLIC LIBRARY
KOTTAYAM.
Cl. No. ML P.S. ........ Acc. No. 80988
This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

ML 80988

Pad. S

പത്മനാഭനമ്പി ദേവി

സാവിത്രിനാടകം